Registered No. M-4485 Madras War Review, Malayalam—25-5-1945

UNIVERSITY LIBRARY 10 FEB 1946 MADRAS

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 മേയി 25-ാംനു, വെള്ളിയാഴ്ച [ലക്കം 36




## ഇന്ത്യ-ഐക്യരാഷ്ട്രങ്ങളുടെ പ്രധാന ആയുധപ്പുര

ജപ്പാന്നെതിരായുള്ള നമ്മുടെ സമരതന്ത്രം, അന്ത്യവിജയം വരേയും ഭീമമായ പ്രഹരങ്ങൾ, ജപ്പാന്നു നൽകുകയെന്നതാണ്.

യുണൈറ്റഡ് സ്റ്റേറ്റ്സ്, ബ്രിട്ടീഷ് സാമ്രാജ്യം, ഫ്രാൻസ്, നീതർലാണ്ടുകൾ നമ്മുടെ മറ്റു സഖ്യശക്തികൾ, ഇവയെയെല്ലാം ചൈനീസ് ശക്തികളൊന്നിച്ചു ജപ്പാന്നെതിരായി ഇപ്പോൾ ഉപയോഗിക്കാം. ഐക്യരാഷ്ട്രങ്ങളുടെ പ്രധാന ആയുധപ്പുരയാണ് ഇന്ത്യ.

—പ്രസിഡെണ്ടു് ട്രൂമാൻ, 1945 മേയി 22-ാംനു

# അവസാനംവരേയും സമരം

"ജർമ്മനിയ്ക്കു കിട്ടിയതിലും കൂടുതൽ ബോമ്പുവർഷം ജപ്പാന്നു കിട്ടുന്നതാണ്. അവസാനം വരേയും സമരം തുടർന്നു തന്നെ പോകും."

—ജനറൽ ഹെയ്‌വുഡ് ഹാൻസൽ, മെയി 15-ാംനു ന്യൂയോർക്കിൽവെച്ചു ചെയ്ത പ്രസംഗത്തിൽ.

"ശത്രുവെ ആകാശത്തിൽനിന്നാക്രമിച്ചു അവൻെറ ശക്തി ക്ഷയിപ്പിച്ചു, കരസൈന്യത്തിന്നു ആക്രമിക്കാൻ സൗകര്യപ്പെടുത്തുകയാണ് ഞങ്ങളുടെ അടിസ്ഥാനതന്ത്രം."

—ജനറൽ ഡൂലിററിൽ, 1945 മേയി 11-ാംനു ലണ്ടനിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ.

## അവക്കിപ്പോൾ ബോദ്ധ്യമായിത്തുടങ്ങി

"യുദ്ധം ആരംഭിക്കുന്നേ ഉള്ളുവെന്നു എല്ലാ ജപ്പാൻകാർക്കും ഇപ്പോൾ ബോദ്ധ്യമായിവരുന്നു. ടോക്കിയോ തകർന്നുകഴിഞ്ഞു. നഗോയയും തഥൈവ. ജപ്പാൻ ഇപ്പോൾ മുഴുവൻ ശക്തിയും ഉപയോഗിച്ചു പൊരുതണം."

—ടോക്കിയൊ റേഡിയൊ, 1945 മേയി 18-ാംനു.

"ശുഭപ്രതീക്ഷക്കൊന്നും ഇടമില്ല. ഒക്കിനാവയിലെ സമരം വളരെ ഗൌരവകരമായ നിലയിൽ പ്രവേശിക്കുന്നു."

—ടോക്കിയോ റേഡിയൊ.

## യൂറോപ്പിൽനിന്നു വിദൂരപൌരസ്ത്യദേശത്തിലേക്ക്

"യൂറോപ്പിൽ വിജയദിനത്തിലുണ്ടായിരുന്ന 3,500,000 അമേരിക്കൻ സേനകളിൽ 400,000 യൂറോപ്പിൽതന്നെ നിൽക്കും. ബാക്കി പാസഫിക്കിലേക്ക് നീക്കപ്പെടും."

—ജനറൽ സോമർവെൽ.

## ബാക്കിയുള്ള ഒരൊററ പ്രശ്നം

ജപ്പാന്നു മേലിൽ വിജയിക്കാൻ സാദ്ധ്യമല്ലതന്നെ. ജപ്പാനെ മുട്ടുകുത്തിക്കുന്നതിന്നു എത്രനാൾ വേണ്ടിവരുമെന്നുള്ളതാണ് പ്രശ്നം. യൂറോപ്യൻ യുദ്ധത്തിൻെറ പര്യവസാനം ഈ കാലഘട്ടത്തെ ചുരുക്കിയിട്ടുണ്ട്. എത്രമാത്രം ചുരുക്കിയിട്ടുണ്ടെന്നു പലക്കും ഊഹിക്കാൻ കഴിഞ്ഞിട്ടില്ല.

—മി. എസ്സ്. ബ്രൂസ്സ്, ആസ്ത്രേലിയൻ ഹൈക്കമീഷണർ, ലണ്ടനിൽനിന്നുള്ള ഒരു പ്രക്ഷേപണത്തിൽ.

യൂറോപ്പിലെ യുദ്ധം കൃത്യസമയത്ത്, യോജിച്ച പ്രവർത്തനംമൂലം അവസാനിച്ചു. അതേമാതിരിയുള്ള കൂട്ടപ്രവർത്തനത്താൽ, സ്വതവെ ജപ്പാൻ ക്ഷീണിച്ചു കഴിഞ്ഞ ഈ അവസരത്തിൽ വിജയം നേടാം.

---

## ഞങ്ങളുടെ തപാൽപ്പെട്ടി

സർ,

സമകാലികസമുദായസ്വഭാവത്തെ തന്മയത്വത്തോടുകൂടി ചിത്രീകരിക്കയാണ് ഒരു സാഹിത്യകാരൻെറ മുഖ്യധർമ്മം. സമരമേഖലയിൽ തന്നെ ജീവിക്കുന്ന ഒരു ജനാവലിക്കു സമാധാനകാലസംഗീതങ്ങൾ മാത്രം പ്രയേണ അരോചകങ്ങളായാണു ഭവിയ്ക്കാറ്. പട്ടിണികൊണ്ടും മററും നരകയാതനയനുഭവിക്കുന്ന ചിലരെ നോക്കി സമൃദ്ധിയുടെ സംഗീതം പാടുന്നവൻെറ തലയ്ക്കുള്ളിൽ സാരമായ കേടുണ്ടെന്നാണ് സാധാരണ ജനങ്ങൾ സന്ദേഹിക്കുക. റൂസ്സോവും, വാൾട്ടയറും ഫ്രഞ്ചുവിപ്ലവത്തിന്നു ബീജാവാപം ചെയ്തവരാണ്. റൂസ്സോവിൻെറ 'സോഷ്യൽകോൺക്ട്രാക്ട്തിയറി' യും വാൾട്ടയറിൻെറ 'ദി ഇൻ ഫേമസും' അവരോടൊപ്പം അഗ്നിക്കിരയാകുമായിരുന്നു അവ കാലാനുസൃതമല്ലായിരുന്നുവെങ്കിൽ. താളത്തിനൊപ്പം ഗീതം പാടാനറിയാത്തവനെ സദസ്യർ കൂക്കിവിളിക്കും. പ്രണയലേഖനങ്ങളും അനുരാഗകഥകളും മാത്രം പരിസരാനുയോജ്യമല്ലാതെ പുറത്തുവന്നാൽ അവ ക്രമേണ അവഹേളനാസ്പദങ്ങളാകുമെന്നതു നിസ്തർക്കമാണ്.

അനുസ്യൂതമായ പ്രചരണവേലമൂലം അബദ്ധവും അചിരേണ സുബദ്ധത്തിൻെറ മൂടുപടമണിഞ്ഞു പ്രത്യക്ഷപ്പെടാറുണ്ട്. അതു നിരോധിക്കുവാൻ ഒരു പോംവഴി മാത്രമാണുള്ളത്. അനൌചിത്യമേറിയ അഭിപ്രായങ്ങൾക്കു പത്രപംക്തി അനുവദിക്കാതിരിക്കുക.

—സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി. എ.

## സമരസാഹിത്യം

കുറച്ചുകാലമായി യുദ്ധസഞ്ചികയിലും ചില സാഹിത്യ കസർത്തുകൾ സ്ഥലം പിടിയ്ക്കാൻ തുടങ്ങിയിട്ട്. വാശിയും വാഗ്മിത്വ (വാഗ്വാദിത്തമെന്നല്ലെ കൂടുതൽ യോജിപ്പ്?) വും കാണിച്ചുകൊണ്ടു പലരും വിവാദത്തിന്നു വെല്ലുവിളിക്കുവാനും തുടങ്ങിക്കഴിഞ്ഞു. ആരേയും ആക്ഷേപിക്കുകയല്ല ഈ ലേഖനത്തിൻെറ ലക്ഷ്യം. പ്രത്യുത, കൂടുതൽ സംഗതികൾ മനസ്സിലാക്കുകയാണ്.

'സമരസാഹിത്യം' എന്നൊരു പുതിയ പേരുമായി ആദ്യം യുദ്ധസഞ്ചികയിൽ ഒരു ലേഖകൻ രംഗപ്രവേശം ചെയ്തു. അദ്ദേഹം സമരസാഹിത്യത്തിന്നു ചില നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും നൽകുകയും കേരളീയ സാഹിത്യത്തിലും അതിൻെറ വികസനത്തിൻെറ ആവശ്യകതയെപ്പററി സമർത്ഥതയോടെ സമർത്ഥിക്കുകയും ചെയ്തു. അതിനെ തുടർന്നു യുദ്ധസഞ്ചികയിലെ പല മുഖ്യലേഖകന്മാരും സമരസാഹിത്യത്തെപ്പററിയും, ഫാസിസ്റ്റു വിരോധസാഹിത്യത്തെപ്പററിയും താന്താങ്ങൾക്കുള്ള അഭിപ്രായങ്ങളും ആക്ഷേപങ്ങളും പ്രഖ്യാപിക്കുവാനും തുടങ്ങി. യുദ്ധസഞ്ചികയുടെ കോളങ്ങളിൽനിന്നു മാത്രമല്ലാതെ, സമരസാഹിത്യത്തെപ്പററി യാതൊന്നും അറിവാൻ സാധിക്കാത്ത എന്നെപ്പോലുള്ള ഒരാൾ അവയെപ്പററി വിമർശിക്കുവാൻ ഒരുമ്പെട്ടാൽ അതു വെറും സാഹസമൊ അല്പവൃദ്ധിയൊ ആകാനേ തരമുള്ളു. മാത്രമല്ല, എൻെറ ഉദ്ദേശം ഇതൊട്ടല്ല താനും.

എന്താണ് സമരസാഹിത്യമെന്നുവെച്ചാൽ? പലരും എഴുതിയെങ്കിലും, ഇനിയും അതു വ്യാഖ്യാനിക്കാതെ തരമില്ല. "സമരദശയിലൂടെ സംക്രമിക്കുന്ന സമുദായത്തിൻെറ ചരിത്രമാണ് അതെന്ന്" ആ ആശയഗതിയുടെ അവതാരകനായ ശ്രീ എം. ഗോവിന്ദൻ നമുക്കു പറഞ്ഞുതരുന്നു. അദ്ദേഹത്തിൻെറ നിർവ്വചനത്തിൽ നിലീനമായ അർത്ഥം വളരെ വിപുലമായിരിക്കാം. പക്ഷെ അതിനെപ്പററി കൂലംകഷമായുള്ള ഒരു വിശദീകരണത്തിൻെറ അഭാവത്തിൽ, ആ നിർവ്വചനത്തിൽ കൂടുതലായൊന്നുംതന്നെ മനസ്സിലാക്കാൻ സാധിക്കുന്നില്ല. യൂറോപ്പിലെ സമരസാഹിത്യത്തെപ്പററി അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. അവയെപ്പററി സാധാരണ വായനക്കാർക്കു—എന്തിനു മലയാളത്തിലെ സാഹിത്യകാരന്മാർക്കുകൂടി—വളരെയൊന്നും അറിഞ്ഞുകൂടാ എന്നു പറയുമ്പോൾ, അതിൽ വളരെ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

ഈ പരിതസ്ഥിതിയിൽ, ലേഖകന്മാർ തമ്മിൽ വിവാദത്തിന്നു തുടരുന്നതു എപ്പോഴും അസ്ഥാനത്തിലാകാറാണ് അധികം വഴി. ആനയെക്കാണാൻ പോയ കുരുടന്മാരെപ്പോലെ അതുമിതും പറഞ്ഞു തങ്ങളുടെ വചോവിലാസത്തെ പരസ്യം ചെയ്യാതെ, കാര്യങ്ങൾ എഴുതിയാൽ അതു വായനക്കാർക്കും എഴുത്തുകാർക്കും പൊതുവിൽ ഗുണകരമാണ്. ചുരുക്കിപ്പറഞ്ഞാൽ, എന്താണ് സമരസാഹിത്യം, അതിൻെറ പ്രത്യേക സ്വഭാവമെന്താണ്, അതിൻെറ ആവശ്യകതയെന്തു, തൽപ്രേരകങ്ങളായ പരിതസ്ഥിതികളും സംഭവവികാസങ്ങളും ഏവ? ഇതൊക്കെ യുദ്ധസഞ്ചികയിലെ ഏതെങ്കിലും ലേഖകന്മാർ എഴുതുന്നതു നന്നായിരിക്കും. പത്രാധിപരും ലേഖകന്മാരും ഈ അപേക്ഷയെ അംഗീകരിക്കുമെന്നു പ്രതീക്ഷിയ്ക്കട്ടെയോ?

—കെ. കെ. ജാനകി അമ്മ.

## കഥാകൃത്തുക്കളോട്

ഇന്നു 'യുദ്ധസഞ്ചിക', സമരസാഹിത്യത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം ആർജ്ജിച്ചുകഴിഞ്ഞിരിക്കുന്നു എന്നു സമ്മതിക്കുന്നതിന്നു പുറമെ, നമ്മുടെ വീരയോദ്ധാക്കളെ ഇടക്കിടെ, മാതൃഭാഷ മുഖേന, കിളികൊഞ്ചലുകളാൽ താലോലിച്ചു തുള്ളിച്ചുവരുന്ന ഈ ആഴ്ചപ്പതിപ്പു ക്രമപ്രവൃദ്ധമായ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടേയിരിക്കുന്നു എന്നു സാഭിമാനം തൃപ്തിപ്പെടാനും മടിക്കുന്നില്ല. അതേ, ഒരു ആഴ്ചപ്പതിപ്പിന്നുവേണ്ട സകല യോഗ്യതകളും (തൽഭാരവാഹികളുടെ അക്ഷീണപരിശ്രമത്താൽ) അതിന്നു ഏതാണ്ടു സ്വായത്തമായിട്ടുണ്ട്.

സഞ്ചികയിൽ പ്രസിദ്ധം ചെയ്യുന്ന ചെറുകഥകളെകുറിച്ചും തൽകർത്താക്കളെകുറിച്ചും ആദ്യമായിട്ടുള്ള ഒരു ഗുണദോഷവിചാരണം അല്ല, ഇതു എന്ന് ഇത്തരുണത്തിൽ ഞാൻ അല്പം സംഭ്രമത്തോടുകൂടെതന്നെ സ്മരിക്കുന്നു. ഇതിൽ കണ്ടുവരുന്ന കഥകളിൽ സിംഹഭാഗവും കേവലം അനുകരണമാണെന്ന് പ്രസ്താവിക്കുന്നതുതന്നെ—ഇതിലെ ചെറുകഥകൾപോലെ—ഒരു ചർവ്വിതചർവ്വണമാണ്. കഥാനായകനും നായികയും ഇതിവൃത്തവും എല്ലാം വിഭിന്നമല്ല എന്നു സൂക്ഷ്മനിരീക്ഷകനായ ഏതൊരാൾക്കും മനസ്സിലാക്കുവാൻ ഒട്ടും പ്രയാസമില്ലതന്നെ. ഇങ്ങനെയുള്ള കേവലം അപഹാസ്യമായ അനുകരണങ്ങൾക്കു, അല്ല—വെറും പകർപ്പുകൾക്കു എന്താണു രസികത്വം? സഞ്ചികയുടെ 16 (ഫെബ്രുവരി 16-ലെ എന്നു തോന്നുന്നു), 33 ഈ ലക്കങ്ങളിലെ കഥകൾ തമ്മിൽ ഒന്നു താരതമ്യപ്പെടുത്തി നോക്കുക. ഈ പരമാർത്ഥം അവിടെ സ്പഷ്ടമാകും. പദാനുപദമായി അതു ഉദ്ധരിച്ചു കാട്ടാനുദ്ദേശിക്കുന്നില്ല. പ്രത്യുത ആശയവും, വാചകങ്ങൾ പോലും പൂർവ്വകഥയുടെ ഒരു പകർപ്പാണെന്നു കാണുന്നെന്നുമാത്രം സലജ്ജം പ്രസ്താവിച്ചുകൊള്ളട്ടെ. നായികാനായകന്മാരുടെ പേരും കഥയുടെ അവതരണവും തെല്ലൊന്നു ഭേദപ്പെടുത്തിയതിൽ അനല്പമായ ചാരിതാർത്ഥ്യമുണ്ട്!

അതുപോകട്ടെ; പ്രാരംഭത്തിൽ പ്രത്യക്ഷപ്പെടുത്തുന്ന നായികയെ പാടെ ഒന്നു വ്യത്യസ്ഥപ്പെടുത്തി, യാതോരു ബന്ധവുമില്ലാതെ, അവസാനം പുതിയ പേരോടുകൂടിയ ഒരു നായികയെ രംഗപ്രവേശം ചെയ്യിച്ചു വായനക്കാരുടെ മസ്തിഷ്കത്തെ ഇളക്കി മറിക്കുന്നതും അത്ര അസാധാരണമല്ല. എന്തു മറിമായം!! എല്ലാം വായനക്കാരുടെ ചിന്തയ്ക്കു വിടുന്നതായിരിക്കാം? അഥവാ, ഇരുപതാം നൂററാണ്ടിൻെറ ഒരു സ്വാഭാവികതയാണ് ഈ രൂപാന്തരം എന്നുള്ള തത്വചിന്തയിൽ സമാധാനപ്പെട്ടുകൊള്ളണമെന്നായിരിക്കാം ഇവരുടെ ആദർശം!!! ഏതായിരുന്നാലും അനുകരണത്തിന്നും ഒരു അതിരുവേണ്ടേ?

എന്നു, നിങ്ങളുടെ ഒരു വിനീത വായനക്കാരൻ,

വിജയൻ, ജബൽപൂര്.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 മേയി 25-ാംനു, വെള്ളിയാഴ്ച


## ബർമ്മാസമരം

യൂറോപ്യൻ വിജയത്തിൽ ഉല്ലസിയ്ക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്ന നമുക്കു പൌരസ്ത്യ സമരമുഖത്തേയ്ക്കു ഒന്നു കണ്ണോടിക്കുക—പ്രത്യേകിച്ചും നമ്മുടെ തൊട്ടു അടുത്തു സ്ഥിതി ചെയ്യുന്ന ബർമ്മരംഗത്തിലേയ്ക്കു്.

ഇയ്യിടെ ബർമ്മരംഗത്തിൽ നമുക്കു കരഗതമായ വിജയം ചെറുതൊന്നുമല്ല. വിജയത്തിൻെറ കോലാഹലങ്ങളിലും കൊട്ടിഘോഷിക്കലുകളിലും പലരും ഈ വാസ്തവം തികച്ചും മനസ്സിലാക്കിയിട്ടുണ്ടാവില്ല. ബർമ്മാസമരത്തെപ്പററി ലൂയി മൌണ്ടുബാററൻപ്രഭു വിശദീകരിക്കയുണ്ടായി. 34,700 ജാപ്പുകൾ ഈ സമരത്തിൽ അംഗഭംഗം വന്നോ മുറിവേൽക്കപ്പെട്ടോ നശിച്ചിരിക്കുന്നു.

ബർമ്മയുടെ വിമോചനത്തിൽ വിശേഷിച്ചും ഇന്ത്യക്കാർക്കു ആഹ്ലാദിക്കാനുള്ള വഴിയുണ്ടു്. ബർമ്മയിൽനിന്നു ജാപ്പുകളെ ആട്ടിത്തുരത്തിപ്പായിക്കുന്നതു ഇന്ത്യക്കാരാണു്. ഇന്ത്യക്കാരുടെ വീര്യപരാക്രമങ്ങളെപ്പററി മുഴുവനും വ്യക്തമായിട്ടില്ലെങ്കിലും, അവരുടെ രണവൈദഗ്ദ്ധ്യം ഇതിനിടെ തികച്ചും സുപ്രസിദ്ധമായിത്തീർന്നിട്ടുണ്ടു്. കൊഹിമ മുതൽ റംഗൂൺ വരെ മഞ്ഞും മഴയും സഹിച്ചു കാടും മേടും കയറി, ഭാരതീയ ഭടന്മാർ വിശ്രമിക്കാതെ ജൈത്രയാത്ര തുടർന്നു.

എന്നാൽ ബർമ്മയിൽ ചിന്നിച്ചിതറപ്പെട്ട ശത്രുവ്യൂഹങ്ങൾ ഇനിയും അവശേഷിച്ചു കിടക്കുന്നു. അവയെക്കൂടെ അകററണം. അതിനുള്ള സംരംഭങ്ങളാണു് ഇപ്പോൾ നടന്നുവരുന്നതു്. മറെറാരു ശത്രുവുംകൂടി നമ്മുടെ ഇടയിൽ ചാടിവീണിട്ടുണ്ടു്—മഴക്കാലം. മഴക്കാലം കൃഷിക്കു അത്യാവശ്യമാണു്; പക്ഷെ സൈനിക സാരംഭങ്ങൾക്കു അതു് വിഘ്നമാണുണ്ടാക്കുക. എന്നാൽ ഈ അവസരം പാഴാക്കുകയില്ല. അടുത്ത സംരംഭത്തിനു വേണ്ട പ്രാരംഭകൃത്യങ്ങൾ ഇതിന്നിടെ ചെയ്യുതീർക്കും.

ബർമ്മ യുദ്ധത്തിൽ പല പുതിയ പ്രായോഗികങ്ങളായ യുദ്ധമുറകളും രീതികളും പ്രചരിപ്പിക്കേണ്ടിവന്നു. സഖ്യരാഷ്ട്രങ്ങൾ ഈ സമരത്തിൽ കാണിച്ച സഹകരണമനോഭാവവും, ആകാശമാർഗ്ഗമായുള്ള സാമാനവിതരണവും ഈ യുദ്ധത്തിലെ അത്ഭുതങ്ങളിലും പുതുമകളിലും ഉൾപ്പെട്ടവയാണു്. 14-ാം പടക്കു വേണ്ട ഒട്ടുമുക്കാലും സപ്പൈകൾ വിമാനങ്ങൾ മൂലമായിട്ടായിരുന്നു. ഒക്ടോബറിന്നുശേഷം 350,000 ടൺ സാമാനങ്ങൾ ഈ വിധം നൽകിയിട്ടുണ്ടത്രെ. കഴിഞ്ഞ മാസത്തിൽ മാത്രം 77,000 ടണ്ണും. മലമ്പനി പുതിയ വിധങ്ങളിൽ തടയപ്പെട്ടു.

ഇററലിയിലേയും, ബർമ്മയിലേയും സമരങ്ങൾക്കു അല്പം സാമ്യമുണ്ടു്. ബർമ്മയിലെ സേനയും പല രാജ്യക്കാരും ജാതിക്കാരുമാണു് ഇന്ത്യക്കാർ, അമേരിക്കക്കാർ, ബ്രിട്ടീഷുകാർ, ചൈനക്കാർ, നേപ്പാളികൾ, ആഫ്രിക്കക്കാർ, ബർമ്മക്കാർ ഇങ്ങിനെ ഭൂഗോളത്തിൻെറ മുഖവശത്തുനിന്നും വരുന്ന ആളുകൾ ഇതിലുൾപ്പെടുന്നുണ്ടു്. എന്നാൽ ഇവരെല്ലാം യുദ്ധരംഗത്തിൽ കാണിച്ച സഹകരണബോധവും സഹനീയും വിസ്മയാവഹമാണു്. ഐകമത്യത്തിലൂടെ വിജയം, എന്നതാണു് ഇവരുടെ മുദ്രാവാക്യം.

ബർമ്മയിൽ ജാപ്പുകൾ പരാജിതരായി. റംഗൂൺ നാം മടക്കിപ്പിടിച്ചു. അങ്ങിനെ വിജയത്തിൽനിന്നു വിജയത്തിലേക്കു നമുക്കു മുന്നോട്ടു പോകുക.

അവസാനം, ജാപ്പാൻെറ പരിപൂർണ്ണമായ പരാജയം വരുമ്പോൾ നമുക്കും ഇന്നത്തേക്കാൾ കെങ്കേമമായി വിജയാഘോഷം കൊണ്ടാടണം. അതിന്നു ഇന്നു കൂടുതൽ ഉഗ്രമായി പൊരുതുകതന്നെ വേണം.

---

ഫാസിസ്റ്റു വിരോധികൾ എപ്പോഴും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കേണ്ടതാണു് അവരുടെ കൃത്യങ്ങൾ

# ബ്രിട്ടീഷ് ജനാധിപത്യം

(എൻ. ദാമോദരൻ)

ചിരപ്രതീക്ഷിതമായ ഫാസിസ്റ്റ് ജർമ്മനിയുടെ പട്ടാളപരമായ പരാജയം സംഭവിച്ചുകഴിഞ്ഞു. ലോകത്തെ ഒരു മനുഷ്യ കശാപ്പുശാലയാക്കി മാററിയ ആ ഭയങ്കര സത്വത്തെപ്പററി പല ഊഹാപോഹങ്ങളും നടന്നുവരുന്നുണ്ടെങ്കിലും നമുക്കു തീർച്ചപ്പെടുത്താം ആ സത്വത്തിൻെറ എല്ലാ കുരുട്ടുവിദ്യകളെയും നാം അതിജീവിച്ചു എന്നു്. എന്നാൽ നമുക്കു എനിയും പല വിഷമതകളെയും തരണം ചെയ്യേണ്ടതായിട്ടുണ്ടു്. ഈ അവസരത്തിൽ ഇന്നത്തെ ഈ മഹത്തായ വിജയത്തിൽ ബ്രിട്ടൻ എന്തൊരു ഊർജ്ജസ്വലമായ പങ്കാണു് വഹിച്ചതെന്നു് ചരിത്രത്തിലേക്കു് ഒന്നു് കണ്ണോടിക്കുന്നതു് സന്ദർഭോചിതമായിരിക്കും.

1939 സപ്തംബർ മാസത്തിൽ ബ്രിട്ടൻ, നാസി ജർമ്മനിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. അതു വാസ്തവത്തിൽ ഏററവും വൈകിയ അവസരത്തിലായിരുന്നു. കഴിഞ്ഞ ലോകമഹായുദ്ധത്തിന്നുശേഷം ലോകത്തിൽ രണ്ടു് വ്യത്യസ്ഥ ആശയങ്ങൾ ഉത്ഭൂതമായി. പഴകിജീർണ്ണിച്ച ഒരു സാമുദായിക ക്രമത്തെ നിലനിർത്തുന്നതിന്നുവേണ്ടി അത്രയും കാലം പല വേഷങ്ങളും അറിയപ്പെട്ടിരുന്ന മുസ്സോലിനിയുടെ നേതൃത്വത്തിൽ ഫാസിസം ഇററലിയിൽ അധികാരത്തിൽ വന്നു. ശരിക്കു പറഞ്ഞാൽ ഫാസിസത്തിൻെറ ജനയിതാവും, ഫാസിസത്തിന്നു് രാഷ്ട്രീയാധികാരം സമ്പാദിച്ചുകൊടുത്തതും മുസ്സോലിനിയാണു്. അതിന്നുശേഷം 1933ൽ നാസികക്ഷി ഹെർ ഹിററ്ലരുടെ നേതൃത്വത്തിൽ ജർമ്മനിയിൽ അധികാരം സ്ഥാപിച്ചു. ഈ രണ്ടു രാഷ്ട്രങ്ങളുടെ ചൊല്ലിയാട്ടം ലോകത്തിലെ ബഹുജനങ്ങളെയും സമാധാനകാംക്ഷികളായ രാഷ്ട്രങ്ങളെയും ഭീഷണിപ്പെടുത്താൻ തുടങ്ങി. അതേ അവസരത്തിൽ പുതുമയുടെ പൊൻരശ്മികളുമായി, 19.7 ലെ റഷ്യൻ വിപ്ലവത്തിൻെറ ഫലമായി ലോകത്തിലെ മർദ്ദിതജനതക്കും സാമാധാനകാംക്ഷികളായ രാഷ്ട്രങ്ങൾക്കും ഉശിരും ആവേശവും കൊടുത്തുകൊണ്ടു സോവിയററ് റഷ്യയും വളർന്നുവന്നു ഈ രണ്ടു വ്യത്യസ്ഥ ശക്തികളും രണ്ടു വ്യത്യസ്ഥ താല്പര്യങ്ങളെയാണു പ്രതിനിധീകരിക്കുന്നതെന്നും അവ തമ്മിൽ ഒരേററുമുട്ടൽ അനിവാര്യമായി തീരുമെന്നും പലരും ഊഹിച്ചിരുന്നു. ലോകത്തിലെ പിൻതിരിപ്പൻ രാഷ്ട്രങ്ങൾ സോവിയററ് യൂനിയന്നെതിരായ നാസി ജർമ്മനിയെ ഒരുപകരണമാക്കുന്നതിന്നു പ്രയത്നിക്കുകയും ജർമ്മനിയുടെ വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്തു.

ഫാസിസ്റ്റ് സമ്പ്രദായത്തിന്നു പട്ടാള സജ്ജീകരണം ഒഴിച്ചുകൂടാൻ വയ്യ. ഒരു വമ്പിച്ച പട്ടാളവും, അതിന്നുള്ള ആയുധനിർമ്മാണവും യുദ്ധത്തെ ത്വരിതപ്പെടുത്തുമെന്നുള്ളതു് തീർച്ചയാണു്. ജർമ്മനിയുടെ വമ്പിച്ച പട്ടാളം ചെറു ചെറു രാഷ്ട്രങ്ങളെ പിടിച്ചടക്കി അങ്ങിനെ ലോകമേധാവിത്വം സ്ഥാപിക്കുന്നതിന്നു വെമ്പിതുടങ്ങി. ഫാസിസ്റ്റ് ഇററലി അബ്സീനിയ കയ്യേറപ്പെടുത്തി. ഫ്രാങ്കൊ, സ്പെയിനിലെ ജനകീയ ഗവർമ്മേണ്ടിനെ തട്ടിത്തകർത്തു അധികാരത്തിൽ വന്നു. റൈൻലണ്ട്, ആസ്ത്രിയ, ചെക്കോസ്ലാവാക്യ തുടങ്ങിയ പ്രദേശങ്ങൾ ജർമ്മനിക്കധീനമായി. ഫാസിസത്തിൻെറ ഈ ഇരച്ചുകയററം ലോകത്തെ സ്തംഭിപ്പിച്ചു. ബ്രിട്ടനോടും ഫ്രാൻസിനോടും ഈ ആക്രമത്തിന്നെതിരായി ആയുധമെടുക്കാൻ ലോകത്തിലെ ജനകീയ ശക്തികൾ ഒരേസ്വരത്തിൽ ആവശ്യപ്പെട്ടുതുടങ്ങി. ബ്രിട്ടനും, ഫ്രാൻസും ഈ അക്രമത്തിന്നെതിരായി ആയുധമെടുക്കുന്നപക്ഷം തങ്ങളും പട്ടാളസഹായം ചെയ്യാമെന്നു സോവിയററ് റഷ്യ അറിയിച്ചു. പക്ഷെ, മേൽപറഞ്ഞ പ്രജാധിപത്യ രാഷ്ട്രങ്ങൾ തമ്മിലുള്ള ഐക്യം സ്ഥാപിക്കുന്നതിന്നു വീണ്ടും വിഷമങ്ങളുണ്ടായി. ഫാസിസത്തെ ചില സൌജന്യങ്ങൾ നൽകി തൃപ്തിപ്പെടുത്താനും ആദ്യമൊക്കെ ചിലർ യത്നിച്ചുനോക്കി. പക്ഷെ, ഫാസിസത്തെ തൃപ്തിപ്പെടുത്തുക സാദ്ധ്യമല്ലെന്നു മനസ്സിലായി. ബ്രിട്ടനിലെയും, ലോകത്തിലെയും ജനാധിപത്യ ശക്തികൾ ഈ അപ്പ്ഫാസിസ്റ്റ് നയത്തിന്നെതിരായി ശക്തിയായ പ്രക്ഷോഭങ്ങൾ നടത്തി. തൽഫലമായി ജനകീയ ശക്തികളുടെ പ്രേരണ നിമിത്തം ജർമ്മനിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു.

ബ്രിട്ടൻെറ യുദ്ധപ്രഖ്യാപനം പൊളണ്ടിൽനിന്നു് ജർമ്മനിയെ പിൻവലിപ്പിക്കുന്നതിന്നു പ്രേരകമായിത്തീരുമെന്ന വിശ്വാസം വിഫലമായി; ഫാസിസ്റ്റ് ഭൂർഭൂതം യൂറോപ്യൻ രാഷ്ട്രങ്ങളെ ഓരോന്നോരോന്നായി വിഴുങ്ങിത്തുടങ്ങി. ബ്രിട്ടനിൽ മന്ത്രിസഭ മാററംവന്നു. ചേമ്പർലെയിൻ രാജിവെച്ചു.

ഹിററ്ലർ വിരോധിയായ ചർച്ചിൽ അധികാരത്തിൽ വന്നു. ജർമ്മനിക്കെതിരായ യുദ്ധത്തിൽ വിട്ടുവീഴ്ചയില്ലാത്ത ഒരു നയം സ്വീകരിച്ചു് യുദ്ധം നടത്തിച്ചു കാര്യക്ഷമമാക്കിത്തീർക്കുമെന്നുള്ള ബ്രിട്ടീഷ് ജനതയുടെ വിശ്വാസമാണു് വിൻസ്റ്റൻ ചർച്ചിൽ അധികാരത്തിൽ വരാനുണ്ടായ പ്രധാന കാരണം. ഈ വിശ്വാസം ശരിയായിരുന്നുവെന്നു പിന്നീടുണ്ടായ സംഭവങ്ങൾ സ്ഥിരീകരിച്ചു. ഏററവും ഭയങ്കരമായ വിപത്തിനെ അഭിമുഖീകരിച്ചുകൊണ്ടു ചർച്ചിൽ മുന്നോട്ടു പോയി അദ്ദേഹം ബ്രിട്ടീഷ് ജനതക്കു് ആവേശവും ആശ്വാസവും നൽകിക്കൊണ്ടു യുദ്ധത്തെ വിജയത്തിലേക്കു നയിച്ചു. 1941ൽ ബ്രിട്ടീഷ് ജനതയനുഭവിച്ച നരകയാതന ലോകചരിത്രത്തിൽ ഉണ്ടാവാത്തവിധം ഭയങ്കരമായിരുന്നു. ഊഹാപോഹങ്ങളും, അവാസ്ഥവ പ്രസ്താവങ്ങളുംകൊണ്ടു് അന്തരീക്ഷത്തെ ശത്രുചാരന്മാർ മലിനപ്പെടുത്തിയിരുന്നു. ബ്രിട്ടൻെറ പരാജയത്തിൻെറ ദിവസങ്ങളെണ്ണിയ എത്രയൊ ആളുകൾ ഇന്നാട്ടിലുണ്ടു്. എന്നാൽ ബ്രിട്ടീഷ് ജനതയുടെ സൈര്യവും, കർമ്മകുശലതയും ആരേയും കവച്ചുവെയ്ക്കുന്നതാണു്. ത്യാഗത്തിലും അവർ മറെറാരു രാഷ്ട്രത്തിൻെറയും പിന്നണിയിലല്ല.

എന്തായിരുന്നു ബ്രിട്ടീഷ് ജനത ഫാസിസത്തിന്നെതിരായ യുദ്ധത്തിൽ ഇത്രയെല്ലാം ശുഷ്കാന്തി കാണിക്കാനുണ്ടായ കാരണങ്ങൾ? ഇതൊരു പ്രധാന ചോദ്യമാണു്. ഇതിന്നു സൈദ്ധാന്തികമായ ഒരു മറുവടിതന്നെ പറയണം. ഇന്നത്തെ സാമൂഹ്യ സമ്പ്രദായത്തിന്നു്

(ശേഷം 5-ാം പേജിൽ)

## ആഴ്ചക്കുറിപ്പുകൾ

### ആത്മീയമായ ശുചീകരണം

നീതിയുടെ ഗതി സാവധാനത്തിലാണ് എന്ന കാണാം. എങ്കിലും ജർമ്മനിയിൽ നീതി വന്നു ചേരുമെന്നതിന്നു യാതൊരു സന്ദേഹവുമില്ല. നിരപരാധികൾ തീർച്ചയായും കഷ്ടപ്പെടേണ്ടിവരില്ല. പക്ഷെ ഒന്നോർമ്മവെക്കേണ്ടതുണ്ട്: എല്ലാ ജർമ്മൻകാർക്കും ഇതു ബോദ്ധ്യമായിരിക്കുകയും വേണം. ജർമ്മൻകാർ യൂറോപ്പിലെ ജനങ്ങൾക്കു വരുത്തിയിട്ടുള്ള ദ്രോഹങ്ങളെപ്പററി ആലോചിക്കുമ്പോൾ, നിരപരാധികളെന്നും അപരാധികളെന്നും വേർതിരിക്കുന്നതുതന്നെ ക്ഷിപ്രസാദ്ധ്യമല്ല. ഒരു വമ്പിച്ച സംഖ്യ യുദ്ധക്കുററവാളികളെ ഇതിനകം പിടിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അതിൽ അവസാനം കിട്ടിയതു് നാസികളുടെ തത്വചിന്തകനായ ആർഫ്രഡ് റോസൻബർഗ്ഗിനെയാണ്. യൂറോപ്പിലെ കലാസമ്പന്നത കട്ടുകവർന്നെടുത്ത ആളാണ് ഈ വിദ്വാൻ. ഇതേവരേയുമായി ആയാൾ കവർന്നുകൂട്ടിയതിൽ 184 കോടി ഉറുപ്പിക വിലകളുള്ള സാമഗ്രികൾ കണ്ടുപിടിച്ചിരിക്കുന്നു. പല ക്വിസ്ലിങ്ങുമാരെയും പിടിച്ചുകഴിഞ്ഞു. കൂട്ടത്തിൽ ആ യഥാർത്ഥ ക്വിസ്ലിങ്ങിനെയും. മനുഷ്യത്വത്തെ വഞ്ചിച്ച ദ്രോഹാസുകളായി ഇവരെ ചരിത്രം ഉൽഘോഷിക്കും. സഖ്യപക്ഷീയ സൈനിക ഗവർമ്മേണ്ടു് സ്ഥാപിതമായ ഉടൻതന്നെ നീതി പരിപാലിക്കപ്പെടും. സഖ്യശക്തികളുടെ മുമ്പാകെ കിടക്കുന്ന ജോലി എളുപ്പമേറിയതൊന്നുമല്ല.

ജർമ്മനി യൂറോപ്പിലെ കട്ടുകവർന്ന സാമഗ്രികൾ നിറച്ചുവെച്ച കലവറയാണ്. ഇന്നു അതെല്ലാം കണ്ടെടുത്തുവരുന്നു. അതിൻെറ യഥാർത്ഥ അവകാശികൾ ദാസ്യവൃത്തിക്കായി നാസികൾ മറുരാജ്യങ്ങളിൽനിന്നു് കൊണ്ടുവന്ന വേലക്കാരും മററുമാണ്. 'യജമാനവർഗ്ഗം' സുഖിച്ചു മദിച്ചാനന്ദിച്ചുകൊണ്ടു്, ഈ പാവപ്പെട്ടവരെക്കൊണ്ടു് എല്ലുമുറിയെ പണിയെടുപ്പിച്ചു. ഇന്നു തികച്ചും വ്യത്യസ്തമായികഴിഞ്ഞിരിക്കുന്നു. തങ്ങൾ തോററുവെന്നു ഇപ്രാവശ്യം ജർമ്മനി മനസ്സിലാക്കണം. കുറേക്കാലത്തോളം സഖ്യപക്ഷത്തിൻെറ ശിക്ഷണത്തിൽ കിടക്കുകയല്ലാതെ അവക്കു ഗത്യന്തരമൊന്നുമില്ല. ജർമ്മനി—ആസ്ത്രിയ തുടങ്ങിയ ചില പരിസരരാജ്യങ്ങൾകൂടി—ഹിററ്ലറിസത്തിൻെറ വിഷബീജങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. ഈ വിപൽക്കാരമായ തത്വങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന്നുതന്നെ താമസം നേരിടും. പ്രതികാരേച്ഛയോടല്ല, ഈ ആത്മീയമായ ശുചീകരണം നടപ്പിൽ വരുത്തുന്നതു് എന്നു പ്രത്യേകിച്ചും പ്രസ്താവ്യമാണ്.

### സാൻഫ്രാൻസിസ്കോവിൽ

സാൻഫ്രാൻസിസ്കോ സമ്മേളനത്തിൽ പല കാര്യങ്ങളും തീരുമാനിച്ചു് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ട്രസ്റ്റിഷിപ്പിനെ സംബന്ധിച്ചുള്ള ആംഗ്ലോ-അമേരിക്കൻ സന്ധി പ്രത്യേകം പറയാവുന്നതാണ്. നകൽ വ്യവസ്ഥപ്രകാരം 'ട്രസ്റ്റ്' പ്രദേശത്തിലെ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക അഭിവൃദ്ധിയും ക്രമേണ സ്വയംഭരണസ്ഥാപനവുമാണ് അതിൻെറ പ്രഖ്യാപിതലക്ഷ്യമെന്നു കാണുന്നു. സാൻഫ്രാൻസിസ്കോവിൽ ചില പ്രധാന അടിസ്ഥാനപരങ്ങളായ ആവശ്യതകളുണ്ടു്—കുറേ പരുക്കൻമട്ടിൽ പറഞ്ഞാൽ, യുദ്ധാനന്തര ലോകത്തിലെ ശാന്തിയ്ക്കും സമാധാനത്തിന്നു് അത്യാവശ്യകവും പരേതനായ പ്രസിഡെണ്ട് റൂസ്‌വെൽട്ടു് രൂപീകരിച്ചതുമായ നാലു സ്വാതന്ത്ര്യങ്ങൾ—രണ്ടു പ്രാസംഗികന്മാർ ഇവയെ ഊന്നി പ്രസ്താവിക്കുകയുണ്ടായി. ഒന്നു സാമൂഹ്യ-സാമ്പത്തിക സമിതി അദ്ധ്യക്ഷനായ സർ എ. രാമസ്വാമി മുതലിയാരാണ്. മേയ് 17-ാം തിയ്യതി ഒരു പത്രസമ്മേളനത്തിൽ തൻെറ കമ്മിററി ഈ ലക്ഷ്യങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നു അദ്ദേഹം പ്രസ്താവിച്ചു:

"(1) ഉയൎന്ന ജീവിത രീതിയും തൊഴിലും, സാമ്പത്തികവികാസത്തിന്നുള്ള ഉപാധികളും.

(2) അന്തർദേശീയമായ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പ്രശ്നങ്ങൾ പരിഹരിക്കൽ.

(3) മൌലിക സ്വാതന്ത്ര്യത്തെയും മനുഷ്യാവകാശങ്ങളേയും ജാതിനിറമതഭേദമെന്യേയുള്ള ആദരവ്."

മറേറ വക്താവ് മി. ആററ്ലീയായിരുന്നു. ആററ്ലി ലണ്ടനിൽവെച്ചു ഇങ്ങനെ പ്രഖ്യാപിച്ചു. "നാം ഒരു പുതിയ ലോകത്തിലാണ് ജീവിക്കുന്നതെന്നു ഓർമ്മിക്കേണ്ടതുണ്ടു്. നിരാശയോടുകൂടിയല്ല, ആശയോടുകൂടിയാണ് നാം ഭാവിയെ നിരീക്ഷിക്കേണ്ടതു്."


### ചൈന പുതിയ ആക്രമണത്തിന്നു് ഒരുങ്ങുന്നു

ചൈനയിൽ ഒരു പുതിയ വമ്പിച്ച ആക്രമണത്തിന്നുള്ള ആലഭാരങ്ങൾ നടക്കുന്നതായി തോന്നുന്നു. പല സഖ്യനേതാക്കന്മാരും പൌരസ്ത്യരംഗത്തിലെ യുദ്ധം അവസാനം ചൈനയിൽ വെച്ചായിരിക്കുമെന്നു പ്രവചിച്ചിട്ടുണ്ടു്. ഈയിടെയുണ്ടായ ചില സംഭവഗതികൾ ഈ അഭിപ്രായത്തിന്നു ഉപോൽബലകമായി തോന്നുന്നു. ചൈനക്കാർ ഫൂച്ചോ തുറമുഖത്തിന്നടുത്തു എത്തിയപ്പോൾ, അവക്കു പിൻതിരിയേണ്ടിവന്നുവെങ്കിലും, വീണ്ടും അവർ ശത്രുവിനെ അവിടെനിന്നു തുരത്തി ആ സ്ഥലം തിരികെപ്പിടിച്ചിരിക്കുന്നു. ചെനീസ് സേന ബർമ്മയിൽനിന്നു ചൈനയിലേക്കു പോയതായി അറിയപ്പെടുന്നു. നവെമ്പറിൽ കൂമിൻറാങ്ങ് യോഗത്തിൽവെച്ചു് ജനകീയമായ പരിഷ്ക്കരണങ്ങൾ ചൈനയിൽ പ്രചരിപ്പിക്കുന്നതിനെപ്പററിയുള്ള പരിപാടികൾ ആലോചിക്കുന്നതാണെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. ജപ്പാനുമായുള്ള കടശിക്കളിയിൽ വിമാനസേന ഒരു വമ്പിച്ച പങ്കു് നിർവ്വഹിക്കുമെന്നതിന്നു യാതൊരു സംശയവുമില്ല. ചൈനയ്ക്കു് ഒരു തുറമുഖം കിട്ടുന്നപക്ഷം, വിജയം വേഗം സുസാദ്ധ്യമായിവരും.

### ഒക്കിനാവാ സമരത്തിൻെറ പ്രാധാന്യം

ഏപ്രിൽ 1-ാം തിയ്യതി അമേരിക്കൻ ഭടന്മാർ ഒക്കിനാവയിൽ ഇറങ്ങിയപ്പോൾതന്നെ അവക്കറിയാമായിരുന്നു തങ്ങൾക്കൊരു കടുത്ത ജോലി ചെയ്യാനുണ്ടാകുമെന്ന്. അതിന്നുശേഷമുണ്ടായ രക്തപങ്കിലമായ സമരങ്ങളെപ്പററിയുള്ള വാർത്തകൾ നാം കേട്ടുവരുന്നു. ഇതേവരെയും ഈ

## ലോകമഹാ യുദ്ധം




## ജപ്പാനെ തവിടുപൊടിയാക്കും

### ചക്രവർത്തിയുടെ ഗവർണ്ണരുടെ സന്ദേശം


മദ്രാസ് ഗവർണ്ണരവർകൾ ചക്രവർത്തി തിരുമേനിയ്ക്കു് 1945 മേയ് 9-ാം തിയ്യതി അയച്ച സന്ദേശം:

"മദ്രാസ് സംസ്ഥാനത്തിലെ ജനങ്ങൾക്കു വേണ്ടി അങ്ങയെ യൂറോപ്പിൽ പരിപൂർണ്ണ വിജയം സിദ്ധിച്ചതിൽ ഞങ്ങൾക്കുള്ള ആത്മാർത്ഥമായ ആശംസകൾ അറിയിച്ചുകൊള്ളട്ടെ. ജാപ്പാൻ നിരുപാധികമായി കീഴടങ്ങുന്നവരെയും ഈ സംസ്ഥാനത്തിലെ യുദ്ധപരിശ്രമങ്ങൾ പൂർവ്വാധികം ഉഗ്രതയോടും ഉത്സാഹത്തോടും കൂടി തുടരുന്നതാണെന്നു ഞങ്ങൾ ശപഥം ചെയ്യുന്നു."

1945 മേയ് 11-ാം തിയ്യതി മദ്രാസ് ഗവർണ്ണർക്കു, ചക്രവർത്തി തിരുമേനി അയച്ച കമ്പി സന്ദേശം:

"മദ്രാസ് സംസ്ഥാനത്തിലെ ജനങ്ങളെ നിങ്ങൾ എനിക്കയച്ച ഭക്ത്യാദരവോടുകൂടിയ സന്ദേശത്തിന്നു ഞാൻ നിങ്ങളോടും ആത്മാർത്ഥമായി നന്ദിപറയുന്നു. നാട്ടിലും പോർക്കളത്തിലും മുള്ള പരിശ്രമങ്ങളാൽ മദ്രാസുകാർ നാമിന്നു ആഘോഷിച്ചുവരുന്ന യൂറോപ്യൻ വിജയത്തിന്നു വളരെ പ്രദാനം ചെയ്തിട്ടുണ്ടു്. ജപ്പാൻെറ അന്ത്യാപരാജയം അധികം വൈകാതിരിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കുക."

# ഇങ്ങിനെ കാണുക




യുദ്ധത്തിൽ 50,000 ജാപ്പുകൾ വധിക്കപ്പെട്ടിരിക്കുന്നു. അമേരിക്കൻ സേനയിൽ 4,000 പേർ മാത്രമേ മൃതിയടഞ്ഞിട്ടുള്ളൂ. ഒക്കിനാവയിൽ ഇത്ര ഉന്മാദപരമായി ജപ്പാൻകാർ പൊരുതുന്നതിൽനിന്നുതന്നെ നമുക്കു ഊഹിയ്ക്കാം, ഒക്കിനാവ ദ്വീപിന്റെ സൈനിക പ്രാധാന്യം എത്ര മാത്രമാണെന്ന്. ജാപ്പു ദ്വീപുകൾക്കു സമീപത്താണ് ഈ ദ്വീപു സ്ഥിതി ചെയ്യുന്നതു്. ജാപ്പുകൾ തങ്ങളുടെ രാജ്യം ആക്രമിക്കുന്നതിൽ വളരെ ആവലാതിപ്പെടുന്നു. മറുനാടുകളിൽ അവരുടെ സേനകളും, നാട്ടിൽ കത്തിയെരിഞ്ഞ നഗരങ്ങളും, ഇതാണ് ജപ്പാന്റെ സ്ഥിതി. ആക്രമണത്തെ ചെറുക്കുന്നതിന്നുവേണ്ട കോപ്പുകൾ അവക്കില്ലായിരിക്കാം. അതായിരിക്കണം ഈ ബേജാറ്'.

3-ാം പേജിൽനിന്നു തുടച്ച

പൊതുവിൽ പലക്രമക്കേടുകളും ദൂഷ്യങ്ങളും ഉണ്ട്. ഒരു സാമൂഹ്യ നിയമത്തിന്റെ ഉത്ഭവം മറെറാരു സാമൂഹ്യനിയമത്തിന്റെ തളച്ചയിൽനിന്നാണ്. നാടുവാഴി പ്രഭുത്വസമ്പ്രദായത്തിന്റെ ക്ഷയത്തിൽനിന്നാണ് ഒരു പുരോഗമനപരമായ പുതിയ സമുദായനിയമം ആവിർഭവിച്ചതു്. പക്ഷെ ആ സാമുദായിക വ്യവസ്ഥയുടെ എല്ലാ സൽഗുണങ്ങളും നശിക്കുകയും അതു തകർന്നു വീഴാൻ തുടങ്ങുകയും ചെയ്യുന്ന അവസരത്തിൽ അതിന്റെ നിലനില്പിന്നു വേണ്ടി, പുതിയ സാമൂഹ്യക്രമത്തിന്റെ ഉടലെടുപ്പിനെ തള്ളിക്കളയാൻ ശ്രമിക്കുമെന്നുള്ളതു് ഒരു ചരിത്രപരമായ വാസ്തവമാണ്. ഫാസിസ്റ്റ് ഇററലിയിലെയും, നാസി ജമ്മനിയിലെയും അനുഭവം ഈ സത്യത്തെ ലോകത്തിലെ എല്ലാ ജനങ്ങൾക്കും കണ്ടുമനസ്സിലാക്കാൻ കഴിഞ്ഞു. ഈ സംഭവം ബ്രിട്ടനിലും സംഭവിക്കാതിരിക്കാൻ ബ്രിട്ടീഷ് ജനത ശ്രമിച്ചതിന്റെ ഫലമായാണ് ഫാസിസത്തിന്നെതിരായ യുദ്ധത്തിൽ, ഏർപ്പെട്ടിട്ടുള്ള ബ്രിട്ടീഷ് ഗവമ്മേണ്ടിനെയും, അതു മുഖേന തങ്ങളെത്തന്നെയും സഹായിക്കാനും യുദ്ധപരിശ്രമങ്ങളെ ബോധത്തോടും ആത്മാർത്ഥതയോടും കൂടി സഹായിക്കാനും തീരുമാനിപ്പിച്ചതു്. ബ്രിട്ടീഷ് തൊഴിലാളി വർഗ്ഗം യുദ്ധ പരിശ്രമങ്ങളിൽ കാണിച്ച ധീരതയും ഉത്സാഹവും മാതൃകാപരമാണ്. ഈ ആത്മാർത്ഥമായ പങ്കെടുക്കൽ ബ്രിട്ടീഷ് തൊഴിലാളികളടക്കമുള്ള ബഹുജനങ്ങളെ ഗവമ്മേണ്ടുമായി കൂടുതൽ ബന്ധപ്പെടുത്തുന്നതിന്നും അവരുടെ രാഷ്ട്രീയ കക്ഷിയായ "ലേബർ പാർട്ടിക്കു" "യുദ്ധ മന്ത്രിസഭയിൽ" തുല്യനിനി കിട്ടുന്നതിന്നും അതുമുഖേന തങ്ങളുടെ അഭിലാഷങ്ങളെ ഗവമ്മേണ്ടിനെക്കൊണ്ട്



ഗ്രാൻറ് അഡ്മിറൽ ഡോനിട്സ്

അംഗീകരിപ്പിക്കുന്നതിന്നും, രാഷ്ട്രത്തിന്റെ മേലുള്ള സ്വാധീനം വളർത്തുന്നതിന്നും അങ്ങിനെ യുദ്ധാനന്തരം ബ്രിട്ടനെ പുനഃസംഘടിപ്പിക്കുമ്പോഴും തങ്ങളുടെ അഭിലാഷങ്ങളെ മുന്നോട്ടു കൊണ്ടുവന്നു ഫാസിസത്തിലേക്കു വഴുതി വീഴാൻ തുടങ്ങുന്ന ആ രാഷ്ട്രത്തെ ജനാധിപത്യത്തിലേക്കു തള്ളി നീക്കുന്നതിന്നും അവക്കു സാധിച്ചിട്ടുണ്ടു്. ഇതു ബ്രിട്ടീഷ് ജനങ്ങളെ സംബന്ധിച്ചേടത്തോളം ഒരു വലിയ നേട്ടം തന്നെയാണ്.

ഒരു മഹാനായ ചിന്തകൻ പറയുകയുണ്ടായി, "ഈ യുദ്ധംതന്നെ ഒരു സമൂല പരിവർത്തന"മാണെന്നു്. അദ്ദേഹത്തിന്റെ അഭിപ്രായം അക്ഷരംപ്രതി ശരിയാണ്. ഈ യുദ്ധത്തിന്റെ അനന്തരഫലം സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ പുരോഗമനമാണല്ലോ. ഫാസിസത്തിന്റെ പട്ടാളപരാജയത്തെ തുടർന്നു സമുദായത്തിന്റെ രാഷ്ട്രീയ സാമ്പത്തികാഭിവൃദ്ധി ഉത്ഭൂതമാകുമെന്നുള്ള വിശ്വാസമാണ് മാനവസമുദായത്തെ ഈ യുദ്ധത്തിൽ ആത്മാർത്ഥമായും പങ്കെടുപ്പിച്ചതു്. ഫാസിസത്തിന്നെതിരായി ഒന്നാമതായി ആയുധമെടുത്ത ബ്രിട്ടീഷ് ജനതതന്നെ ഒരു നവീന സാമുദായിക ക്രമം സൃഷ്ടിക്കുന്നതിലും മുന്നിട്ടു നില്ക്കുമെന്നു ആശിക്കാൻ വഴിയുണ്ടു്. യൂറോപ്പിലെ പുരോഗമനപരമായ മാററം ഈ കാര്യത്തിൽ ബ്രിട്ടീഷ് ജനതക്കു ആവേശം കൊടുക്കും. ബ്രിട്ടനിലെ സമുദായ പരിവർത്തനത്തെ ആശ്രയിച്ചാണ് ലോകത്തിലെ ഒരു ഭീമഭാഗം ജനങ്ങളുടെ സാമൂഹ്യപരിവർത്തനവും നിലകൊള്ളുന്നതു്. ഇതിന്നു വിലങ്ങടിച്ചു നിൽക്കുന്ന ശക്തികൾ ഉണ്ടെന്നിരുന്നാലും, ആവക ശക്തികളെ തട്ടിത്തകക്കാനുള്ള കെല്പ് ബ്രിട്ടീഷ് ജനാധിപത്യത്തിന്നുണ്ടെന്നു നിസ്സംശയം പറയാം. ബ്രിട്ടനെക്കൊണ്ട് ഫാസിസത്തിന്നെതിരായി ആയുധമെടുപ്പിക്കാൻ സാധിച്ച ജനകീയ ശക്തിക്ക് യുദ്ധാനന്തരമുള്ള സാമുദായികക്രമത്തെ പുനഃസംഘടിപ്പിക്കുന്നതിന്നു കെല്പില്ലെന്നു വിചാരിക്കാൻ ന്യായമില്ല. അങ്ങിനെ ചെയ്യുന്നതു് ബ്രിട്ടന്റേയും ലോകത്തിന്റെ ഭാവി സമാധാനത്തിന്നും, ഒരു പുതിയ സമുദായിക ക്രമത്തെ ഉടനടി ലോകത്തിൽ പ്രചരിപ്പിക്കുന്നതിന്നും സഹായകമാണ്.

നാടുവാഴി പ്രഭുത്വസമ്പ്രദായത്തെ നശിപ്പിച്ചു ഫ്രഞ്ചു വിപ്ലവത്തിന്റെ സാരാംശങ്ങൾ ലോകമാസകലം പരക്കുന്നതിന്നു കാലതാമസം വേണ്ടിവന്നുവെങ്കിലും അതിനെ ഭൂമുഖത്തിൽനിന്ന് നശിപ്പിക്കുന്നതിന്നു ആക്കും സാധിച്ചില്ല. കാരണം മാററം ചരിത്രപരമായ ആവശ്യകതയായിരുന്നു. അതേപ്രകാരം ഇന്നത്തെ ഈ മാററവും ചരിത്രപരമാണ്; അതു സംഭവിക്കുകതന്നെ ചെയ്യും. ആ മാററത്തെ ആത്മാർത്ഥതയോടുകൂടി സഹായിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്നതിന്ന് പകരം അതിന്നു വിലങ്ങടിച്ചു നിൽക്കുന്നവരെ സമുദായദ്രോഹികളായി പരിഗണിക്കുകതന്നെ വേണം.

ബ്രിട്ടീഷ് ജനാധിപത്യത്തിന്നു ഈ അവസരത്തിൽ ലോകത്തിന്റെ നേതൃത്വമേറെറടുക്കുന്നതിന്നു കിട്ടിയ ഈ അവസരത്തെ സോവിയററു റഷ്യയുടെയും അമേരിക്കയുടേയും സഹായത്തോടുകൂടി മഹനീയമാംവിധം നിർവ്വഹിക്കുന്നതിന്നുള്ള സാദ്ധ്യതയുണ്ടു്. അതവർ ചെയ്യുന്നതിലാണ് അവരുടെ ലോകസേവനോത്സുകത്വവും, അഭിമാനവും നിലകൊള്ളുന്നതു്.


ഈ അവസരത്തിൽ ഇന്ത്യയെപ്പററിയും ഓമ്മിക്കേണ്ടതായുണ്ട്. ഇന്ത്യ പല കാരണങ്ങളാലും ബ്രിട്ടനുമായി ബന്ധപ്പെട്ടിട്ടുണ്ടു്. ഇന്ത്യയിലെ 40 കോടി മർദ്ദിതജനതയുടെ വിമോചനം. ബ്രിട്ടീഷ് ജനാധിപത്യത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നതു്. ഈ യുദ്ധാരംഭം മുതൽ ഇന്ത്യൻ ജനത യുദ്ധപരിശ്രമത്തെ സഹായിക്കുകയും അകത്തും പുറത്തും ഫാസിസത്തിന്നെതിരായി സമരം ചെയ്യുകയും ചെയ്തിട്ടുണ്ടു്. സാർവ്വലൌകികമായി ഫാസിസത്തിന്നു പട്ടാളപരാജയം സംഭവിച്ചു എങ്കിലും, ഫാസിസത്തിന്റെ ബീജങ്ങൾ പല ദേശങ്ങളിലുമായി ലോകത്തിൽ കിടപ്പുണ്ടു്. ഇന്ത്യൻമണ്ണ് ഫാസിസത്തിന്ന് ഒളിഞ്ഞിരിക്കാൻ പററിയതാണ്. ഫാസിസത്തെ—അതിന്റെ രാഷ്ട്രീയവും, സംസ്കാരികവുമായ വശത്തെ—ശരിക്ക് വിശകലനം ചെയ്യുന്നതായാൽ ഇന്ത്യയിലെ വേഷച്ഛന്നമായ ഫാസിസത്തെ എളുപ്പത്തിൽ കണ്ടുപിടിക്കാം.

# മദ്രാസിൽ വിജയദിനാഘോഷം


മേയി 14-ാംനു മദ്രാസിലെ നിവാസികൾ വിജയം ആഘോഷിച്ചു. മദ്രാസിൽ ഇത്ര വമ്പിച്ച ഒരു പുരുഷാരം ഒന്നിച്ചു കണ്ടിട്ടില്ല. രാവിലെ മുതൽ അർദ്ധരാത്രിവരെയും ആഹ്ലാദഭരിതരായ ആളുകളെ എങ്ങും കാണപ്പെട്ടിരുന്നു.

കാലത്തു് അയലണ്ട് ഗ്രൌണ്ടിൽവെച്ചു് ഒരു പരേഡുണ്ടായി. ഗവർണ്ണർ അതിൽ സന്നിഹിതനായിരുന്നു. സായാഹ്നവും മൈതാനത്തിൽ അനവധി ആയിരം ആളുകൾ വന്നു നിറഞ്ഞു. പല ജാതിക്കാരും നാട്ടുകാരും അതിലുണ്ടായിരുന്നു. മദ്രാസിലെ ജനങ്ങളുടെ ഫാസിസ്റ്റ് വിരോധത്തിന്റെ ഒരു പരസ്യ പ്രകടനമായിരുന്നു അതു്. അത്യുഗ്രമായ ഉഷ്ണത്തെ വിഗണിച്ചു ഏതാണ്ടു് ഒരു ലക്ഷത്തോളം പേർ അയലണ്ട് ഗ്രൌണ്ടിൽ സമ്മേളിച്ചു.


സ്പോർട്ട്സിനുശേഷം മദ്രാസ് ഗവർണ്ണർ, ലേഡി ഹോപ്പുമൊന്നിച്ചു അയലണ്ട് ഗ്രൌണ്ടിൽ അലങ്കരിച്ച കുതിരവണ്ടിയിൽ വന്നപ്പോൾ ക്യാപ്റ്റൻ ജി. ടി ബി. ഹാർവി അദ്ദേഹത്തെ സ്വീകരിച്ചു. ലേഡി ഹോപ്പ് സമ്മാനങ്ങളെല്ലാം നൽകിയതിനുശേഷം, മദ്രാസ് ഗവർണ്ണർ പ്രസംഗിച്ചു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇങ്ങിനെ പ്രസ്താവിക്കയുണ്ടായി: "ഏഷ്യയിലെ ജർമ്മൻകാരാണു് ജാപ്പുകൾ. അവക്കും ജർമ്മൻകാരെപ്പോലുള്ള അതേ ആഗ്രഹങ്ങളും, ഭീകരതവും, ക്രൂരതയും ഉണ്ടു്. യുദ്ധകാലത്തു് നമ്മിൽ ഐക്യമുണ്ടായിട്ടുണ്ടു്. ഈ ഐക്യത്തെ ഗ്രഹിക്കുന്നതിന്നു് പലക്കും കഴിഞ്ഞിട്ടില്ല. യുദ്ധം കഴിഞ്ഞാലും സമാധാനകാലത്തെ പ്രശ്നങ്ങളെപ്പററി ആലോചിക്കുന്നതിന്നും പരിഹരിക്കുന്നതിന്നും നമുക്കു ഐക്യം ആവശ്യമാണു് ........ഞാൻ നിങ്ങൾക്കു നന്ദി പറയുകയും, സമാധാനകാലത്തു ആവശ്യം വരുമ്പോൾ ഒന്നിച്ചുനിന്നു പരസ്പരം സഹായിച്ചു, വീണ്ടും സുഖസമൃദ്ധമായിക്കഴിയുമെന്നു ആശിക്കുകയും ചെയ്യുന്നു."



വൈകുന്നേരം ഗവർണ്ണർ "സ്റ്റേററിൽ" വന്നപ്പോൾ, ഡയറക്ടർ ഓഫ് വാർ പബ്ലിസിററി, ക്യാപ്ടൻ ജി. ടി. ബി. ഹാർവി, അദ്ദേഹത്തെ എതിരേററു സ്വീകരിക്കുന്നു



ഇത്ര വമ്പിച്ച ജനസമൂഹം പണ്ടു് മദ്രാസിൽ കാണപ്പെട്ടിട്ടില്ല



മൌണ്ട് റോഡിൽ കൂടിയിരുന്ന ജനവിഭാഗം



ഗവർണ്ണർ, ലേഡി ഹോപ്പ്, സൈനിക മേധാവികൾ ഇവരെല്ലാം വിക്ടറി പരേഡിൽ സംബന്ധിച്ചിരുന്നു

# V വിജയലഹരി V

(1)

(കെ. ജി. പിള്ള.)

(കാകളി)

നോക്കൂ സഖാവേ പടിഞ്ഞാറു ഭാഗത്തു-
ലെററിവിതറുന്ന മഞ്ജുളകന്ദളം!

പൊട്ടിത്തരിക്കുന്ന കാഴ്ചകളത്രമേൽ
മൊട്ടിട്ടുനിൽപുണ്ടവിടത്തിലൊക്കെയും.

ഫാസിസത്തിൻെറ വിഭൂതിയിൽനിന്നതാ-
ഭാസിച്ചുയർന്നുതഴപ്പൂ പുതുമകൾ.

പുഞ്ചിരിതൻ മുട്ടകല്ലോലമാമുഖ-
ത്തഞ്ചിയപ്പൂക്കൾ വിടർന്നു മണവുമായ്.

സഞ്ചിത സൌരഭ്യ സമ്മാനവും പേറി-
സഞ്ചിതനന്ദം പറന്നെത്തിമാരുതൻ;

ഏറെനാളായഭിവാഞ്ഛ ചരിക്കുമാഗാന-
മാരാലുതിക്കുവാനെത്തി പുംസ്കോകിലം;

ചെങ്കൊടിക്കൂറ പ്രതിച്ഛായയേററു ശ്രീ-
തങ്കിയേററം ലസിക്കുന്ന പുലരിയാൾ;

നാസിസമാം കോളകന്നു നഭസ്ഥലേ-
ഭാസുരശാന്തിതൻ ഭാനുവുദിക്കുവാൻ
നേരമായെന്നറിയിക്കുവാൻ ചോരയിൽ-
പാരം മുഴുകിയദ്ദേവിയിങ്ങെത്തിനാൾ!

ദേവീ, വരദേ, വരിക്കേ! ഭവതിയി-
ക്കോവിൽവിട്ടിത്രനാളെങ്ങോ വസിച്ചുപോയ്!

ഇന്നു നീ വന്നെത്തി നിത്യമായ് വാഴുവാൻ
പൊന്നൊളി പൂശിയീ മന്നിൻെറ കോവിലിൽ

ഇന്നേവരയ്ക്കുമേ ഹിററ്ലർ മനോരാജ്യ-
വിണ്ണിൽ പറപ്പിച്ച സ്വസ്തിക സഞ്ചയം
നാസിസത്തിൻ പട്ടടയ്ക്കു വിരിക്കുവാൻ
ധൂസരമായൊരു പട്ടടക്കോടിയായ്!
ഇല്ലിനി ഖേദം നമുക്കില്ല നാസിസം
തെല്ലും തലപൊക്കുകില്ല കില്ലില്ലതിൽ.

നോക്കുവിൻ, ബർളിൻനഗരമാ ഹിററ്ലർ [തൻ-
പേക്കൂത്തിന്നാധാരമായുള്ളൊരപ്പുരം.

ചെങ്കൊടിക്കൂറതൻ സാന്ദ്രമാകും നിഴൽ-
തങ്ങുന്നവിടെ, യപങ്കിലം മോഹനം!
ദുർമ്മദാന്ധ്യത്തിൽ ഭവിഷ്യന്നിദർശനം,
കർമ്മാനുകൂല ഫലത്തിൻെറ മാതൃക;

കണ്ടു പഠിക്കട്ടെ ജാപ്പുകൾ, മൂഢക-
ളുണ്ടധർമ്മത്തിന്നപജയമെന്നതും!

ശ്രീതൻ കനലൊളി തൂകിയമേനിയി-
ലേതും ദയയെന്യേ വാൾവെച്ചകാരണം
ഏററുഗ്രമാം വിധിയാണു തങ്ങൾക്കെന്നു
ഭീതരായ് ചിന്തിച്ചു നിൽക്കുന്ന നാസികൾ
സ്റ്റാലിൻെറ കാരുണ്യലേശമാം നീർത്തുള്ളി-
യാലംബമാച്ചാതകങ്ങൾക്കു നിശ്ചയം.

വന്നു വിജയം—വിജയം—നമുക്കിനി-
കുന്നിയുംകൂസേണ്ട നാസിസരീതിയെ!

ഫാസിസത്തിൻെറ വിഭൂതിയിൽനിന്നതാ-
ഭാസിച്ചുയർന്നുതഴപ്പൂ പുതുമകൾ!

(2)

(കെ. പി. കെ. ഉണ്ണി.)

ആ, ണ്ടാറിങ്ങാവാറാ; യിണ്ടലിന്നാഴിയി-
ലാണ്ടീഭൂ ണ്ഡലം തിണ്ടാടുന്നു;

ഭീമരാം ദുർമ്മദധൂമച്ചുരുളിനാൽ
വ്യോമമിരുണ്ടുകൊണ്ടായിടുന്നു;

അംബരമാം ജഗദംബികാമാറിൽനി-
ന്നെമ്പാടും "ബോമ്പുകൾ" വർഷിക്കുന്നു;

മുത്തുപെറുന്നോരു തന്നുദരത്തിൽനി-
ന്നൽഭുതമാകയോ "മൈനും" മററും;

നാശപ്പിശാചുത, ന്നേമ്പലഹന്നിശ-
മാശാദശങ്ങളിലേന്തീടുന്നു;

നൂറാണ്ടു കാലമായ് മാനുജൻ മാനിച്ചു-
പേരാണ്ടതൊക്കെയും പേരുതാനായ്.

വർദ്ധിതോൽക്കൃഷ്ടധീസൃഷ്ടിച്ച വിഷ്ടപ-
മുദ്ധതാവഹ്നിയിൽ ദഗ്ദ്ധമായി.

ചൊല്ലെഴും കല്പാന്തകാലമണഞ്ഞുപോ,-
ലല്ലലൊന്നല്ലാതി, ല്ലെല്ലാടവും!

ശാസ്ത്രമെ! സംഹാരഭീഭത്സഭൃതമായ്
തീർത്തുപോയ് സ്വാർത്ഥികൾനിന്നെയെങ്ങും
നി, ന്നേണികേറാ, നെന്നെണ്ണിയോരീ
ലോക-
മിന്നിതാ, താഴ്വാനാഴമില്ല!!

ഇത്തരം പാരിതു തീരുവാനാരുവാ-
നുത്തരവാദിക; ളുന്മത്തന്മാർ.

ഇത്തിമിരിന്നു പുലരിയൊന്നില്ലെന്നോ?
ആത്തരെ കാത്തീടാനാളില്ലെന്നോ?

* * *

ഉ, ണ്ടിതാ മൂവരു, ണ്ടുർവ്വിതൻ ഭവ്യമാം
ഭാവികുറിക്കുവാൻ ഭാവിക്കുന്നു!

നാസീസമൂഹം സമൂലം തുല, ച്ചീ ഭൂ-
വാസം നരക്കിവർ നാകമാക്കും.

ശാന്തിതൻ മുന്തിരിച്ചാറിനി മോന്തിടാം;
സന്തോഷസിന്ധുവിൽ നീന്തിയാടാം.

(3)

(ജി. പി. ശങ്കരമംഗലം)

മംഗളം, മംഗളം, മാലോകരേ, ജയ-
മംഗളഗാനം മുഴക്കീടുവിൻ!

എന്തൊരാനന്ദമിതെന്തൊരാഹ്ലാദ, മി-
തെന്തോരാവേശവിലാസകാലം
പാടുക, പാടുക പൈങ്കിളിപ്പൈതലേ,
പാടവമോടേ, വിജയഗീതം.

ആടുക, ആടുക, ആനന്ദതാണ്ഡവം
ആടോപമോടെ മയിൽ കുലമേ,
പാറുക, പാറുക, സഖ്യപതാകേ നീ
പാരെങ്ങും ഭാഗ്യവിലേഖം പോലെ!

തുള്ളുക, തുള്ളുക മാമകത്തുള്ളലേ
തുല്യമില്ലാത്തൊരീ തോഷവായ്പിൽ!!

സഖ്യസമാരാദ്ധ്യവാനിടത്തിന്നിതാ-
സൽജയ ചന്ദ്രനുദിച്ചുയർന്നു,

വീരരാം സേനകൾ താരകഹാരംപോൽ
സ്മേരമുഖരായ് നിരന്നുനിൽപ്പൂ,
മുക്തമായ്, മുക്തമായ് ഭൂലോകമെന്നോരു-
മുഗ്ദ്ധസംഗീതമലയടിപ്പൂ.

മന്നിൻെറ പൊന്നുമകുടപ്രദീപംപോൽ
വെന്നിക്കൊടിക്കൂറ പൊങ്ങീടുന്നു.

അക്രമ ദീപ്തിയിൽ ലോകമുഖാബ്ജങ്ങൾ
അത്യന്തതുഷ്ട്യാ വിരിഞ്ഞീടുന്നു.

സാരസ്യവായ്പാൽ സമാധാനലക്ഷ്മി, തൻ-
ചാരുനടനം തുടർന്നിടുന്നു,
എന്തൊരാനന്ദ, മിതെന്തൊരാഹ്ലാദ, മി-
തെന്തൊരാവേശവിലാസരംഗം!

ഇസ്സുഖശേവധിക്കാറുസംവത്സരം-
ദുസ്സഹയത്നം തുടർന്നു നമ്മൾ
ഇക്കുളിർച്ചോലക്കൊരായിരം വീരർ തൻ-
രക്തസംസേചനമാചരിച്ചു.

ഇപ്പുതുസ്വർഗ്ഗസുഖത്തിലതൊക്കെയു-
മുത്സവമായിപ്പരിണമിച്ചു

സ്വപ്രയത്നത്തിൻ ഫലപ്രാപ്തിയെല്ലാർക്കു-
മപ്രമേയാനന്ദദായകംതാൻ!!

സഞ്ചിതാനന്ദാൽ സമരവിജയത്തിൽ-
'സഞ്ചിക' പുഞ്ചിരികൊണ്ടീടുമ്പോൾ,
തൻസേവവൃന്ദങ്ങൾ ഞങ്ങൾക്കതെത്ര-
ക്കോരുൽസവദായകമാകുമെന്നോ?

പോരാളിവൃന്ദവും, പേരറിവാളന്മാരും-
പോരിലെ വിജയാപ്തി സജ്ജമാക്കെ,
ആരാലതിങ്കൽ സുഖസന്തോഷബദ്ധമായ്-
പാരാകെക്കോൾമയിർകൊണ്ടീടവേ,
മംഗളം, മംഗളം, മാലോകരേ, ജയ-
മംഗളഗാനം മുഴക്കീടുവിൻ
തുംഗസമാധാന സൽജയാലസ്യത്തിൻ-
മംഗളരംഗം മനോഭിരാമം!!

(4)

(കെ. കെ. ജാനകിയമ്മ.)

(ഓമനക്കുട്ടൻ)

ആനന്ദത്തിൻെറ പൂങ്കാവനത്തി-
ലാനിതയായി മന്നിടം.

ഫാസിസത്തിൻെറ നാരായവേരും
നുറുനുറായ് നുറുങ്ങിപ്പോയ്.

മർദ്ദനത്തിൻെറ മണ്ഡപം വെടി-
ക്കെട്ടിനാൽ തകർന്നൊക്കെയും.
മേലിലില്ലവർ വാലുപൊന്തിയ്ക്കി-
ല്ലാനരാധമ നാസികൾ!

എത്രനാൾ ചോര വീഴ്ത്തിയീ-
യുത്സവഗാമ വേളക്കായ്?

നീണ്ടു നീണ്ട നീരാശതയ്ക്കക-
ത്തിണ്ടലൊന്നേത്ര നാളുകൾ,
താണ്ടിനാമിതേ മാതിരി വീണ്ടും
ശാന്തതൻകര പററുവാൻ?

ഞെട്ടുന്ന ത്യാഗകൃത്യവ്യാപ്തിയെ-
യോർക്കവേ ലോകമാകവേ.

ശ്യാമധൂമ യവനിക പൊന്തി-
ച്ചാഗമിച്ചു ജയാംബിക;
രക്തരശ്മികൾക്കുള്ളിൽനിന്നുണർ-
ന്നെത്തിയാ രമ്യദേവത;
പോർക്കളത്തിൻ പിളർപ്പിൽ നിന്നൊരു-
പുത്തനാം സീത മാതിരി!

* * *

താമസമില്ല, താമസമില്ല
കാർമുകിലെല്ലാം മായുവാൻ.

പൌരസ്ത്യദേശത്തന്ധകാരത്തെ-
കോരിച്ചൊരിഞ്ഞ ജാപ്പുകൾ,
നാസിസം പ്രാചിദിക്കിൽ വീശിയ-
താം കരിനിഴൽപ്പാടുകൾ,
ആകവേ മാഞ്ഞുപോകേണ്ട കാല-
മാസന്നമാകാറായല്ലോ.

(5)

(പി. കാർത്ത്യായിനി അമ്മ)

(അന്നനട)

വിജയിച്ചല്ലോ നാം വിജയിച്ചല്ലോ നാം
വിജയിച്ചല്ലോ നാം മഹാ സമരത്തിൽ.
തകർന്നു 'നാസിസം' പൊളിഞ്ഞു 'ഫാസിസം'
ഇനിയവയൊട്ടും തലയുയർത്തിടാ.

കഴിഞ്ഞു പാശ്ചാത്യ, സമര,മെങ്കിലോ
കഴിഞ്ഞില്ലാഹവം, കരുതി നിൽക്കുവിൻ!


ഇനിയുമൊട്ടുണ്ടു നരാധമരായി
കിഴക്കൻ രംഗത്തിൽ മദിച്ച "ജാപ്പുകാർ."
അവരെക്കൂടിനാമമർത്തിയെങ്കിലേ
തികഞ്ഞ വിശ്രമം നമുക്കു കൈവരൂ!

ഇനിമേൽ 'യുദ്ധ'മെന്നൊരൊററ വാക്കുനാ-
മൊരിക്കലും കേൾക്കാതിരിപ്പതിന്നായി
വിപുലമാകിന ജനകീയൈക്യത്തിൻ
സരണിയിൽക്കൂടി സമത്വപൂർവ്വകം
ചരിക്ക നാമെല്ലാം—കുതിക്ക മുന്നോട്ടു!
തകർക്ക ശത്രുവെ;—വിജയം നേടുവിൻ!!


* * *

വിജയിച്ചല്ലോ നാം വിജയിച്ചല്ലോ നാം
വിജയിച്ചല്ലോ നാം പടിഞ്ഞാറെങ്ങുമേ.


# ചിതറിയ ചിത്രങ്ങൾ—ഇക്കഴിഞ്ഞ യൂറോപ്യൻ യുദ്ധരംഗത്തിലെ വിവിധരംഗങ്ങൾ



‘മോണ്ടി’യും ചർച്ചിലും യുദ്ധരംഗത്തിൽ.



1942 ജർമ്മൻ വിജയങ്ങൾ നാസികൾ ആഘോഷിക്കുന്നു.



ഗ്രീസിന്റെ തലസ്ഥാനമായ അഥൻസ് വിമോചിതമാകുന്നു.




1944 ജൂൺ 16-ാംനു ചക്രവർത്തി ഫ്രാൻസ് സന്ദർശിച്ചപ്പോൾ.




അന്നു ഒരു തടവുപുള്ളി. ഇന്നു പ്രധാനമന്ത്രിയും യൂഗോസ്ലാവിയയുടെ വിമോചകനും.
മി. ചർച്ചിലും മാർഷൽ ടിറ്റോവും.



അവർ ഹിറ്റ്ലരെ വിജയകാലത്തേ ആവശ്യമുണ്ടായുള്ളൂ, പരാജയത്തിൽ അവർ ശത്രുക്കളായി.
ഹിറ്റ്ലർക്കെതിരായി ഗൂഢാലോചന ചെയ്ത ചില മിലിട്ടറി നേതാക്കന്മാർ വിചാരണയിൽ.



ഡി. ദിനം ആരംഭിക്കുന്നു.



എൽ അലമേനിൽവെച്ചു നാസികളെ തടഞ്ഞു നിർത്തി.



“ഫാസിസം നശിക്കട്ടെ! ഞങ്ങളുടെ സ്വാതന്ത്ര്യം വീണ്ടും കിട്ടി!”
അൽബേനിയയുടെ സ്വാതന്ത്ര്യദിനം.

# യുദ്ധവും വൈദ്യശാസ്ത്രവും

## ചികിത്സാപരമായും ശസ്ത്രക്രിയാപരമായും യുദ്ധകാലത്തു റഷ്യയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ

(ഡോക്ടർ കെ. സി. പത്മാവതി)

മിലിട്ടറി ഡോക്ടർമാരുടെ പ്രവൃത്തികൾ സാധാരണ ഡോക്ടർമാരിൽനിന്നും വ്യത്യസ്ഥപ്പെട്ടതാണ്. കഷ്ടപ്പാടിന്നു പരിഹാരം നൽകുക, ജീവനെ രക്ഷിക്കുക, ആരോഗ്യത്തെ നിലനിർത്തുക ഈവക കാര്യങ്ങളിൽ അവ ഒന്നാണെന്നു പറയാം. പക്ഷെ ഇവയിൽനിന്നു മികച്ച ഒരു ജോലി അവർക്കുണ്ട്. കഴിയുന്നത്ര ആളുകളെ വെടിയുണ്ട വിതറുന്ന യുദ്ധമുന്നണിയിൽ നിർത്തുക, മുറിവോ, രോഗമോ പിടിപ്പെട്ടാൽ എത്രയും വേഗത്തിലും എളുപ്പത്തിലും അവരെ അവിടെനിന്നു നീക്കം ചെയ്യുക.

മുറിവിനേക്കാൾ അധികം രോഗബാധിതരായിട്ടാണ് മിക്കപേരും യുദ്ധമുന്നണി വിടുന്നതു്. അതുകൊണ്ടു മിലിട്ടറി മെഡിക്കൽ ഓഫീസർമാരുടെ ശ്രദ്ധ രോഗം ഉണ്ടാകുവാൻ കാരണഭൂതമാകുന്ന ജലവിതരണം മുതലായ ശുദ്ധീകരണ കാര്യങ്ങളിൽ പതിപ്പിയ്ക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ഈച്ച, കൊതു, മററു കൃമികൾ ഇവയെ നശിപ്പിയ്ക്കുക, ആവൃതവാതം (ടെററാനസ്), സന്നിവാതം ജ്വരം (ടൈഫോയ്സ്) മുതലായവ വരാതിരിയ്ക്കുവാൻ കുത്തി വെക്കുക ഇവയും അവർ ചെയ്യേണ്ടതായിട്ടുണ്ട്.

ഈ പരിഷ്കരിച്ച കാലത്തു ശാരീരികമായും ചികിത്സാപരമായും കൂടുതൽ പരിജ്ഞാനം സിദ്ധിച്ച വൈദ്യപടുക്കളെയാണ് ആവശ്യം. എത്രതന്നെ ശക്തിയുള്ള യന്ത്രങ്ങളായാലും അതു ഉപയോഗിയ്ക്കുവാൻ തക്ക ശരീരബലം ഇല്ലാത്തവരുടെ പക്കലാണ് കിട്ടിയതെങ്കിൽ അതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ല. കാലാവസ്ഥയുടെ ഉഗ്രതയെ കുറക്കുവാനും അല്ലെങ്കിൽ ജനങ്ങളെ അതിൽനിന്നും രക്ഷിയ്ക്കുവാനും താഴു പരിതസ്ഥിതികളിൽ ദേഹത്തെ പഴക്കുവാനും, മൂടിയ വെളിച്ചത്തിൽ കണ്ണുകേടു വരാതിരിക്കുവാനും ഒരു കണക്കാക്കിയ അളവിൽ പോഷകാംശവും രുചിയുമുള്ള ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുവാനും, കടൽക്കാററിൽനിന്നും ഉണ്ടാകാവുന്ന രോഗങ്ങളിൽനിന്നു രക്ഷ നേടുവാനും എന്നു മാത്രമല്ല ഇതുപോലെ അനവധി കാര്യങ്ങളെപ്പററി തീർച്ചയാക്കുന്നതിന്നു യുദ്ധം തുടങ്ങിയഉടനെ ബ്രിട്ടനിലെ മെഡിക്കൽ റിസേർച്ച് കൌൺസിൽ കൂടിയാലോചന നടത്തി. ഈ കണ്ടുപിടിത്തങ്ങൾക്കായി അനവധി യന്ത്രങ്ങൾ ധൃതിയിൽ ഉണ്ടാക്കപ്പെട്ടു. റഷ്യൻകാരാകട്ടെ ഈ കാര്യത്തിൽ മററുള്ള രാജ്യങ്ങളെ കവച്ചുവെച്ചു.

പക്ഷെ യുദ്ധക്കളത്തിലുള്ള അവരുടെ വിജയവും, സർവ്വവിധേനയുള്ള യുദ്ധസഹായവും ഈ സംശയം തീർത്തു. അതു അവരെ സംതൃപ്തരാക്കി. അവരും പട്ടാളശക്തിയെ വർദ്ധിപ്പിയ്ക്കുവാൻ കണ്ടുപിടുത്ത കേന്ദ്രങ്ങളെ പുതിയതായി സൃഷ്ടിച്ചു.

റഷ്യക്കാർ യഥാർത്ഥ്യവാദികളാണ്. അവരുടെ മിലിട്ടറി സർജന്മാർ മററുള്ളവരെപോലെതന്നെ രോഗകാരണത്തെ ഏതുവിധേനയും നശിപ്പിക്കണമെന്ന പക്ഷക്കാരുമാണ്. അതുകൊണ്ടു ചുവപ്പു പട്ടാളത്തിലെ ഓരോ പട്ടാളക്കാരനും മററുള്ളവരേക്കാൾ ജർമ്മൻകാരോടു പൊരുതുവാൻ ശീതകാലത്തെ കുളിരിനെ എതിരേല്ക്കുവാൻ സാമഗ്രികളോടുകൂടി തയ്യാറാവുന്നു. മോസ്കോ പട്ടണത്തിലെ തെരുവുകളിൽ നോക്കുന്നതായാൽ തണുപ്പിൽനിന്നും, നനവിൽനിന്നും, രക്ഷ കിട്ടുവാൻ മററുള്ളവരേക്കാൾ നല്ല കാൽചട്ടകൾ ഒരു റഷ്യൻ പടയാളി ധരിച്ചിരിക്കുന്നതായി കാണാം. പൊതുജനങ്ങളിൽ ആരും തന്നെ അതിനെപ്പററി ശപിയ്ക്കുയോ വേവലാതിപെടുകയോ ചെയ്യുന്നതായി കാണില്ല. പട്ടാളക്കാരുടെ ഏതൊരു സൌകര്യവും അവർ വകവെച്ചുകൊടുക്കുന്നു. ചുവപ്പുപട്ടാളം നാട്ടിന്റെ ഓമനയാണ്. ജനങ്ങൾക്കു ഒരു തികഞ്ഞ വിശ്വാസമുണ്ടു് അവരിൽ ഒരുപക്ഷെ ഇതായിരിക്കാം അവരെ എന്തു ധീരകൃത്യവും ചെയ്യുവാൻ ഉത്സുകരാക്കുന്നതു്. മാർഷൽ സ്റ്റാലിന്റേയും അദ്ദേഹത്തിന്റെ അനുഗാമികളുടേയും പ്രവൃത്തിയാണ് ജനങ്ങളിൽ ഇപ്രകാരമുള്ള ഒരു ബോധത്തേയും അതുപോലെ ഒരു സേനയേയും സൃഷ്ടിച്ചതു്.

ചുവപ്പു പട്ടാളത്തിലെ ഡോക്ടർമാരുടെ മുഴുവൻ നേട്ടങ്ങളേയും പററി സവിസ്താരം അറിയണമെങ്കിൽ യുദ്ധം കഴിഞ്ഞു അനവധികൊല്ലം കഴിയേണ്ടിവരും. ഇതു ഒരു ചുരുങ്ങിയ വിചാരംമാത്രമാണ്.

ചുവപ്പുസേനയുടെ ഒരു നേട്ടം അവർ ഇന്നും പടക്കളത്തിലാണെന്നുള്ളതാണ്. മാത്രമല്ല അവർ സർവ്വ പ്രതിബന്ധങ്ങളേയും എതിർത്തു മേൽക്കുമേൽ വിജയികളായും വന്നു. അനവധി നല്ല പട്ടാള വകുപ്പുകൾ ശുശ്രൂഷപോരാതേയും പകർച്ചവ്യാധികൊണ്ടും ശരിക്ക് നല്ല ചികിത്സ ലഭിക്കാതെ നശിച്ചുപോയിട്ടുള്ളതു ചരിത്രത്തിൽനിന്നും നമുക്കു മനസ്സിലായി. എന്നാൽ ഒരു റഷ്യൻ പട്ടാളക്കാരന്നു അവർ വേണ്ടത്ര നിഷ്കർഷ ചെയ്യുന്നുണ്ടു്. അതു മററുള്ളവർക്കുകൂടി ഒരു ഉദാഹരണമാണ് യു. എസ്സ്. എസ്സ്. ആർ.ലെ ജനങ്ങളുടെ ആരോഗ്യനിയന്ത്രണകർത്താവ് പ്രസ്താവിയ്ക്കുയുണ്ടായി അവർ യുദ്ധക്കളത്തിൽനിന്നും രണ്ടു ഭക്ഷിച്ച വസ്തുക്കളെ ഉന്മൂലനാശം ചെയ്യുവെന്ന്. ഒന്നു ഗാസ്ഗേംഗ്റീൽ (ഒരുവക വ്രണം). രണ്ടു ടൈഫസ് ഫീവർ (പകർച്ചപ്പനി). മാത്രമല്ല യുദ്ധം തുടങ്ങിയ മുതൽ അവിടെ വിഷൂചിക (കോളറ) ഉണ്ടായിട്ടില്ലത്രെ. പുറമെ യുദ്ധക്കളത്തിൽനിന്നും മുറിവേററു വരുന്നവരിൽ 70 ശതമാനം പേരേയും അവർ തിരിച്ചയയ്ക്കുന്നു. അല്ല വേറൊരു രാജ്യത്തും ഉണ്ടായിട്ടില്ല. നമ്മൾ 60 ഉം, 70 ഉം ശതമാനത്തോളം വീണ്ടും പ്രവൃത്തിയിൽ ചേരുന്നുണ്ടെങ്കിലും വീണ്ടും യുദ്ധക്കളത്തിലേക്കു അയക്കത്തക്കവിധത്തിലാകുന്നില്ല.

ഗാസ്ഗാങ്ഗ്റീനോ(ഒരുവക ദുഷ്ടവ്രണം), ടൈഫസ്സോ (പകർച്ചപ്പനി) അവർ തീരെ നശിപ്പിച്ചു എന്നു പറയുന്നതു മററുള്ളവർ വിശ്വസിയ്ക്കുന്നില്ലെങ്കിലും ഒന്നു തീർച്ചയാണ് അവർ പകർച്ചപ്പനിയെ ഒരുവിധം സമാധിപ്പിച്ചിട്ടുണ്ടെന്നുള്ളതു്. ഗാസ്ഗാങ്ഗ്റീന്നു മററുള്ളവർ ചെയ്യുന്ന ചികിത്സാപദ്ധതി തന്നെയാണ് അവരുടേയും എന്നു പറയുന്നു. അതുകൊണ്ടാണ് അവർ അതു വിശ്വാസയോഗ്യമായി കരുതാതിരിയ്ക്കുന്നതു്. ഒരുപക്ഷെ അവർക്കു അതിലും നല്ല ചികിത്സാപദ്ധതി അറിയുമായിരിയ്ക്കാം. എന്നാൽ മററു സഖ്യസേനാഡോക്ടർമാർക്ക് അതിനെ പററി യാതൊരറിവും കിട്ടിയിട്ടില്ല.

ഈ കണ്ടുപിടുത്തത്തെപ്പററി പറയുമ്പോൾ മൂന്നു പ്രധാന ഡോക്ടർമാരുടെ പേരുകളാണ് കൺമുന്നിൽ പ്രത്യക്ഷപ്പെടുന്നതു്: (1) മെണ്ടേലവ്, (2) മെക്ക്നിക്കോവ്, (3) പവ്ലോവ്. മെണ്ടേലവ് ഒരു നല്ല രസതന്ത്രപടു (കെമിസ്റ്റ്) വാണ്. യുദ്ധക്കളത്തിൽ യാതൊരപകടവും കൂടാതെ ഉപയോഗിക്കുവാൻ അദ്ദേഹം 'സൾഫനമെസ്' എന്ന മരുന്നിന്റെ ദൂഷ്യങ്ങളെ പരിഹരിച്ചു.

പ്രൊഫസർ പവ്ലോവും, പ്രൊഫസർ ലോസോവസ്കിയും ഈ മരുന്നിനെ ഇതിനെ രണ്ടു വിധത്തിലായി രൂപാന്തരപ്പെടുത്തി അതു രണ്ടും ഇൻറാവീനസ് ആയി (ധമനികളിൽകൂടി) ഉപയോഗിക്കുന്നതിൽ കുറച്ചുംകൂടി അപകടം കുറഞ്ഞതാണെന്നു പറയുന്നു. ഒരു കാര്യത്തിൽ അവർ ഇതിൽ മററുള്ളവരേക്കാൾ മികച്ചു നില്ക്കുന്നു. അതായതു, നാഡികൾ (ആർട്ടറി) വഴിയായും ധമനികൾ വഴിയായും അവർ ഇഞ്ചക്ഷൻ (കുത്തിവെക്കുക) കെടുക്കുന്നുണ്ട്. ഇവിടെ നമുക്കു പെൻസിലിനെ പററി മറക്കുവാൻ സാദ്ധ്യമല്ല. പ്രൊഫസർ എച്ച്. ഡബ്ലിയു. ഫ്ലോറയെ കുറെ പെൻസിലിൻ മോസ്കോവിലേക്കയച്ചു. സയിൻസിനെ പററി ഏതൊരു കണ്ടുപിടുത്തം ഉണ്ടായാലും അതു റഷ്യക്കാരെ അറിയിക്കുവാൻ തങ്ങൾക്കു യാതൊരു മടിയും ഇല്ലെന്നു കാണിയ്ക്കുവാൻ ബ്രിട്ടീഷു ഗവർമ്മേണ്ടും അമേരിക്ക ഗവർമ്മേണ്ടും ചെയ്തു ഒരു വിദ്യയായിരുന്നു അതു്. അവരുടെ ആ മനസ്ഥിതിയെ തീർച്ചയായും നമുക്കു അഭിമാനിച്ചേ തീരു.

പ്രൊ. മെക്ക്നിക്കോവ് പാരീസിൽവെച്ചു രോഗാണുക്കളെപ്പററി പല ഗവേഷണങ്ങളും നടത്തിയിട്ടുണ്ട്. അപ്രകാരമുള്ള ബാധയിൽനിന്നും ദേഹത്തെ പ്രകൃത്യാ എങ്ങിനെ രക്ഷിക്കേണമെന്നും അദ്ദേഹം വിസ്തരിച്ചു. രോഗാണുശാസ്ത്രത്തെപ്പററി റഷ്യക്കാരുടെ ശ്രദ്ധ ഇത്ര അധികം ആകർഷിച്ചതു ഇദ്ദേഹം മൂലമാണ്. പ്രൊഫസർ ബോഗൊമോലററ്സ് കുതിരകളുടെ പ്ലീഹ അണ്ടിയിലും, മേദോവാഹിനി അണ്ടിയിലും (സ്പ്ലീനിക്ക് എൻറലിഫ്ററിക്ക് ടിഷ്യു) കുത്തിവെച്ചു മേദസ്സു (സീറം) ഉണ്ടാക്കി. ഈ സീറം പയററിലെപുണ്ണിന്നും (ഗാസ്നറിക അൾസർ) മുറി വേഗത്തിൽ ഉണങ്ങുവാനും വളരെ നല്ലതാണ്. ഇതു ഉപയോഗിച്ചു തുടങ്ങിയതിന്നുശേഷം എല്ലൊടിവുകൾക്കും മുറിവുകൾക്കും 20 ശതമാനം കുറവുണ്ടെന്നാണ് അവർ പറയുന്നതു്.

ഇതിന്നു ഈ ചികിത്സക്കു അവർ വേറേയും മരുന്നുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

സയിൻസിന്റെ വളർച്ചയ്ക്കു് മനഃശാസ്ത്രപരിജ്ഞാനം അത്യാവശ്യമാണെന്നു പ്രൊ. പവ്ലോവ് പറയുന്നു. അദ്ദേഹം കുറെപേരെ അതു പരിശീലിപ്പിച്ചു. ചുവപ്പു സേനയിലെ ചികിത്സാ നിയമനക്കാർ ആ പദ്ധതി സ്വീകരിക്കുകയും ചെയ്തു അവർ പ്രത്യേക ആസ്പത്രികളിൽ പോയി. ഇതുകൊണ്ടു അവർക്കു രണ്ടു കാര്യങ്ങൾ സാധിച്ചു. ഒന്ന് തങ്ങളുടെ ചികിത്സ നടത്തുക, മറെറാന്നു അവരിൽനിന്നും പഠിയ്ക്കുക. റഷ്യക്കാർ തങ്ങളുടെ ആയുധപരിശീലനത്തെക്കാൾ അധികം ശത്രുവിന്റെ ആയുധപരിശീലനവും ഉപയോഗിയ്ക്കുന്ന ക്രമവും മററും ആദ്യം പഠിയ്ക്കുന്നു. ശത്രുവിന്റെ പുതിയ തരം എല്ലാ യന്ത്രങ്ങളെപ്പററിയും അവർ പഠിയ്ക്കുന്നു. പിന്നീടു അവർ മററു സഖാക്കൾക്കില്ലാത്ത ചില ഗുണത്തോടെ പട്ടാള താവളത്തിൽ പോകുന്നു. മറെറാന്നിന്നുമല്ല, ശത്രുക്കളെ നശിപ്പിയ്ക്കുവാൻ. ഈ ഒരു ഗുണം കൊണ്ടു അവർ മററുള്ളവരിൽനിന്നും മികച്ചു നില്ക്കുന്നു.

ചികിത്സാപരമായി എത്രയും, പ്രാഥമികമായ 'ശുചി' യിലും അവർ മനശാസ്ത്രം ഉപയോഗിയ്ക്കുന്നു. മുറിവുപററിയ ആളുകൾ എത്രയും വൃത്തികേടോടുകൂടിയും പലപ്പോഴും അനവധി കാലമായി ക്ഷൌരം ചെയ്യാതേയും വരുന്നു. ആസ്പത്രിയിലെ സ്വീകരണ മുറിയിൽതന്നെ ഒരു ക്ഷുരകനെ കാണാം. അതു നമ്മുടെ നാട്ടിലുള്ള ഒരു സാധാരണ ക്ഷുരകനല്ല. പിന്നേയോ ഔദ്യോഗികമായി പരിശീലനം കഴിച്ച ക്ഷുരകൻ. അവിടെ വെച്ചു തന്നെ ക്ഷൌരം ചെയ്തു വൃത്തിയാക്കുന്നു. അവിടെനിന്നു കുറച്ചു വോഡ്ക എന്ന മദ്യം കൊടുത്തതിന്നുശേഷം നേർസ്മാരുടേ മേൽനോട്ടത്തിൽ കുളിപ്പിയ്ക്കുന്നു. തന്നത്താൻ കുളിക്കുവാൻ വയ്യാത്തവരെ അവർ കുളിപ്പിച്ചു കൊടുക്കുന്നു. അതിന്നുശേഷം അവരെ പൈ

ജാമ ധരിപ്പിയ്ക്കും. അങ്ങിനെ അവൾക്കു തന്നത്താൻ ഒരു മതിപ്പു വന്നതിന്നുശേഷമേ പരീക്ഷിക്കുകയോ മുറിവു കെട്ടുകയോ തുടങ്ങുകയുള്ളൂ. അല്ല കേസ് കുറച്ചു അപകടമാണെങ്കിൽ ഇതൊന്നും കൂടാതെ ഉടനെ തന്നെ വേണ്ടതു ചെയ്യും. കാലിന്നു ഒടിവോ മറേറാ പററിയതാണെങ്കിൽ മരപ്പലകയിൽ കിടത്തി കട്ടിലല്ലാം നല്ലവണ്ണം കെട്ടിയതിന്നുശേഷം കുളിപ്പിയ്ക്കുന്നു. നല്ല കുളി അവൾക്കുണർവ്വുണ്ടാക്കുന്നു. റഷ്യക്കാരുടെ ബുദ്ധിപൂർവ്വമായ പ്രവൃത്തിക്കുള്ള ചില ഉദാഹരണമാണ് ഇതു്.

ഫെർസിലോനക്കാരനായ ട്രൂററ ഒരു വലിയ ശസ്ത്രക്രിയാവിദഗ്ദ്ധനാണ്. ഇപ്പോൾ സസന്തോഷം ഈ യുദ്ധത്തിൽ അദ്ദേഹം പ്രവൃത്തിയ്ക്കുന്നു. കഴിഞ്ഞ സ്പേനിഷ് യുദ്ധത്തിൽ അദ്ദേഹം കൈ കാലുകളിലെ കനത്ത മുറികൾക്കു പ്ലാസ്റ്റർ ഓഫ പാരീസിൻെറ ഉപയോഗം വളരെ മെച്ചപ്പെട്ടതാണെന്നു തെളിയിച്ചു. മുറുക്കി കെട്ടിയിൽ മാംസകോശങ്ങൾ ഇറുകാതിരിക്കുകയും ധമനികളിലും മേദോവാഹിനികളിലും അവയ്ക്കുള്ള ചാട്ടം ഇല്ലാതാകുകയും ചെയ്യാൽ മുറിവിൽനിന്നു ഈ വിഷബീജത്തിന്നു രക്തത്തിൽ എത്തുവാൻ സാധിയ്ക്കാതാവുന്നു. വിറെഗോവ് എന്ന പേർ എല്ലാ ബ്രിട്ടീഷ് മെഡിക്കൽ വിദ്യാർത്ഥിയ്ക്കും അറിയാവുന്ന ഒന്നാണ്. അദ്ദേഹം ഒരു പുതിയ രീതിയിലുള്ള അംഗഛേദം (ഏമ്പ്യൂറേറഷൻ) കണ്ടുപിടിച്ചു. അദ്ദേഹത്തെപ്പററി റഷ്യയിലെ മകച്ച സർജ്ജനെന്നുമാത്രമല്ല മിലിട്ടറി സർജ്ജൻമാരിലെല്ലാം വെച്ചിട്ട വിദഗ്ദ്ധനാണെന്നു പറയുന്നു. ക്രിമിയായുദ്ധത്തിൽ ഇദ്ദേഹം ഒടിവുകൾക്കു പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ചു.

വിറഗോവിൻെറ ശസ്ത്രക്രിയാപരിജ്ഞാനം അപാരമായിരുന്നു. ഇദ്ദേഹമാണ് റഷ്യൻ പട്ടാള ആസ്പത്രികൾ നേർസ്മാരെ നിയമിച്ചതു്.

മററുള്ള എല്ലാ രാജ്യത്തേക്കാൾ അധികം നർസിങ്ങിൽ ശ്രദ്ധ പതിപ്പിയ്ക്കുന്നതു റഷ്യയിലാണ്. പക്ഷെ സോവിയററു നാട്ടിലെ യുദ്ധത്തിനുമുമ്പും ഇപ്പോഴും ഉള്ള സ്ത്രീകളുടെ നിലക്കു വ്യത്യാസമുണ്ട്. ഒരു പക്ഷെ അവൾക്കു പുരുഷന്മാരൊടൊപ്പംതന്നെ ഒരു സ്ഥാനം ഉള്ളതുകൊണ്ടായിരിക്കാം. നർസ്മാർ യുദ്ധമുന്നണിയിൽ ഉള്ള ആസ്പത്രിയിലെന്നുമാത്രമല്ല യുദ്ധക്കളത്തിൽതന്നെ പോകുന്നു. വെടിയുണ്ടകളുടെ ചുവട്ടിൽ ചെന്ന് അവർ മുറിയേററവരെ കൊണ്ടുവന്നു പരിചരിയ്ക്കുന്നു. ഓരോ തെരുവിൻെറ മൂലയിലും തോക്കു ചുമന്ന സ്ത്രീകളെക്കാണാം.

പൈൻകാട്ടിലുള്ള ഒരു ആസ്പത്രിയിൽ 2,000 കട്ടിലുണ്ട്. 700 രോഗികളെ അവിടെ ഉള്ളൂ. 4,000 കട്ടലിന്നുള്ള സ്ഥലമുണ്ട് അവിടെ എന്നു പറയപ്പെടുന്നു. നർസ്മാർ അവൾക്കു പണിയില്ലാത്ത സമയം മററു വേലകളിൽ ബാക്കിയുള്ളവരെ സഹായിക്കുന്നു. ഉദ്യോഗം കഴിഞ്ഞ് സായാഹ്നത്തിൽ അവർ വിനോദങ്ങളിൽ ഏർപ്പെടുന്നു.

ശസ്ത്രക്രിയാ മുറിയിലെ സിസ്റ്റർമാരുടേയും സ്റ്റാഫ് നേർസ്മാരുടേയും നില മററു രാഷ്ട്രങ്ങളേക്കാൾ വളരെ മികച്ചതാണ്. രോഗികളെ അവർ ഏററവും ശ്രദ്ധാപൂർവ്വം നോക്കുന്നു.

സ്ത്രീ ഡോക്ടർമാരുടെ എണ്ണവും കുറവില്ല. അനവധി സ്ത്രീ ഡോക്ടർമാർ തങ്ങളുടെ ധീരതക്കു സമ്മാനം വാങ്ങിയവരാണ്. യുദ്ധത്തിന്നു മുമ്പെ മെഡിക്കൽ വിദ്യാർത്ഥിനികൾ 50 ശതമാനവും യുദ്ധകാലത്തു 85 മുതൽ 90 ശതമാനവും ആകുന്നു. അതിൽ ഒരു കൊല്ലത്തിൽ 24,000 പേർക്കു പരിശീലനം ലഭിക്കുന്നുണ്ട് സ്ത്രീകളും പുരുഷന്മാരും കൂടി 16,000 മിലിട്ടറി ഡോക്ടർമാർക്കു മിലിട്ടറി ചികിത്സയിൽ 1942 ൽ പ്രത്യേക പരിശീലനം കൊടുത്തിട്ടുണ്ട്.

മുറിവേററവരുടെ ജീവനെ രക്ഷിയ്ക്കുവാൻ പുതിയ സമ്പ്രദായപ്രകാരം ചോര കുത്തിവെയ്ക്കുക (ബ്ലഡ് ട്രൻസ്ഫ്യൂഷൻ) യാണല്ലോ. ഈ ഒരു കാര്യത്തിൽ മററു രാഷ്ട്രങ്ങളെ അപേക്ഷിച്ചു റഷ്യ ഒട്ടും തന്നെ പിന്നിലല്ല. അവരുടെ ചോര സംഭരിയ്ക്കുക, സൂക്ഷിയ്ക്കുക, വിതരണം ചെയ്യുക, ഉണങ്ങിയ ചോരകൊണ്ടു മരുന്നുണ്ടാക്കുക എന്നീ സമ്പ്രദായത്തിൻെറ ഗുണങ്ങൾ അവർ എത്രക്കണ്ടും ജീവനെ രക്ഷിയ്ക്കുന്നു എന്നതിൽ കണ്ടറിയാവുന്നതാണ്. അവരുടെ മന:ശാസ്ത്രത്തെ ഒരു ചെറിയ കാര്യം കൊണ്ടു നമുക്കു അഭിമാനിക്കാം. ചോര അധികവും 95 ശതമാനവും കൊടുക്കുന്നതു് സ്ത്രീകളാണ്. ഓരോ കുപ്പിയിലും ആ ചോര കൊടുക്കുന്ന സ്ത്രീയുടെ പേരും എഴുതി പററിക്കുന്നു അതുകൊണ്ടു ഓരോ ചോര കൊടുക്കുന്ന ഭടനും തനിക്കു സഹായം നല്കുന്ന ആ സ്ത്രീയുടെ പേർ അറിയുന്നു. ഓർമ്മിക്കുന്നു. ആ ഭടനു അറിയാം അയാൾ ആ സ്ത്രീക്കു കടപ്പെട്ടവനാണെന്ന്. പിന്നേയും മുറിവേററു ചോരയുടെ ആവശ്യം വരുന്നപക്ഷം ആദ്യം ചോര കൊടുത്ത ആ സ്ത്രീയോടുതന്നെ പിന്നേയും മേടിക്കുന്നു.

ചോര കൊടുത്ത ഓരോ സ്ത്രീയും അതിൻെറ പരീക്ഷാഫലം അറിയുവാൻ വളരെ ഉത്സുകയാവുന്നു. ഇതിൽ ശ്രദ്ധേയമായിട്ടുള്ളതു് അവർ ചോരകൊടുക്കുന്ന സമ്പ്രദായമാണ്. ചോര എടുക്കുന്ന സ്ഥലത്തു എല്ലാ സ്ത്രീകളും ശുഭ്രവസ്ത്രധാരികളായി വായയും മൂക്കും മൂടി കെട്ടി (മാസ്ക്) തൊപ്പിധരിച്ചു തയ്യാറായി നില്ക്കുന്നു. ചോര എടുക്കുന്നതിന്നുമുമ്പ് കൊഴുപ്പു (ഫേററ്) ചേരാത്ത ലഘുഭക്ഷണം അവൾക്കു കൊടുക്കുന്നു. വേറൊരു സ്ഥലത്തു അവരെ ഉള്ളിലോട്ടു കൊണ്ടുപോകുന്നില്ല. ഒരു കട്ടിലിൽ കിടന്നു ജന്നലിൽക്കൂടെ കയ്യുമാത്രം നീട്ടികൊടുക്കുന്നു. ഒരു ഇൻസ്റ്റിററ്യൂട്ടിൽ ഒരു ദിവസം 800 പേർ ചോര കൊടുക്കുന്നുണ്ടെന്നു പറയുന്നു. ചോര എടുക്കുന്നതിന്നുള്ള തലസ്ഥാനങ്ങൾ 79-ം അതിൻെറ കീഴിൽ 1,500 ചെറിയ സ്ഥലങ്ങൾ ഉണ്ടെന്നും പറയുന്നു.

ഓർബേലി എന്നും ലീനസ്റ്റേൺ എന്നും പറയുന്ന രണ്ടു വിദഗ്ദ്ധന്മാർ ഓട്ടോണമിക് നർവ്വസ്സ് സിസ്റ്റത്തിനെപ്പററി ഗവേഷണം നടത്തി. ലീ സ്റ്റേൺ എന്ന ഒരു വിദ്യുൽസമ്പന്നമാത്രമാണ് ഷോക്ക് (മിന്നൽമയക്കം)നെപററി ചർച്ച ചെയ്തതു്. അതു ഒരു സ്ഥാനത്തെത്തിയാൽ പിന്നെ എത്രതന്നെ ചോര കുത്തിവെച്ചാലും (ബ്ലഡ്ട്രേൻസ്ഫ്യൂഷൻ) ഫലമുണ്ടാവില്ലെന്നു പറയുന്നു. ചോരയോട്ടം അതു മൂലം സമ്മിശ്രമാകുന്നു. അതുകൊണ്ടു അതു ചികിത്സാതീതമാണെന്ന് പറയുന്നു. അതു രക്തവാഹിനികളുടെ മാംസപേശിക്കു ബലമില്ലാതാവുന്നതുകൊണ്ടുണ്ടാവുന്നതാണത്രെ. സെറിബ്രൽ വെൻറിക്കൾസ് കൊണ്ടു നിയമനം ചെയ്യാമെന്നാണ് സ്റ്റേനിൻെറ അഭിപ്രായം (ഫോർത്ത് വെൻറിക്കൾ). അവളുടെ ഈ പരീക്ഷാഫലമായി അനവധി വിജയമുണ്ടായിട്ടുണ്ട്. കോശങ്ങൾ (cisternal) വഴിയുള്ള ചികിത്സകൊണ്ടു ടെററാനസ് (ധനുർവ്വാതം) മാററാമെന്നു ലീനാസ്റ്റേൻ അഭിപ്രായപ്പെടുന്നു.

ഫ്രോസ്റ്റ് ബൈററിന്നുള്ള (മഞ്ഞുള്ള രാജ്യങ്ങളിൽ ഉണ്ടാവുന്ന സുഖക്കേട്) അവരുടെ ചികിത്സ വളരെ വ്യത്യസ്തപ്പെട്ടതാണ്. എല്ലാ കുന്നും മലയും ഉള്ള രാജ്യക്കാർക്കും അറിയാൻ ഫ്രോസ്റ്റ് ബൈററുള്ള സ്ഥലം ഉടനെ ചൂടു പിടിപ്പിക്കരുതെന്ന്. മഞ്ഞുകൊണ്ടു ആ ഭാഗം നല്ലവണ്ണം മട്ടിക്കണം. അല്ലെങ്കിൽ ആ ഭാഗം തണുപ്പിൽ വെക്കണം. റഷ്യക്കാരാകട്ടെ ഇപ്പോൾ അവരെ വളരെ ചൂടുള്ള ഒരു മുറിയിൽ സൂക്ഷിയ്ക്കുന്നു. എന്നിട്ടു ആ ഫ്രോസ്റ്റ് ബൈററുള്ള ഭാഗം നല്ലവണ്ണം ചൂടാക്കുന്നു. കെട്ടുപോയ മാംസപേശിയെ ഉടനെ നീക്കം ചെയ്യണമെന്നവർക്കറിയാം.

1812 ൽ ലാറെ പറയുകയുണ്ടായി, മോസ്കോവിലെ പൊതുജന ആസ്പത്രിയും പട്ടാളആസ്പത്രിയും വളരെ മെച്ചപ്പെട്ടതാണെന്ന്. പക്ഷെ ഇന്നതു പറയുവാൻമേലാ. കെട്ടിടങ്ങളൊന്നും പുതിയതല്ല. അതിൽ ഒന്നുമാത്രമാണ് സോവിയററുകാർ അധികം ശ്രദ്ധ പതിപ്പിക്കാതിരുന്നിട്ടുള്ളതു്. വി. ഐ. ഇ. എം. എന്ന കണ്ടുപിടുത്ത നിലയം ആദ്യം ലനിൻഗ്രാഡിൽ വേണമെന്നു തീരുമാനിച്ചുവെങ്കിലും പിന്നിടു സ്റ്റാലിൻഗ്രാഡിലാക്കി. 500 കട്ടിലുണ്ട് അവിടെ ആരോഗ്യ പഠനാർത്ഥം. 100 ലബോററട്ടറികളും 1,300 ഓർഡർലികളുമുണ്ട്. എം. ഡി. പരീക്ഷക്കു പോകുന്ന യാതൊരു വിദ്യാർത്ഥിയും അവരുടെ ഗവേഷണ ഫലം എഴുതി കൊടുക്കണം.

യുദ്ധക്കളത്തിൽനിന്നും പ്രവൃത്തി എടുക്കുവാൻ വയ്യാത്തവിധത്തിലായി മടങ്ങിവരുന്നവർക്കു വീടുണ്ടാക്കുവാനുള്ള റഷ്യക്കാരുടെ ഉദ്ദേശവും അഭിനന്ദനിയമാണ്.

കാടുകളിൽ അങ്ങിങ്ങായി ടെൻറടിച്ച ആസ്പത്രികളും അവർ ഉണ്ടാക്കിയിട്ടുണ്ട്. ചുവപ്പുസേനയിൽ ദന്തവൈദ്യവിഭാഗവും ഒട്ടും കുറവല്ല. 0 ലക്ഷത്തിലധികം പട്ടാളക്കാർ പുതുതായി പല്ലു വെച്ചിട്ടുണ്ടെന്നു പറയുന്നു. കൃത്രിമ കൈകാലുകളും അവർ ഉണ്ടാക്കിവരുന്നു. സ്റ്റാലിൻഗ്രാഡും, വ്യാസ്മയുംപോലെ വേറെ ഒരു രാജ്യവും ഇങ്ങനെ ബോംബിട്ടു തകർന്നിട്ടില്ല എന്നാണ് പറയുന്നതു്. ബോംബിട്ടു നാശം പററിയാൽ ഉടനെ കൊണ്ടുവരുവാൻ മോസ്കോവിൽ ഒരു സ്ഥലമുണ്ട്. സമാധാനകാലത്തും ഇതുണ്ടായിരുന്നു. അപകടംപററിയാൽ ഉടനെ എമർജൻസി ഹോസ്പിററലിലേക്കു കൊണ്ടുപോകുന്നു. സന്ദേശം കിട്ടിയഉടനെ ഒരു നേർസും ഡോക്ടരുമായി പോകുന്നു. അതിന്നുള്ള സമയം ഒരു മിനുട്ട് 40 സെക്കണ്ട് ആണ്.

റഷ്യൻസൈന്യത്തിലെ മെഡിക്കൽ സംഘത്തിൻെറ ഡയരക്ടർ ജനറാൽ ലഫ്ററനൻറു ജനറാൽ സ്വിർനോവ് ആണ്. അദ്ദേഹത്തിന്നു 37 വയസ്സു പ്രായമായിട്ടേ ഉള്ളൂ.

കൻസൾട്ടൻറ് സർജ്ജൻ ലഫ്ററനൻറു ജനറൽ ബുർഡൻകോവാണ്. അദ്ദേഹം തൻെറ ശ്രദ്ധ മുഴുവനും പട്ടാളവകുപ്പിൽ ചെലുത്തി മററുള്ളവരുടെ ആരാധനക്കു പാത്രീഭവിച്ചു. ന്യൂറൊ സർജ്ജറിയാണ് അദ്ദേഹത്തിൻെറ ഇഷ്ടവിഷയം.

സ്ക്ലിഫ്മാസോവ്സ്ക് ആസ്പത്രിയിലെ പ്രൊഫസർ യൂഡിനാണ് മോസ്കോവിലുണ്ടാവുന്ന അടിയന്തരവും അപകടവുമായ കേസ്സുകളെ നോക്കുന്നതു്. വയറുസംബന്ധമായ ശസ്ത്രക്രിയയിൽ ഇദ്ദേഹം മികച്ചു നില്ക്കുന്നു. ധൈര്യത്തിന്നും സ്ഥിരോത്സാഹത്തിന്നും ഒത്ത ഒരു ആകൃതി അദ്ദേഹത്തിന്നുണ്ടെന്നു പറയുന്നു. യുദ്ധത്തിൽ പലപ്പോഴും അദ്ദേഹം മുന്നണിയിൽ പോയി സർവ്വശക്തിയും ഉപയോഗിച്ചു മററുള്ളവരെ പഠിപ്പിയ്ക്കുകയും മുറിവുകൾക്കും ഒടിവുകൾക്കും മററും ഉള്ള ചികിത്സാക്രമത്തെയും സൂത്രത്തേയും പറഞ്ഞു കൊടുക്കുകയും ചെയ്യുന്നു.

ഇങ്ങനെ പല പ്രകാരത്തിലും റഷ്യയിടെ മിലിട്ടറി മെഡിക്കൽ ഓഫീസർമാർ സൈന്യത്തിൽ ഉണ്ടാക്കാവുന്ന പകർച്ചവ്യാധികളെ ഉന്മൂലനാശം ചെയ്യു പോരിനു സമർത്ഥരാക്കിതീർക്കുന്നു. അതുകൊണ്ടുതന്നെ എത്ര ശക്തിയുള്ള യന്ത്രവും അവർ ഉപയോഗിക്കുവാൻ സമർത്ഥരാണ്. മുറിയേററവരെ അവർ വളരെ ശ്രദ്ധയോടുകൂടിനോക്കി കഴിയുന്നത്രവേഗത്തിൽ സുഖപ്പെടുത്തുന്നു.

(അവലംബം—ഒരു ഇംഗ്ലീഷ് ലേഖനം.)

ചെറുകഥ

# പ്രവാചകൻ

സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി. എ.

ബോംബുവർഷം, ആദ്യമായിട്ടാണ് അന്ന് അതെനിക്കു കാണുവാനിടയായത്. ജാപ്പു വിമാനങ്ങൾ ഉദ്ദേശം ഇരുപതിനായിരം അടി ഉയരത്തിൽ ചിന്നിച്ചിതറി പറക്കുന്നുണ്ടായിരുന്നു. ട്രഞ്ചിലിരുന്നുകൊണ്ടു ഞങ്ങൾ, ഒന്ന്, രണ്ടു, മൂന്നു ഇങ്ങനെ നൂററമ്പതിലധികം ബോംബുകൾ എണ്ണി. ശത്രുക്കൾ മണിപ്പൂർ സ്റ്റേറ്റിന്റെ തലസ്ഥാനനഗരിയിൽ പ്രവേശിച്ചു വീണ്ടും പുരോഗമിക്കുകയാണെന്നും അന്നു ഉച്ചക്കു വിമാനാക്രമണമുണ്ടാകുവാനിടയുണ്ടെന്നുമുള്ള വൃത്താന്തം നേരത്തെതന്നെ ചാരന്മാർവഴി അറിഞ്ഞിരുന്നതിനാലാണ് ആ വിമാനാക്രമണവേളയിൽ ഞങ്ങൾക്കു വളരെയധികം ഭയം ഉളവാകാതിരുന്നത്.

"ബ്രിട്ടീഷ് പടയാളികളേ! നിങ്ങളെ ഇതാ ഒററപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ കീഴടങ്ങുക! ഒരാഴ്ചക്കകം ഈ സ്ഥലം ഞങ്ങളുടെതാകും. ഇന്നു വൈകുന്നേരം ഞങ്ങൾ വീണ്ടും ആക്രമണം നടത്തുന്നുണ്ട്. മനോഹരമായ സമാധാനകാലം കാണ്മാനാഗ്രഹമുണ്ടെങ്കിൽ കീഴടങ്ങിയതായി നിങ്ങൾ ഉടനെ പ്രക്ഷേപണം ചെയ്യണം." ഇങ്ങനെയുള്ള ഒരു ലക്ഷത്തിലധികം ലഘുലേഖകൾ ആ വിമാനാക്രമണാവസരത്തിൽ ശത്രുക്കൾ വിതറിയതായി ഞങ്ങൾക്കു പിന്നിടു മനസ്സിലായി.

ഞങ്ങൾ ഭയപ്പെടാതിരുന്നില്ല. വിമാനാക്രമണം, വീണ്ടും വിമാനാക്രമണം! ശത്രു ഇംഫാലിൽ പ്രവേശിച്ചു. ഞങ്ങളുടെ ഒററപ്പെട്ട യൂണിററു ശത്രുമദ്ധ്യത്തിൽ! പടയാളികളുടെ മനസ്സു പതറാതിരുന്നില്ല. താമസിയാതെ, ശത്രു പറഞ്ഞ വാർത്തകൾ മിക്കതും ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ടു.

വൈകുന്നേരത്തെ വിമാനാക്രമണാവസരത്തിലും ശത്രുക്കൾ കുറെ ലഘുലേഖകൾ വിതറി. വാർത്താപ്രചരണം ബുദ്ധിപൂർവ്വം നടത്തേണ്ടുന്ന ഒരു സുന്ദരകലയാണെന്നു ഇന്നു നിങ്ങളും പറയും.

ആ ബ്രിട്ടീഷ് യൂണിററിൽ ഞങ്ങൾ രണ്ടു പേർ മാത്രമെ ഭാരതീയരായുണ്ടായിരുന്നുള്ളു. രണ്ടാമത്തെ ആക്രമണം കഴിഞ്ഞ ഉടനെ കമാണ്ടിങ്ങ് ഓഫീസർ, മേജർ കെ.—ഇന്ത്യൻ ലഫ്ററിനെൻറിനെ വിളിച്ചു. മേജർ അല്പം പരിഭ്രമിച്ചതായി എനിക്കു തോന്നി. ഇത്രയും ബോംബുകൾ വർഷിച്ചതിന്റെ ഫലമായി, മേജർ കെ—യുടെ കയ്യിന്മേൽ സാരമായ ഒരു പരിക്കേൽക്കുകയും, ഞങ്ങളിൽ ഒരാൾ മൃതിയടയുകയും ചെയ്തു. പരേതൻ മേജർ കെ—യുടെ ഇളയസഹോദരനായിരുന്നു.

ലഫ്ററിനെൻറ് ഹരിസാരൻ, അപ്പോഴത്തെ ആക്ടിങ്ങ് സെക്കൻഡ് ഇൻ കമാണ്ടായിരുന്നു. സരസനും നയശാലിയുമായ ഈ യുവാവിനെ ഞങ്ങളുടെ യൂണിററിലെ ബ്രിട്ടീഷ്കാർക്കെല്ലാം സ്നേഹവും ബഹുമാനവുമാണ്. മന്ത്രവാദം, ചെപ്പടിവിദ്യ, ഗുസ്തിപിടുത്തം ഇവകൊണ്ടുള്ള പല തന്ത്രങ്ങളും വിനോദവേളകളിൽ ഇദ്ദേഹം പ്രകടിപ്പിക്കാറുണ്ടായിരുന്നു. "പ്രവാചകൻ" എന്നാണ് സാധാരണയായി ഞങ്ങൾ അദ്ദേഹത്തെ വിളിക്കാറ്.

മേജർ കെ—"പ്രവാചകൻ, കാര്യം കുറച്ചു വിഷമത്തിലാകുമെന്നാണല്ലൊ തോന്നുന്നത്. വിമാനാക്രമണം നിമിത്തം എന്റെ ഒരു കൈ ഉപയോഗശൂന്യമായിത്തീരുകയും സഹോദരൻ മൃതിയടയുകയും ചെയ്തു. അതിലുമുപരിയായി ജീവിച്ചിരിക്കുന്നവർക്കുള്ള ഭക്ഷണസാധനമെല്ലാം കത്തിക്കരിയുകയും ചെയ്തിരിക്കുന്നു."

ലഫ്. ഹരി—"നമ്മൾക്കു ഔദ്യോഗികമായി വല്ല വിവരവും ലഭിച്ചിട്ടുണ്ടോ, സർ?"

മേജർ കെ—"ഉവ്വ്. ശത്രുക്കൾ പുരോഗമിക്കുകയാണെന്നും, നാം ജാഗ്രതയായി ഇരുന്നുകൊള്ളണമെന്നും."

ലഫ്. ഹരി—"നാളെ വൈകുന്നേരത്തേക്കു ഒരു കഷണം റൊട്ടിപോലും കൊടുക്കുവാൻ നമ്മുടെ പക്കലില്ലല്ലൊ!"

മേജർ—"അതാലോചിക്കുമ്പോഴാണ് എനിയ്ക്കു വ്യസനം. നമ്മളെ ഒററപ്പെടുത്തിയിരിക്കുന്നുവെന്നും, നമ്മുടെ പോഷകസൈന്യങ്ങൾക്കു വരാനുള്ള കവാടംപോലും തങ്ങൾ അടച്ചിരിക്കുന്നുവെന്നും, നമ്മുടെ ഭക്ഷണസാധനങ്ങൾ മുഴുവൻ നശിപ്പിച്ചിരിക്കുന്നതിനാൽ പട്ടിണികിടന്നു മരിക്കുകയൊ, കീഴടങ്ങുകയൊ അല്ലാതെ നമുക്കു ഗത്യന്തരമില്ലെന്നും മററും ജപ്പാൻകാർ റേഡിയോവിലൂടെ അലറിത്തുടങ്ങിയിട്ടു സമയം കുറച്ചായി. പക്ഷെ—ഒരു സന്ദേശവാഹകൻ ധൃതിയിൽ അവിടെയെത്തി.

അതു മേജർക്കുള്ള കമ്പി സന്ദേശമായിരുന്നു. "മേജർ കെ—യുടെ പിതാവും മാതാവും ഇന്നലത്തെ വി-2 ആക്രമണത്തിൽപ്പെട്ടു യോർക്ക്ഷയറിലുള്ള അവരുടെ ഗൃഹത്തിൽവെച്ചു മൃതിയടഞ്ഞിരിക്കുന്നു—അനുശോചനം."

സന്ദേശം വായിച്ച ശേഷം മേജർ അതു പ്രവാചകന്റെ കയ്യിൽ കൊടുത്തു.

തൽക്ഷണം ലഫ്. ഹരി എന്നോടു പറഞ്ഞു, "നിങ്ങൾ ഉടനെ പോയി നമ്മുടെ ആളുകളോടു തയ്യാറായിരിക്കുവാൻ പറയണം. ശത്രുവിനെ ഇന്നുതന്നെ ഒരുപക്ഷെ നമുക്കു കണ്ടുമുട്ടുവാൻ കഴിയും."

ഞാൻ പറഞ്ഞു, "അപ്പോൾ പ്രവാചകൻ, അതിനെപ്പററി മേജർ പറഞ്ഞിട്ടു—" എനിക്കു ആ വാചകം മുഴുമിക്കാൻ കഴിഞ്ഞില്ല. "പ്രവാചകനല്ല ഇതു നിങ്ങളുടെ സെക്കൻഡ് ഇൻ കമാണ്ടിന്റെ കല്പനയാണ്, അനുസരിക്കു." എന്ന ഹരിയുടെ ശബ്ദം ആ മുറിയിൽ മുഴങ്ങി.

അരമണിക്കൂറിനുള്ളിൽ ഞങ്ങളുടെ യൂണിററിലെ, എല്ലാ സബ്ബ് ലഫ്ററിനെൻഡ്മാരും, മററു ആഫീസർമാരും മേജരുടെ ആഫീസിൽ എത്തി. അദ്ദേഹം ഒരു കസാരയിൽ ആലോചനാമഗ്നനായി കിടക്കുകയായിരുന്നു. ഞങ്ങൾ അവിടെ എത്തുന്നതിനുമുമ്പു, പ്രവാചകൻ എന്തോ സംസാരിക്കുന്നതു ഞാൻ കേട്ടു. സബ്ബ് ലഫ്. പോൾ പിന്നത്തെ സീനിയർ ഓഫീസറായിരുന്നു. അദ്ദേഹമാണ് ഞങ്ങൾക്കുവേണ്ടി ആദ്യം സംസാരിച്ചത്! പോൾ പറഞ്ഞു, "ഗുഡ് ഈവനിങ്ങ് സർ."

മേജർ കണ്ണു തുറക്കാതെ തന്നെ പറഞ്ഞു, "ഗുഡ് ഈവനിങ്ങ് പോൾ. എനിക്കു നിങ്ങളോടെല്ലാം ഒരു കാര്യം പറയുവാനുണ്ട്. ഇന്നു രാത്രി രണ്ടു മണിക്കു നമുക്കു ശത്രുപാളയം ആക്രമിക്കേണ്ടിയിരിക്കുന്നു. വിജയം നിശ്ചയമാണ്. ആരും ഭയപ്പെടരുത്. വിജയം നമ്മുടേതാണ്, മനസ്സിലായോ?"

ഊഹാതീതമായ ഈ കല്പന ഞങ്ങളെ അല്പം പരിഭ്രമിപ്പിച്ചു. ലഫ്. ഹരി ഞങ്ങളെ സസൂക്ഷ്മം നോക്കുന്നുണ്ടായിരുന്നു.

മേജർ തുടർന്നു, "ഛീ! ഈ ശങ്ക ലജ്ജാവഹമാണ്. വിജയോന്മത്തമായ ജാപ്പു സൈന്യം കുടിച്ചു മദിക്കുകയാണെന്നു നമുക്കു വിശ്വാസയോഗ്യമായ വിവരം ലഭിച്ചിരിക്കുന്നു. നാളെ അതിരാവിലെയാണ് അവർ നമ്മളെ ആക്രമിക്കാൻ തീരുമാനിച്ചിട്ടുള്ളതത്രെ. രണ്ടായിരം ആളുകളുള്ള ആ പട കുടീരം ഇന്നു രാത്രി നമുക്കു വളയുവാനും തകർക്കുവാനും തീർച്ചയായും സാധിക്കും; നാളെ പ്രഭാതത്തോടുകൂടി നമ്മുടെ പോഷകസേന എത്തുകയും ചെയ്യും. ഒരുങ്ങുവിൻ. വിജയം നിശ്ചയമാണ്." കണ്ണു ചിമ്മിക്കൊണ്ടു മേജർ സഗൌരവം ചിരിച്ചു.

കല്പനയുടെ കാഠിന്യം ഞങ്ങൾക്കു അന്നാണ് മനസ്സിലായത്. ഞങ്ങൾ ലഫ്. ഹരിയുടെ മുഖത്തേക്കു നോക്കി. ഒരു തരം പ്രകാശപൂർണ്ണമായ രശ്മികൾ അദ്ദേഹത്തിന്റെ കണ്ണിൽനിന്നു പുറപ്പെട്ടു ഞങ്ങളുടെ കണ്ണുകളിൽ തറച്ചു. ഞങ്ങൾ ഞങ്ങളെത്തന്നെ മറന്നു. ഞങ്ങൾ സ്വയം പറഞ്ഞു, "വിജയം നമ്മുടേതാണ്, നിശ്ചയമാണ്" അധോമുഖരായി ഞങ്ങൾ ആ മുറിവിട്ടു പുറത്തിറങ്ങി.

ചിലർ പിറുപിറുത്തു, "ഇതെന്തൊരു മനുഷ്യനാണീശ്വര! തനിക്കു മുറിവേററും, അച്ഛനും അമ്മയും സഹോദരനും മരിച്ച വർത്തമാനം അറിഞ്ഞു, ക്യാമ്പാസകലം വെണ്ണുവെണ്ണീറായി, ആയിരം പടയാളികൾക്കു ഭക്ഷണമൊ വസ്ത്രമൊ ഇല്ല, ശത്രുവിന്റെ നടുക്കപ്പെട്ട ഒരു സേനയുടെ നായകൻ; എന്നിട്ടും ചിരിക്കുകയാണ്! അത്ഭുതം തന്നെ."

*　　　*　　　*

ഇരച്ചുകൊണ്ടു സൈന്യം മുന്നോട്ടു നീങ്ങി. അന്നു രാത്രിയിലെ ആ ഭയങ്കര ഗർജ്ജനം ഒരു ഭൂകമ്പം തന്നെയുണ്ടാക്കിയെന്നു പറയാം. പ്രതീക്ഷിക്കാതിരുന്ന ഈ അടി ശത്രുവിനെ പരിഭ്രമിപ്പിക്കുകയും അവരുടെ പരാജയവും ഞങ്ങളുടെ വിജയവും അനുനിമിഷം വർദ്ധിപ്പിക്കുകയും ചെയ്തു. ഒരു കറുത്ത കണ്ണടധരിച്ചുകൊണ്ടു മേജർ കെ—ഞങ്ങളുടെ മുമ്പിൽ കൂടി നടന്നു പോകുന്നതു സമരാങ്കണത്തിൽവെച്ചു ഞങ്ങൾ കണ്ടു. അദ്ദേഹം അപ്പോഴും ചിരിക്കുന്നുണ്ടായിരുന്നു. ആ രാത്രിസമയത്തു കറുത്ത കണ്ണട ധരിക്കുകയും എപ്പോഴും ഗൌരവതരമായി കാണാറുള്ള അദ്ദേഹത്തിന്റെ മുഖം പുഞ്ചിരി തൂകിക്കൊണ്ടു പ്രത്യക്ഷപ്പെടുകയും ചെയ്തിരുന്നതാണ് ഞങ്ങളെ വിസ്മയപ്പെടുത്തിയത്.

പക്ഷെ സൈന്യത്തെ നയിച്ചിരുന്നതും സൂചനയും കല്പനയുമെല്ലാം തന്നിരുന്നതും ലഫ്. ഹരിയായിരുന്നു.

*　　　*　　　*

പ്രഭാതത്തിന്നു മുമ്പുതന്നെ ഞങ്ങളുടെ സൈന്യം വിജയപ്പെരുമ്പറ മുഴക്കി. ശത്രുവിന്റെ പക്കൽനിന്നു പിടിച്ചടക്കിയ ഭക്ഷണസാധനങ്ങളും വസ്ത്രവും അളവററതായിരുന്നു. സൈക്കിൾ, റിസ്റ്റ്‌വാച്ച്, പേന തുടങ്ങി നിരവധി വസ്തുക്കൾ നമ്മുടെ സേന കൈവശപ്പെടുത്തിയതും ഞാൻ ഒളിച്ചുവെക്കുന്നില്ല. ശത്രുവിന്റെ വലിയ ഒരു പെട്രോൾ ടാങ്കിൽ ലഫ്. ഹരി തീവെച്ചതിനാലാണ് വിജയം ഇത്രയേറെ ക്ഷിപ്രസാദ്ധ്യമായത്.

*　　　*　　　*

രാവിലെ ഉദ്ദേശം എട്ടുമണിക്കു ലഫ്. ഹരി വിളിച്ചതിനാൽ ഞങ്ങൾ എല്ലാവരും മേജർ കെ.—യുടെ മുറിയിലേക്കു ചായ കഴിക്കുവാൻ പോയി. മേജരുടെ ക്ഷണനാനുസാരം അവിടെ ചെന്നപ്പോൾ അദ്ദേഹം അവിടെ സുഖമായി കിടന്നു ഉറങ്ങുന്നതാണ് ഞങ്ങൾ കണ്ടത്. ലഫ്. ഹരി ഞങ്ങളെ നോക്കി "നിങ്ങൾ ആരും ശബ്ദിക്കരുതെ, കാര്യമെല്ലാം ഞാൻ പിന്നീടു പറഞ്ഞുതരാം." ഇങ്ങനെ പറഞ്ഞ ശേഷം മേജരുടെ കിടക്കയുടെ സമീപം ചെന്നു മന്ദസ്വരത്തിൽ പതുക്കെപ്പറഞ്ഞു, "സാർ, അവിടന്നു എഴുന്നേല്ക്കണം, അവിടന്നു എഴുന്നേൽക്കുന്നു; അതാ അവിടന്നു എഴുന്നേററു കഴിഞ്ഞു."

വേദനാജനകമായ ചില ശബ്ദങ്ങൾ ഉണ്ടാക്കിക്കൊണ്ടു മേജർ കണ്ണുമിഴിച്ചു. അദ്ദേഹത്തിന്റെ കൈ നീരുവന്നു വീർത്തിരുന്നു. ഞങ്ങളെയെല്ലാം നോക്കിക്കൊണ്ടു അദ്ദേഹം വ്യസനവും പരിഭ്രമവും കലർന്ന സ്വരത്തിൽ ചോദിച്ചു "എവിടെ ആ തപാൽ ശിപായി പോയോ? എന്താണ്? അവർ വീണ്ടും വിമാനാക്രമണം നടത്തുന്നുവെന്നോ! പ്രവാചകൻ, ഞാനെവി

(ശേഷം 13-ാം പേജിൽ)

# കർണ്ണര

കെ. സി. കെ. പണിക്കർ

അതു് എന്റെ ഒരു നിത്യപതിവാണ്, ചിത്രങ്ങൾ സംഭരിക്കുക. മാട്ടുങ്കയിൽ നാരായണനിവാസിൽ ഞാനെന്റെ സ്നേഹിതനുമായിരിക്കുകയായിരുന്നു. ഒരാൾ പെട്ടെന്നു മുറിയിലേക്കു വന്നു. എന്റെ സ്നേഹിതന്റെ മറെറാരു സുഹൃത്തായിരുന്നു അതു്. ഞങ്ങൾ പെട്ടെന്നു പരിചിതരായി. അദ്ദേഹവും എന്നെപ്പോലെ ചിത്രങ്ങൾ സംഭരിച്ചിരുന്നു. അതേസമയത്തും അദ്ദേഹത്തിന്റെ കൈവശം നാലു മനോഹരമായ ചിത്രങ്ങൾ ഉണ്ടായിരുന്നു. അതിൽ നയനാനന്ദകരമായ മൂന്നു ചിത്രങ്ങൾ സ്ത്രീകളുടേതായിരുന്നു. നാലാമത്തേതു് വികാരോത്തേജകമായ ഒരു ഗ്രസ്സിനേതാവിന്റേതും. ജുജജ്ജുകായനായ അദ്ദേഹത്തിന്റെ യൌവ്വനയുക്തമായ ശരീരബലം; ബുദ്ധിപൂർവ്വകമായ നോട്ടം; എന്നെ ഇവ ആകർഷിച്ചു. ചിരപരിശ്രമത്താൽ അദ്ദേഹത്തിനു ലഭിച്ച കായികബലത്തിൽനിന്നു് ഒട്ടും അസ്ഥാനത്തായിരുന്നില്ല, അഗാധമായ ചിന്തയിൽ സംസ്കൃതമായ മനഃസ്സും തജ്ജന്യമായ ബുദ്ധിയും എന്നു് അതേ മുഖവീക്ഷണത്തിൽനിന്നു തെളിഞ്ഞിരുന്നു. ഞാനാ ചിത്രത്തിൽ അതിശ്രദ്ധാലുവായിരിക്കുന്നതു കണ്ടു അയാൾ പറഞ്ഞു: "താങ്കൾ ഈ മനോഹരമായ മൂന്നു ചിത്രങ്ങളും ത്യജിച്ചു് ആ ഒരു ചിത്രം എന്താണിത്ര ശ്രദ്ധ പതിപ്പിച്ചു നോക്കുന്നതു്? വേണമെങ്കിലെടുക്കാം." ഞാൻ സന്തോഷം ഒരു നന്ദി പറഞ്ഞു. അവിചാരിതമായി ചിത്രങ്ങൾ എന്റേതായിതീർന്നു. അതുകൊണ്ടുമാത്രം ഞാൻ തൃപ്തനായില്ല. അയാളെ ഞാനൊന്നു് ഉററുനോക്കി. എന്നോടു ചോദിച്ചു്: "എന്താ!! ഇതിൽനിന്നു ഏതെങ്കിലും ചിത്രം വേണമെന്നുണ്ടോ?" "വേണ്ട" ഞാനുത്തരം പറഞ്ഞു. "എന്നാൽ ഇത്ര മനോഹരമായ കായബലത്തോടുകൂടിയ ഇദ്ദേഹത്തെപ്പററി വല്ലതുമറിയുമോ? വിഷമമായി തോന്നുന്നില്ലെങ്കിൽ അതറിയുവാൻ എനിക്കു വലുതായ ആഗ്രഹമുണ്ടു്." "കുറച്ചറിയും. എന്നാൽ സംക്ഷിപ്തമായ ഒരു ചരിത്രം പറയുവാൻ വിഷമമാണ്" അയാൾ പറഞ്ഞു. "എന്നാൽ അറിയുന്നതുപറയൂ," ഞാൻ വീണ്ടും ആക്ഷേപിച്ചു. "വിഖ്യാതന്മാരായ ഗ്രസ്സിനേതാക്കളിലൊരാളാണിദ്ദേഹം. ഇററാലിയനാണ്. പേരു 'കർണ്ണര." ഇത്രയും പറഞ്ഞു സ്നേഹിതൻ പിരിഞ്ഞു. അയാൾക്കു ആ ചിത്രത്തെപ്പററി അത്രയേ അറിയുകയുള്ളു.

* * *

എന്റെ മസ്തിഷ്കത്തിൽ കിടന്നാ ശബ്ദം ഒരു വലിയ വിപ്ലവം ഉണ്ടാക്കിത്തീർത്തു. കർണ്ണര ശബ്ദം മുറിമുഴുവനും കിടന്നു പ്രതിദ്ധ്വനിക്കുന്നുണ്ടെന്നു് തോന്നി. 'കർണ്ണര' എന്താ അതെനിക്കുതന്നെയറിഞ്ഞിരുന്നില്ല. ഞാനദ്ദേഹത്തിന്റെ ചരിത്രാന്വേഷണത്തിനുത്സുകനായി. പെട്ടെന്നു് എനിക്കൊരു യുക്തി തോന്നി. കലീനയിൽ കൂട്ടംകൂട്ടമായണയുന്ന ഇററാലിയൻ യുദ്ധതടവുകാരെ എനിക്കോർമ്മ വന്നു. അവരോടു ചോദിച്ചാൽ കൂടുതലായറിയുവാൻ സാധിക്കുമന്നു്. അവർ തടവുകാരണ്. എങ്കിലും നമ്മുടെ ഗവർമ്മെണ്ടവക്കു ബി. ടി. റേഷനും നല്ല ഒരു തുക അലവൻസായും കൊടുക്കുന്നു. നിരവധി വിചാരവീചികൾ എന്റെ ഹൃദയത്തിൽക്കൂടി പാഞ്ഞു കയറി. ജാപ്പു തടവുകളിലെ അമേരിക്കൻസിന്റെ ചിത്രമെനിക്കു ഓർമ്മ വന്നു. നമ്മുടെ തടവുകാർ യഥാർത്ഥത്തിൽ ഭാഗ്യവാന്മാരാണ്. യാതൊരു കഷ്ടതയുമില്ല. തീർച്ചയായും അവരോടു ചോദിച്ചാൽ കർണ്ണരയെപ്പററി കൂടുതൽ വിവരം ലഭിക്കുന്നതാണ്. ഞാൻ തന്നെത്താനെ ആശ്വസിച്ചു.

അന്നു തന്നെ ഞാൻ കലീനയിൽ പോയി ഒരു ഇററലിയൻ ഭടനോടു ഇദ്ദേഹത്തിനെ അറിയുമോ എന്നു ചോദിച്ചു. ആ ഫോട്ടോ അദ്ദേഹത്തിനു കാണിച്ചുകൊടുത്തു. ഉച്ചൈസ്തരം കർണ്ണരയെന്നയാൾ ശബ്ദിച്ചു. അതുകേട്ടു നിന്നിരുന്ന മററു ഇററാലിയൻസും അവിടെ വന്നു് എല്ലാവരും കർണ്ണര 'കർണ്ണര' എന്നുച്ചരിച്ചു മുഖത്തോടുമുഖം നോക്കി. പിന്നീടു എന്നെയും സൂക്ഷിച്ചു നോക്കി. അതിൽ ഒരാൾക്കു കുറച്ചു ഇംഗ്ലീഷ് അറിയാമായിരുന്നു. എന്നോടു ചോദിച്ചു ഇതു എവിടെനിന്നു കിട്ടി എന്നു്. ഞാൻ സവിസ്തരം അതിന്റെ ചരിത്രത്തെ ചിത്രീകരിച്ചു. അദ്ദേഹത്തിൽനിന്നു് കർണ്ണരയുടെ ചരിത്രം എനിക്കു മനസ്സിലായി.

* * *

കർണ്ണര ഇററലിയിലദ്ദേഹത്തിന്റെ വസതിയിൽ ഏകാകിയായിരിക്കുകയാണ്. അദ്ദേഹത്തിനു് ചുററുപാടും ശൂന്യമായി തോന്നിയിരിക്കണം. സകല കാര്യങ്ങളിലും നിരുത്സാഹിയായി കാണപ്പെട്ടു. ഇതിനെപ്പററി ആരെങ്കിലും ചോദിക്കുകയാണെങ്കിൽ ഒരു ദീർഘനിഃശ്വാസം മാത്രമാണ് മറുപടി ലഭിച്ചിരുന്നതു്. ആബാലവൃദ്ധം ജനങ്ങളും പട്ടാളത്തിൽ ചേർന്നു കഴിഞ്ഞു. എങ്ങും ഒന്നുണർന്നുഴുന്നേററമാതിരിയിൽ പട്ടാളങ്ങളുടെ സംഘങ്ങൾ. വരുവാനിരിക്കുന്നഭീകരതയെ വിമാനങ്ങൾ ആകാശവേദിയിൽ മുഖരിതമാക്കി. ഇതെല്ലാം കണ്ടും കർണ്ണര ശാന്തമായിരുന്നതെ ഉള്ളു.

അദ്ദേഹത്തിന്നറിയാമായിരുന്നു ഫാസിസത്തിന്റെ അടിസ്ഥാനപരമായ തത്വങ്ങൾ. അബിസീനിയുമായുണ്ടായ യുദ്ധത്തിൽ അതിന്റെ നഗ്നത നോക്കികണ്ടിട്ടുണ്ട്. മാംസളഭുക്കുകളുടെ മൃഗീയതയിൽ അദ്ദേഹം വെറുത്തിരുന്നു. അദ്ദേഹം സ്വാരാജ്യസ്നേഹിയാണ്. ഈ യുദ്ധത്തിന്റെ പര്യവസാനം, ലോകത്തിന്റെ പരിവർത്തനം, ഫാസിസത്തിന്റെ തകിടംമറിച്ചൽ, പുനഃസ്ഥാപിതവും സുശോഭനവുമായ ഭാവി, മുസോളിനിയുടെ ആരോഹണവും അവരോഹണവും ഇവയെല്ലാം അദ്ദേഹം നിർന്നിമേഷനായ് നോക്കിക്കണ്ടിരിക്കണം. അന്നത്തെ ഭൂരിപക്ഷജനാഭിപ്രായത്തോടു മല്ലിടുക അതു അസാദ്ധ്യമായിരുന്നു. തന്നിമിത്തം അദ്ദേഹം ഒന്നും മിണ്ടിയില്ല.

പെട്ടെന്നു യുദ്ധം എങ്ങും വ്യാപിച്ചു. ഹിററ്ലർ ജയഭേരി മുഴക്കി മുസോളിനിയൊത്തു നൃത്തം ചവുട്ടി. ആ രംഗമവസാനിച്ചു. അനേകായിരം ഇററാലിയൻസ് തടവുകാരായ് പിടിക്കപ്പെട്ടു. ഇററലിക്കാർ ഒരു ഭാഗം ജർമ്മൻകാരുടെ കൈവശമായി. മറെറാരുഭാഗം സഖ്യപക്ഷക്കാരിലുമായി. നിർഭാഗ്യവശാൽ കർണ്ണര ജർമ്മൻകാർ പിടിച്ച സ്ഥലത്തായിരുന്നു.

* * *

അതവരുടെ സ്വഭാവമാണ് പിടിച്ച സ്ഥലത്തുള്ള ജനങ്ങളുടെ മതം മാററൽ. ജർമ്മൻകാർ ആർത്തുവിളിച്ചു. ആദർശവാദികളെ വേട്ടയാടി നിർഭയം വധിച്ചു പുളകംകൊണ്ടു. അവർ അവരുടെ നീചത്വത്തിന്റെ മൂർദ്ധന്യത പ്രകടിപ്പിച്ചു. കർണ്ണരയുടെ നാമം ജർമ്മൻ ജനറൽമാരുടെയിടയിൽപരന്നു കഴിഞ്ഞു. അതേസമയത്തു കർണ്ണര ശാന്തമായ് തന്റെ വസതിയിൽ കാണപ്പെട്ടു. രണ്ടു ജർമ്മൻ ഭടന്മാർ പ്രവേശിച്ചു. കർണ്ണരയോടാജ്ഞാപിച്ചു: 'വേഗം പുറപ്പെടണം.'

കർണ്ണര: എവിടേയ്ക്കു്?

ഭടൻ: അടുത്തുള്ള കേമ്പിലേക്കു.

കർണ്ണര: എന്തിന്നു്?

ഭടൻ: അതു ഞങ്ങൾക്കറിയുകയില്ല. കമാന്ററുടെ കല്പനയാണ്.

കർണ്ണര: നിങ്ങൾ ആര്? കാഴ്ചയിൽ ജർമ്മൻ ഭടന്മാരാണെന്നു് തോന്നുന്നു.

ഭടൻ; അതെ വേഗം പുറപ്പെടണം.

കർണ്ണര: ഇല്ലങ്കിൽ.

ഭടൻ: കൊണ്ടുപോകും. കർണ്ണര ഒന്നു മന്ദഹസിച്ചു. ഭടന്മാരെ വിഷമിപ്പിക്കണമെന്നുണ്ടായിരുന്നില്ല. മാത്രമല്ല. സൈന്യനായകനെ കാണുവാൻ മോഹവുമുണ്ടായിരുന്നു. അതിനാൽ കുതർക്കത്തിന്നു നില്ക്കാതെ ആ പുരുഷകേസരി അവരെ അനുഗമിച്ചു. താമസിയാതെ നികേതനത്തിലെത്തിച്ചേർന്നു. കർണ്ണര ജർമ്മൻ ഭടന്മാരാൽ ആനയിക്കപ്പെട്ടു. രണ്ടുപേരും ആസനസ്ഥരായി. സൈന്യനായകൻ പല കുശലപ്രശ്നങ്ങളും ചോദിച്ചു. സകലതിൽനിന്നും വിരക്തനായിരിക്കുന്നതിനെപ്പററി അതിക്ഷേപരൂപത്തിൽ ഉപദേശിച്ചു. യുദ്ധത്തിന്റെ ആവശ്യവും ചുമതലയും വിവരിച്ചു.

അദ്ദേഹത്തോടു സൈന്യത്തിൽ ഒരു വലിയ പങ്കെടുക്കുന്നതിന്നു് നിർബ്ബന്ധിച്ചു. എന്നാൽ ആ വക ചക്കരവാക്കിൽ കർണ്ണരയുടെ ചിത്തത്തിന്നിളക്കം തട്ടിയില്ല. അദ്ദേഹം പറഞ്ഞു, "എന്റെ ചുമതലകളെപ്പററി എനിക്കറിയാം. താങ്കളിൽനിന്നു് യാതൊരു ഉപദേശത്തേയും ഞാനാശിക്കുന്നില്ല. മാത്രമല്ല, ഈ യുദ്ധത്തിൽ ഞാൻ പങ്കെടുക്കണമെന്നാലോചിക്കുന്നില്ല." സൈന്യനായകൻ ഗർജ്ജിച്ചു, "മതി, മതി, ആ വക ദിനങ്ങൾ കഴിഞ്ഞുപോയി. ഇന്നു് നിങ്ങൾ ഞങ്ങളുടെ നിയമപരിധിയിലാണ്. അതിന്നു കീഴടങ്ങുന്നതാണു നല്ലതു്. മറിച്ചാണെങ്കിൽ ജർമ്മൻ നിയമാനുസരണം ശിക്ഷാർഹനാണ്." ജർമ്മൻ സൈന്യനായകനെ അദ്ദേഹം പിടികൂടിനിലം പററിച്ചു. ഒരു ഭയങ്കരമായ ദ്വന്ദ്വയുദ്ധം കഴിഞ്ഞു. രണ്ടു ജർമ്മൻ തോക്കുകൾ കർണ്ണരയുടെ നേർക്കു തിരിഞ്ഞു. അദ്ദേഹം എന്നന്നേക്കുമായി ലോകത്തിൽനിന്നു തിരോധാനം ചെയ്തു.

---

(12-ാം പേജിൽ നിന്നു തുടർച്ച)

ടെയാണ്? നിങ്ങൾ എവിടെയാണ്, ഇതു ഏതാണ് ഈ പുതിയ ക്യാമ്പു!!"

അത്ഭുതവും ആശങ്കയും ഞങ്ങളിൽ ഒരേസമയം ഉളവായി. ഞങ്ങൾ പരസ്പരം നോക്കി. ഇതെല്ലാം കണ്ടുകൊണ്ടു ലഫ്. ഹരി ശാന്തസ്വരത്തിൽ പറഞ്ഞു.

"സർ, നാം വിജയിച്ചിരിക്കുന്നു. ശത്രുക്കളിൽ ഭൂരിപക്ഷവും മൃതിയടയുകയും കുറെ പേർ ഓടി രക്ഷപ്പെടുകയും കുറച്ചുപേർ നമ്മുടെ കീഴിൽ തടവുകാരാക്കപ്പെടുകയും ചെയ്തിരിക്കുന്നു. നമ്മുടെ ദുർദ്ദശയെയും വഹിച്ചുകൊണ്ടാണ് ഇന്നലത്തെ കാളരാത്രി തിരോധനം ചെയ്തതു്."

"ശരിയാണ്, ശരിയാണ്" എന്നു ഞങ്ങളെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞതിനാൽ മേജർ വിശ്വസിച്ചു. അദ്ദേഹം വിസ്മയാനന്ദങ്ങളിൽ മുഴുകി. "പക്ഷെ പ്രവാചകൻ ഇതെങ്ങനെ, ഇതെങ്ങനെ സംഭവിച്ചു? എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലൊ."

സുസ്മേരവദനനായി ഹരി പറഞ്ഞു, "സർ, ഞാൻ ചുരുക്കിപ്പറയാം. കമ്പിസന്ദേശം വായിച്ച ഉടനെ അവിടന്നു തളർന്നുവീണു. സ്ഥിതിഗതികളുടെ ഗൌരവം നിമിത്തം ഇന്നലത്തെ രാത്രി ശ്രദ്ധാപൂർവ്വം ഉപയോഗപ്പെടുത്തിയാൽ മാത്രമെ നമ്മളിൽ ഒരോരുത്തരും ഇന്നത്തെ അസ്തമനം കാണുകയുള്ളുവെന്നു എനക്കറിയാമായിരുന്നു. പക്ഷെ അവിടന്നു നേരിട്ടു കല്പിക്കാതെയും പുറപ്പെടാതെയും ഈ ബ്രിട്ടീഷ് പടയാളികൾ ആ സമയത്തു വിശ്വസിക്കയും അനുസരിക്കയും ചെയ്തില്ലെങ്കിലൊ എന്നു ഞാൻ ശങ്കിച്ചു. എന്നാൽ സംസാരിക്കുവാൻപോലും അവിടത്തേക്കു അപ്പോൾ ശേഷിയുണ്ടായിരുന്നില്ല. തന്മൂലം എനിക്കു അവിടത്തെ മാസ്മരവിദ്യാ വിധേയനാക്കുകയും അനന്തരം എനിക്കു ആവശ്യമെന്നു തോന്നിയതെല്ലാം പറയിപ്പിക്കുകയും പ്രവർത്തിപ്പിക്കയും ചെയ്യേണ്ടിവന്നു! ചിമ്മി നടന്നുപോകുന്ന അവിടത്തെ കണ്ടാൽ ഒരുപക്ഷെ പടയാളികൾ സംശയിച്ചെങ്കിലൊ എന്നു വിചാരിച്ചാണ് ആ രാത്രി കറുത്ത കണ്ണട ധരിപ്പിക്കുവാൻ കാരണം. പിന്നെയുണ്ടായതെല്ലാം നിങ്ങൾക്കും എനിക്കും അറിയാവുന്നതാണല്ലൊ!!

..............................

മേജർ അത്ഭുതസ്തബ്ധനായി. ആനന്ദാശ്രുക്കൾ പൊഴിച്ചു. മററുള്ളവർ "പ്രവാചകൻ, പ്രവാചകൻ" എന്നു സ്വമേധയാ പറഞ്ഞുകൊണ്ടു ഹരിയെ തുറിച്ചുനോക്കി. ഞാൻ നിങ്ങളെയെല്ലാം അറിയിക്കുവാൻവേണ്ടി ഈ കഥ എഴുതുകയും ചെയ്തു.

# അന്ന് തടവുപുള്ളി, ഇന്നു പ്രധാനമന്ത്രി

[ജർമ്മനിയുടെ അധഃപതനത്തിന്നു പ്രധാനമായും ഐക്യരാഷ്ട്രങ്ങളാണ് ഹേതുഭൂതരെങ്കിലും, യൂറോപ്പിലെ ഒളിഭടന്മാരെന്നു പറയപ്പെടുന്ന ആ ദേശാഭിമാനികൾ നാസിസത്തിന്റെ നാശത്തിന്നു വേണ്ടിയും 'ഹിററ്ലറുടെ യൂറോപ്യൻ കോട്ട' പൊളിക്കുന്നതിന്നുവേണ്ടിയും ചെയ്ത ത്യാഗങ്ങൾ കുറച്ചൊന്നുമല്ല. നാസികളുടെ മർദ്ദനത്തിന്നും ഗസ്റ്റാപ്പോവിന്റെ നിഷ്ഠൂരസമ്പ്രദായങ്ങൾക്കും അവരെ അമർത്തുന്നതിന്നു കഴിഞ്ഞില്ല. അവർ പൊരുതി, അടുക്കളത്തിലും, അടുക്കളയിലും, ചന്തയിലും, വയലിലും എന്തിന് എവിടെവെച്ചും അവർ പൊരുതി. ഫ്രാൻസിലെ മാക്വിസ് സേനകൾ, ഗ്രീസിലെ ദേശാഭിമാനികൾ, ഇററലിയിലെ ഫാസിസ്റ്റു വിരോധികൾ, യൂഗോസ്ലാവ്യയിലെ ഒളിഭടന്മാർ ഇവരുടെയെല്ലാം പേർ ഈ സന്ദർഭത്തിൽ പ്രത്യേകിച്ചും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇന്നും ഇവരെപ്പററിയുള്ള മുഴുവൻ ചരിത്രങ്ങളും അറിഞ്ഞു കഴിഞ്ഞിട്ടില്ല. നാസികളുടെ ഉന്മൂലനാശത്തെപ്പററിയുള്ള ചരിത്രം എഴുതപ്പെടുമ്പോൾ ഇവർക്കുള്ള സ്ഥാനം അദ്വിതീയമായ ഒന്നായിരിക്കും.]

ഈ യുദ്ധത്തിന്നുള്ളിൽനിന്നു പല മഹാന്മാരും ശക്തികളും ആവിർഭവിച്ചുവന്നിട്ടുണ്ട്. ഒന്നുകൂടി കടന്നു പറഞ്ഞാൽ, പല ശക്തികളുടെയും മാഹാത്മ്യവും സാദ്ധ്യതകളും ലോകം ഈ യുദ്ധംമൂലം അറിഞ്ഞു കഴിഞ്ഞിട്ടുണ്ട്. അതിന്നുള്ള ഒരു സുവർണ്ണാവസരം ഈ യുദ്ധത്തിൽ വികസിച്ചുവന്നു—ശരിയാണ്, യുദ്ധത്തിന്റെ ഭയങ്കരതമൂലമായി പെരുത്ത നാശങ്ങൾ മനുഷ്യസമുദായത്തിന്നു വന്നുകൂടിയിട്ടുണ്ട്. പക്ഷെ മനുഷ്യൻ ജീവിക്കട്ടെ; ആയാൾക്കുണ്ടാക്കാൻ കഴിയാത്ത യാതൊന്നുംതന്നെ ഈ യുദ്ധംകൊണ്ടു നശിച്ചിട്ടില്ല.

ഈ യുദ്ധഗതിയിൽനിന്നു പൊന്തിവന്ന ഒരു നേതാവാണ് മാർഷൽ ടിറേറാവും. ഏതെങ്കിലും കുറെ പത്രങ്ങൾ പുകഴ്ത്തി പൊന്തിച്ചതുകൊണ്ടോ വമ്പിച്ച സ്വാധീനശക്തിയുള്ള വ്യക്തികളുടെ ചിറകിന്നടിയിൽ ഒളിഞ്ഞിരുന്നുകൊണ്ടോ അല്ല മാർഷൽ ടിറേറാവിന്നു ഇന്നുള്ള പ്രാധാന്യം കൈവന്നതു്. പിന്നേയോ? അദ്ദേഹത്തിന്റെയും സഖാക്കളുടെയും സ്ഥിരപരിശ്രമംകൊണ്ടു്, അക്രമത്തോടും, അഴിമതികളോടും എതിരിടുവാനുള്ള ആസക്തികൊണ്ടു്.

ഏതാണീ മാർഷൽ ടിറേറാ? ഇത്രയധികം ഈയിടെയായി പത്രങ്ങളിൽ പ്രാമുഖ്യം നേടിക്കഴിഞ്ഞ ഈ സൈന്യാധിപന്റെ പശ്ചാത്തലത്തെപ്പററി പലർക്കും അറിഞ്ഞുകൂടാ. ഡിഗാൾ പണ്ടേതന്നെ ഫ്രഞ്ചുഗവർമ്മേണ്ടിൽ സ്ഥാനമുള്ള ഒരാളായിരുന്നു. ജനറൽ കൊയനിങ്ങിന്നും നല്ല പശ്ചാത്തലമുണ്ടു്. പക്ഷെ ഈ ടിറേറാവിനെപ്പററി അത്രയൊന്നും പറവാനില്ല. യൂഗോസ്ലോവ്യക്കു പുറത്തുള്ളവർ ഒരിക്കലും ഇങ്ങിനെയുള്ള ഒരാളെപ്പററി അത്രയൊന്നും കേട്ടിട്ടേയില്ല. മൂന്നു സ്ലാവു നേതാക്കന്മാരാണ് ജർമ്മൻ ഫാസിസ്റ്റുകാരുടെ ഹൃദയത്തിൽ ഓളമിളക്കിയിട്ടുള്ളതു്. സ്റ്റാലിൻ, ബൽഗേറിയക്കാരനായ ഡിമിട്രോവ്, പിന്നെയത്തെ ടിറേറാ. മുൻപറഞ്ഞ ഇരുവരേയുംപോലെതന്നെ ടിറേറാവും ഒരു ദരിദ്രകുടുംബത്തിൽ പിറന്നുവളന്ന ആളാണ്.

ക്രോഷ്യൻ സംസ്ഥാനത്തിലെ ഒരു കുഗ്രാമത്തിൽ 1890ൽ ടിറേറാ ജനിച്ചു. അദ്ദേഹത്തിന്റെ ശരിയായ പേർ ജോസിപ്പ് ബ്രോസ് എന്നായിരുന്നു. ഒരു കൃഷിക്കാരനായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. പക്ഷെ ബാലകനായ ജോസിപ്പിന്നു കൃഷിയിൽ താല്പര്യമുണ്ടായിരുന്നില്ല. വളരെ ചെറുപ്പത്തിൽത്തന്നെ ആയാൾ ജോലിയന്വേഷിച്ചു നഗരങ്ങളിൽ അലഞ്ഞു നടന്നു. ഒന്നാം ലോകമഹായുദ്ധം വന്നപ്പോൾ ജോസിപ്പിന്നു ജോലി കിട്ടി; ഇരുപത്തിനാലാം വയസ്സിൽ അദ്ദേഹം പട്ടാളത്തിൽ ചേർന്നു.

1916 ൽ ജോസിപ്പിന്നു മുറിവേററു. ആയാൾ റഷ്യക്കാരാൽ തടവുകാരനായി പിടിക്കപ്പെട്ടു. 1917 ൽ ജോസിപ്പ് ബോൾഷേവിക്കാരൊന്നിച്ചു ചേർന്നു റഷ്യൻ സിവിൽ യുദ്ധത്തിൽ പൊരുതി. 1924ൽ യൂഗോസ്ലാവിയയിലേക്കു തിരിച്ചുവന്നു. ലോഹഖനിത്തൊഴിലാളി നേതാവായി ടിറേറാ എന്ന കള്ളപ്പേർ അംഗീകരിച്ചു. യൂഗോസ്ലാവിയൻ ഗവർമ്മേണ്ടു് 1929 ൽ ടിറേറാവിനെ അറസ്റ്റു ചെയ്തു; അങ്ങിനെ നാലു കൊല്ലത്തോളം ടിറേറാ ജെയിലിൽ കഴിച്ചുകൂട്ടി. പക്ഷെ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന സിവോവിച്ചിന്നു ഈ രാഷ്ട്രീയ തടവുകാരനായ ജോസിപ്പ് ബ്രോസാണ് അവർ തിരഞ്ഞുപിടിക്കാൻ ശ്രമിച്ചിരുന്ന ആ ടിറേറാ എന്നു അപ്പോഴും മനസ്സിലായില്ല! ഇപ്പോൾ, ആ പ്രധാനമന്ത്രി ലണ്ടനിലുള്ള പീറററ് രാജാവിന്റെ ഉപസൈന്യാധിപനാണ്.



## മാർഷൽ ടിറേറാ

ടിറേറാ വീണ്ടും വിദേശങ്ങളിലേക്കു പോയി. അദ്ദേഹം സ്പെയിനിലായിരുന്നുവെന്ന് ഒരു ഐതിഹ്യമുണ്ടു്. പക്ഷെ അതു തീരെ അടിസ്ഥാനരഹിതമാണ്. ടിറേറാ സ്പെയിനിലേക്കു പല സഹായങ്ങളും ചെയ്തിട്ടുണ്ടെങ്കിലും ഒരിക്കലും സ്പെയിനിൽ ചെന്നിട്ടില്ല. അദ്ദേഹം അജ്ഞാതമായിട്ടാണ് നാട്ടിലേക്കു തിരിച്ചുവന്നതു്. യൂഗോസ്ലാവ്യയിൽ 1921 മുതൽ കമ്മ്യൂണിസ്റ്റ് കക്ഷി നിയമവിരുദ്ധമാക്കപ്പെട്ടിരുന്നു. 1941 ൽ ജർമ്മൻകാർ ബൽഗ്രേഡിലേക്കു കുതിച്ചു കയറി. അപ്പോഴെക്കും ടിറേറാവിന്റെ സംഘടന തയ്യാറായിരുന്നു. ഇപ്പോൾ ടിറേറാവിന്നു മൂന്നു സ്ഥാനങ്ങളാണുള്ളതു്: (1) യൂഗോസ്ലാവിയയിലെ മാർഷൽ, (2) ദേശീയ വിമോചന സേനയുടെയും പാർട്ടിസൻ സേനയുടേയും പരമാധികാരി, (3) പ്രധാനമന്ത്രി. ടിറേറാവിന്റെ പട്ടാള ഉടുപ്പിൽ യാതൊരു സൈനികമുദ്രയും ഇല്ല. സുപ്രീം കമാണ്ടരുടെ ചിഹ്നമതാണ്: യാതൊരു ചിഹ്നവുമില്ലായ്മ! ടിറേറാ കഠാരമോ, കത്തിയോ കൈവശം വെക്കാറില്ല; ഒരു ജർമ്മൻ കൈത്തോക്കു മാത്രം അദ്ദേഹത്തിന്റെ കൈവശമുണ്ടാവും.

യുദ്ധം ചെയ്യുമ്പോൾ അദ്ദേഹം ഉപയോഗിക്കാറുള്ളതു് ഒരു പ്രത്യേക തരത്തിലുള്ള മെഷിൻ തോക്കാണ്. അതു ഗൊയറിങ്ങിന്റെ നിയന്ത്രണത്തിലുള്ള സോഡ ഫാക്ടറിയിൽ നിർമ്മിച്ചതുമാണ്. പാർട്ടിസൻ സേനയിൽ റഷ്യൻ തൊപ്പി ധരിക്കുന്ന ആൾ ടിറേറാ മാത്രമാണ്. അതു റഷ്യയിൽനിന്നു ഒരു വിജയചിഹ്നമായി ഒരു ജർമ്മൻ ആഫീസർ കൊണ്ടുവന്നതായിരുന്നു. അയാളെ കൊന്നസമയത്തു ടിറേറാ അതു് കൈവശപ്പെടുത്തി.

ദിനംതോറും കാലത്തു അദ്ദേഹം വർത്തമാനങ്ങളെല്ലാം നോക്കുകയും സ്റ്റാഫിലെ പ്രധാനിയായ ആർസയോവനോവിച്ചുമായി കൂടിയാലോചന നടത്തുകയും ചെയ്യുന്നു. അദ്ദേഹം അധികവും ലണ്ടനിൽനിന്നും മോസ്കോവിൽനിന്നുമുള്ള പ്രക്ഷേപണങ്ങളാണ് കേൾക്കാറുള്ളതു്. ലോകവാർത്തകളെല്ലാക്കെയറിയുന്നതിന്നു അദ്ദേഹത്തിന്നു ഒരു പ്രത്യേക റേഡിയോ ഉണ്ടു്. യൂഗോസ്ലാവിയയെ സംബന്ധിച്ചു ബ്രിട്ടനിലും അമേരിക്കയിലും അച്ചടിക്കുന്ന എല്ലാം അദ്ദേഹത്തിന്നു കിട്ടും. മാതൃഭാഷ കൂടാതെ, ജർമ്മൻ, റഷ്യൻ, സെച്ച് എന്നീ ഭാഷകളിൽ അദ്ദേഹത്തിന്നു നല്ല വിവരമുണ്ടു്. ഫ്രഞ്ചും, ഇംഗ്ലീഷും അല്പം അറിയാം. റഷ്യൻ സാഹിത്യത്തിൽ മാർഷലിന്നു അഗാധമായ താല്പര്യവും പാണ്ഡിത്യവും ഉണ്ടു്. അദ്ദേഹത്തിന്റെയും പാർട്ടിസൻ സേനയുടേയും ഏററവും ഇഷ്ടമുള്ള പുസ്തകം ടോൾസ്റ്റോയിയുടെ "യുദ്ധവും സമാധാനവും" എന്നതാണ്. ഇംഗ്ലീഷു ഭാഷയിൽ ടിറേറാവിന്നും കൂട്ടുകാർക്കും പത്ഥ്യമായതു, "രണ്ടു നഗരങ്ങളുടെ കഥ" എന്ന ഡിക്കൻസിന്റെ നോവലാണ്.

ടിറേറാ വളരെ സ്ഥിരചിത്തനാണ്. വാർത്തകൾ എത്രമേൽ അപായകരമായിരുന്നാലും ശരി ആയാൾ ചഞ്ചലപ്പെടുകയില്ലതന്നെ. സാമാന്യം ഉയരമുള്ള ഒരു ശാന്തഗംഭീരനായ മനുഷ്യനാണ് ടിറേറാ; പ്രസംഗിക്കുമ്പോൾ അദ്ദേഹം പ്ലാററുഫോറത്തിൽ നടന്നുകൊണ്ടിരിക്കും. കീഴിലുള്ളവർക്കു അദ്ദേഹത്തിനോടുള്ള ഭക്തിബഹുമാനങ്ങൾക്കു കാരണം, അവരോടു അദ്ദേഹത്തിന്റെ സവിശേഷ രീതിയിലുള്ള പെരുമാററം നിമിത്തമാണ്.

"ലോകത്തിൽ ഏററവും എളുപ്പമുള്ള കൃത്യം" ടിറേറാ പറയുന്നു: "ഒരാളുടെ കഴുത്തറുക്കുകയാണ്."

ടിറേറാ രണ്ടാമതും വിവാഹം കഴിച്ചിരിക്കുന്നു. റഷ്യക്കാരിയായിരുന്ന അദ്ദേഹത്തിന്റെ ആദ്യഭാര്യ വളരെ മുമ്പു മരിച്ചു. അദ്ദേഹത്തിന്റെ രണ്ടാമത്തെ പത്നിയായ ഹെർത, കമ്മേർസിയൽ സ്കൂളിൽനിന്നു ഡിഗ്രി വാങ്ങിയ ഒരു മാന്യയാണ്.

ടിറേറാവിന്റെ ആദ്യഭാര്യയിലുള്ള പുത്രന്നു ഇപ്പോൾ 18 വയസ്സായി. 16-ാമത്തെ വയസ്സിൽ ആ യുവാവു ചുവപ്പുസേനയിൽ ചേർന്നു. മോസ്കോ സമരത്തിൽ ഈ യുവാവിന്റെ വലതു കൈ നഷ്ടപ്പെട്ടു. ഈ ധീരഭടന്നു "ഹീറോ ഓഫ് സോവിയററ് യൂനിയൻ" എന്ന ബഹുമതി നല്കപ്പെട്ടിരിക്കുന്നു.

ടിറേറാവിന്റെ പുത്രൻ, അദ്ദേഹത്തിന്റെ ഗുണങ്ങൾ തികഞ്ഞ ഒരാൾതന്നെയാണ്. "ഞങ്ങൾ ബൽഗ്രേഡിൽനിന്നു ആരംഭിക്കുന്നു; ബൽഗ്രേഡിൽതന്നെ അവസാനിക്കുകയും ചെയ്യും." ടിറേറാ വളരെ മുമ്പു ഇങ്ങിനെ പറയുകയുണ്ടായി. ഇന്നു അതു അക്ഷരംപ്രതി സത്യമായിവരുന്നു.

അങ്ങിനെ വളരെ താണപടിയിൽനിന്നു അദ്ദേഹം പൊന്തിവന്നു. അവസാനത്തിൽ, യൂഗോസ്ലാവ്യയുടെ വിമോചകനും പ്രധാനമന്ത്രിയുമായി.

# നാട്ടിൻപുറം

(കെ. പി. രാഘവൻ)

(സ്ഥലം—ഒരു പഴയ ഭവനം. സമയം—രാവിലെ. ഒട്ടിയ വയറും ചുക്കിച്ചുളിഞ്ഞ കവിൾത്തടവും കുണ്ടിൽ ചാടിയ കണ്ണുകളുമായി ദാരിദ്ര്യപിശാചിൻെറ കേളീരംഗമായ ഒരു മുത്തശ്ശി ആ വീട്ടിൻെറ കോലായിൽ ഇരിക്കുന്നു. അയൽവീട്ടിലെ ഒരു തരുണി അവിടെ കയറിവരുന്നു.)

തരുണി : ന്താ, മുത്തശ്ശ്യേ, ഇങ്ങനെ ദുഃഖിച്ചിരിക്കണേത്. രാവിലത്തെ ശാപ്പാടൊന്നും കഴിഞ്ഞിട്ടില്ല്യന്നുണ്ടോ. പാറു അമ്മ എവിടെ പോയി ?

മുത്തശ്ശി : ൻെറണ്ണ്യേ! അതൊന്നും പറയേണ്ട. എന്തു ചെയ്യാനാണ്. പണ്ടൊക്കെ, ൻെറ കുട്ടിക്കാലൊക്കെ അന്ത്യോളം പണിയെടുത്താൽ നാലണയാ കൂലി കിട്ടാന്നാൽ ആ ഒരു പണത്തിന്ന അരിയും കറിയൊക്കെ വാങ്ങിയാൽ ഒരാൾക്കപാത്രം എടുക്കാനുണ്ടാവത്. ഇന്നത്തെ കാലം പണി എടുത്താ ഒന്നരയും രണ്ടൊക്കെകിട്ടുണ. പറഞ്ഞിട്ടെന്താ ഫലം. ഉദയം മുതലസ്തമാനംവരെ അങ്ങാടിയെങ്ങാം തെണ്ടിനടന്നോ. ഒരു മണി അരി ഇപ്പളത്തെ പീടികക്കാർ തിരില്ലെ. എന്തൊരു കാലാണ്ന്നൊ. ന്താ മോളെ, ഇപ്പളത്തെ യുത്തം മററുമെന്തായി. ന്നാള് പാറപ്പഞ്ഞാൻ പറേണേതു കേട്ടു നമ്മുടെ പക്ഷക്കാർക്ക്ന്ന്യാ ജയന്ന്. ന്നാള് ൻെറ കുഞ്ഞികൃഷ്ണ്നെൻെറ കത്തുണ്ടായിരുന്നു. അവനും എഴുതിയിരുന്നു ഞങ്ങളടുത്തു ജയിക്കുമെന്ന്.

തരുണി : കാര്യം അങ്ങിനെ തന്നെയാണ്. എവിടെ നോക്കിയാലും നമ്മുടെ കൂട്ടുകാരാണു ജയിക്കുകയെന്നു പറയണതു കേൾക്കുന്നുണ്ട്. ദൈവം സത്യസ്വരൂപനല്ലെ. സത്യവും, ധർമ്മവുമല്ലെ മുത്തശ്ശീ! ജയിക്കുക. ഇയ്യിടത്തെ കടലാസിലൊക്കെയും പരക്കെയുള്ള അഭിപ്രായം അതുതന്നെയാണ്. നമ്മുടെ പക്ഷക്കാർ ജയിച്ചാലല്ലെ നമുക്കു ഗുണമുള്ളു.

മുത്തശ്ശി : തീർച്ചയായിട്ടും ൻെറ മാലു കുട്ടി; അതൊന്നു പറയാനുണ്ടോ ? ന്നാ നമ്മുടെ കേമ്മേണ്ടിനെപോലെ ഇത്രക്കും സത്യം മാര്യാദയുമുള്ള ഒരു കേമ്മേണ്ടുണ്ടോന്ന മററാ അത്തേലെ കോന്തു നായർ പറേണതു കേട്ടു. ന്ന്-ഏതൊ ഒരാള് തമേരിക്കയിലൊ മററൊ മരിച്ചുപോയെന്ന്. ഢ് നാട്ടിന്നു വലിയ തോശാണെന്നും. അത് ൻെറ മാലു അറിഞ്ഞില്ലെ

മാലതി : അറിഞ്ഞു. അതു തമേരിക്കയില്ല. അമേരിക്കയാണ്. അവിടുത്തെ പ്രസിഡണ്ടു റൂസ്‌വെൽററാണ്. ഇന്നലത്തെ ഇംഗ്ലീഷ് കടലാസ്സിൽ വായിച്ചു അയാളുടെ വേർപാടു നമുക്കെല്ലാവർക്കും അല്ല രാജ്യമൊട്ടുക്കും ഒരു നഷ്ടമാണ് പററിയിരിക്കുന്നതു്. ആ മഹാൻെറ മരണം സർവ്വരാഷ്ട്രങ്ങളെയും ഒന്നു വിറപ്പിച്ചിരിക്കുന്നു. സകല ജനതയെയും ദുഃഖസാഗരത്തിലാഴ്ത്തിയുംകൊണ്ടാണ് ആ മഹാൻ ലോകം വെടിഞ്ഞതു്. അതും പെട്ടെന്ന്. ന്താ ചെയ്യുക. ദൈവവിധിയല്ലെ മുത്തശ്ശി.

മുത്തശ്ശി : ൻെറ മാലു, പാറൂനെ ഇനിയും കാണുന്നില്ലല്ലൊ. എന്നിക്കെന്തൊ ഒരു തളർച്ചയും മററുണ്ടാകണ്.

മാല : ന്താ മുത്തശ്ശീ, ഞാൻ വീട്ടിൽ പോയി നോക്കട്ടെ കഞ്ഞി ആയിരിക്കുന്നുവൊന്ന്.

(മാലതി വീട്ടിൽ പോയി ഒരു കിണ്ണത്തിൽ കഞ്ഞിയുമെടുത്തു വന്നു മുത്തശ്ശിക്കു കൊടുക്കുന്നു—മുത്തശ്ശി കഞ്ഞി കുടിച്ചുകൊണ്ടിരിക്കെ പാറു അമ്മ തലയിൽ അരിയും സാമാനങ്ങളും കെട്ടി ക്ഷീണിച്ചു അവശയായിവരുന്നു.)

മുത്തശ്ശി : ഹാവൂ; ദൈവേ.

പാറു അമ്മ : ന്താ മല്ലൂട്ടി, ഘ്, മുത്താശ്ശിക്കു കൊണ്ടെകൊടുത്തതു്.

മാലതി : ഞാനൊന്നും കൊണ്ടെകൊടുത്തില്ലെ പാറൂമ്മേ! അവക്കെന്തൊ ഒരു ക്ഷീണം പോലെ തോന്നി, ഞാൻ വീട്ടിൽ പോയി കുറച്ചുകഞ്ഞി കൊണ്ടെകൊടുത്തു. അത്രമാത്രം. മററു ഞങ്ങളും സാധുക്കളല്ലെ. നിങ്ങൾക്കെവിടുന്നാ അരി കിട്ടിയതു.

പാറു . ൻെറ കുട്ടി! അതൊന്നും പറയേണ്ട. ആ രാമുണ്ണി കുറപ്പില്ലെ, അയാളുടെ പീടെന്നാണ്. ഒരുറുപ്പികക്ക് ഒരു സേറാണത്രെ അരി. അയാളുടെ പീടീപോയിട്ടു വല്ല കോലൊത്താ മററാ പോയി നിന്നമാതിരി രാവിലെ ഏഴുമണിക്കു പോയ ഞാനാണിപ്പെഴ് നാലു സേറ് അരിയും ഒരുറുപ്പികയുടെ കറിയും വാങ്ങിട്ടു വരുന്നതു്. ൻെറ ഗുരുവായൂരപ്പാ! ഇചെററകളുടെ പീടേക്ക് തീയ്യ് വീഴണെ. പാവങ്ങടെ കഴുത്തിന്നു കത്തിയാണ് വെക്കണതു. ന്തൊരു കഷ്ടാണതു്. മടെ അധികാരിണ്ടായിരുന്നു അവിടെ. അയാൾ പറേണതു കേട്ടു വരുന്ന മാസം മുതലിച്ചു റേശൻ വരുന്നുവെന്നും പട്ടാളക്കാരുടെ കുടുംബങ്ങൾക്കു ജാസ്തി അരികൊടുക്കുമെന്നും പറഞ്ഞു.

മുത്തശ്ശി : ൻെറ ശ്രീ കൃഷ്ണാ! ഗുരുവായൂരപ്പാ! ഗുണായി വരട്ടെ.

(അടുത്ത വീട്ടിലെ ബീയ്യാത്തുമ്മ അവിടെ കയറിവരുന്നു.)

ബീയ്യാത്തു : ന്താണ് പാറുമ്മെ, ഒരു കെട്ടും മൂട്ടയുമൊക്കെ കാണേണതു്.

പാറു അമ്മ : ൻെറ ബിയ്യാത്തൊ, ഢ് അരിയാണ് ട്ടോ.

ബീയ്യാത്തു : ങ്ഹാ! ദെ വിടന്നാ കിട്ടിയതു് ?

പാറു : ആ രാവുണ്ണി കുറപ്പില്ലെ, അയാളെ പിടീന്ന്. ഒരുറുപ്പികക്കു ഒരു സേറാണ്.

ബീയ്യാത്തു : ൻെറ മമ്പറത്തങ്ങളേ! നിക്കെന്താ പ്രാന്തുണ്ടോ ? ൻെറ കാക്ക ന്നലെ ഏട്ടന്നോ ഒരുറുപ്പികക്ക് രണ്ടു സേർ അരിയല്ലെ കൊണ്ടാന്നതു്.

മാലതി : എന്താ നിങ്ങള് കേൾക്കുന്നുണ്ടോ. ഇതൊക്കെ ഒരു കാലം അമരും. ഇന്നിവർ ചെയ്യുന്ന ഈ അഴിമതികൾക്കൊക്കെയും നാളെ ഒരു വേംവഴി ഉണ്ടാവുന്നതാണ്. അതിന്നായിട്ടാരും ഉത്സാഹിച്ചുകാണുന്നില്ല. ദൈവം ഒരാൾമാത്രം ഇതിന്നു സമാധാനം ചോദിക്കും.

ബീയ്യാത്തു : ചിരിച്ചുകൊണ്ടു—അല്ലാ മ്മടെ മാലു കുട്ടിയല്ലെ ഢ്. തന്നോളം പോരുന്ന ഒരു പെണ്ണായല്ലൊ. മൊലേം തലേം ഒക്കെ വെന്നല്ലൊ. ഒരു നായരൊക്കെ ബരണ്ട കാലായില്ലെ, പാറുമ്മെ.

മാലതി : ചൊടിപ്പോടെ—ഓ! ബീയ്യാത്തു. നമ്മള് തമ്മിലിങ്ങു തെററും കേട്ടൊ. ഇവിടെ ഒന്നിനെപററി പറയുമ്പോൾ ണക്ക് മററൊന്നാണ് വിചാരം, അസത്ത്.

ബീയ്യാ : ഞാൻ പറേണത് തെററാ, ണക്ക് ഒരു നായരൊക്കെ ബേണ്ടെ. നീയ്യ് ഒരു പെണ്ണല്ലെ. ഇംഗ്ലീശൊക്കെ പടിച്ചോളല്ലെ, ണക്ക് ഒരു പട്ടാളക്കാരൻ ബരും കെട്ടാനായിട്ടു. ഘ് നോക്കിക്കൊ—മ്മടെ പാറുമ്മൻെറ മോൻ കുഞ്ഞികൃഷ്ണനാവുന്നതാണ് നല്ലതു്. ന്താ, മാലു.

(കുഞ്ഞികൃഷ്ണൻെറ പേരു കേട്ടപ്പോൾ ലജ്ജയോടെ അവൾ തല താഴ്ത്തി നില്ക്കുന്നു.)

ബീയ്യാത്തു : ന്നാലെൻെറ പാറുമ്മെ! അരിയും കറിയും അതങ്ങിനെ. കെട്ടാൻ തുണി കിട്ടണ കാര്യം അതെല്ലും സങ്കടം. ഞങ്കൊക്കെ ന്തെങ്കിലും കിട്ടിയാ മതില്ലാ-ഞമ്മൻെറ കുട്ടിക്ക് വളരെ ഇഷ്ടം ബള്ള തുണിയോടാണ്. അത് കിട്ടാനുണ്ടോ. അത് പോയിട്ടൊരു തട്ടം കിട്ടാനുണ്ടോ ? ന്നാളെൻെറ കെട്ടിയോൻ ആ പാച്ചുല്ലെ കണ്ടെറാൾ തുണിക്കാരൻ ഓൻെറ പീടിലു് മല്ല് തുണി ബന്നിട്ടുണ്ടെന്നറിഞ്ഞിട്ടു പോയി. അബിടെ ചെന്നപ്പോ ഓൻ പറഞ്ഞു 'അയ്യോൻെറ മാപ്പളെ, തീർന്നോയല്ലൊ.' ഇനി ബരട്ടെ. ബന്നാ തരാന്ന്. അയ്യാള് ആടന്നിങ്ങ്റങ്ങി അടുത്ത ചായ മക്കാനികേറി ഒരാപ്പ് കുടിക്കാൻ. അപ്പോ കണ്ടേക്കണ് ഒരു നീളം കാൽസറായിയും ബൂട്ട്സും തൊപ്പീം ബെച്ചീട്ടു ഒരു മനിച്ച്യൻ ആ തുണി പീടികയറി പോണതു. ഇയ്യാൾ തുറിച്ചു നോക്കികൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞു അര കെത്ത് മല്ലെടുത്തു കടലാസ്സി കെട്ടി അയ്യാക്ക് കൊടുത്തു. അയ്യാൾ അതും ബാങ്ങി പത്തുറുപ്പികയുടെ മൂന്നു കടലാസ്സെടുത്തു കൊടുത്തിട്ടയാളങ്ങു പോയി. കണ്ടോ ഢ് ഒല്ല കരിഞ്ചന്താന്ന് പറയണത്. ഇബെറെറകളെല്ലാം തീപ്പിടിച്ചു വെന്തുപോവൂല്ലെ. ഞമ്മക്കുണ്ടെലൊ പാറുമ്മെ, ബെള്ളത്തുണീന്നു ബെച്ചാൽ ബീണാ മരിച്ചേക്കും. പാലും പഞ്ചാരേംപോലെ മോരും ചോറുംമ്പോലെയാണ് ഞമ്മക്കി ബെള്ള തുണി. ന്താ കാട്ടാ. കാലം മാറീല്ലെ.

മാലതി : ഇതിനൊക്കെയും ഒരു പരിശാന്തി നമുക്കടുത്തുണ്ടാവുന്നതാണ്. യുദ്ധം ഇന്നു വിജയിക്കുവാൻ പോണു. ആ ദുഷ്ടനായ ജർമ്മനി തോററു. നോക്കു ബീയ്യാത്തു. ഈ രാജ്യവഞ്ചകരായ കൊള്ളക്കാർ, അതെ—നമ്മുടെ നാട്ടുകാരായ "നാടൻ നാസികൾ" അവർ ജപ്പാനെക്കാളും ജർമ്മനെക്കാളും ഭയപ്പെടേണ്ട കൊള്ളതലവന്മാരാണ്. അവരെ മൂർഖപാമ്പെക്കാൾ പേടിക്കണം. യുദ്ധാ വിജയിക്കുമ്പഴക്ക് ഈ നിശാചരവംശത്തെ തേടി പിടിച്ചു ശിക്ഷിച്ചല്ലാതെ ലോകത്തിൽ സമാധാനവും സ്വാതന്ത്ര്യവും നിലനിന്നുവരികയില്ല. ആയതിന്നായി സകല ജാതിമതസ്ഥരും ഒരുമയോടെ ഇറങ്ങി പ്രവൃത്തിക്കണം. എന്നാൽ മാത്രമെ നമുക്കു ഇനിമേലിലും സുഖമായി ജീവിക്കുവാൻ സാധിക്കൂ; അല്ലാത്തപക്ഷം നാം ഇവിടെ കിടന്നു ഇതിലും ഉപരിയായ നരകയാതന അനുഭവിക്കേണ്ടിവരും. അതിന്നു സംശയമില്ല. നാളെ നമ്മുടെ ആറാട്ടുപാടത്തുവെച്ചു ഇതിനെപ്പററി ഒരു മീററിങ്ങു കൂടുവാൻ തീർച്ചയാക്കീട്ടുണ്ട്. നാമെല്ലാവരും അതിൽ പങ്കുചേരുകയും ഈ വഞ്ചകന്മാരെ നിർദ്ദയമാംവണ്ണം നായാടി പിടിച്ചു നിയമത്തിൻെറ നിശിതഹസ്തങ്ങളിൽ പെടുത്തി അവരെ ശിക്ഷിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യേണ്ടതാണ്. അതിന്നായിട്ടു ഹിന്ദുമുസ്ലീം ക്രൈസ്തവഭേദമെന്യെ സകല സഹോദരകളും മുന്നിട്ടിറങ്ങി പ്രവൃത്തിക്കേണമെന്നാണ് എൻെറ അഭിപ്രായം. ന്താ ബീയ്യാത്തു എൻെറ ഒപ്പം വരില്ലെ. നീയും എന്നെപ്പോലെ കുറച്ചു പഠിപ്പും മററും ഉള്ളവളല്ലെ.

ബീയ്യാത്തു : വരേണ്ടതിന്നു മൊടക്കില്ലായിനി—പക്കെ, ഞാംഅൻെറ മതത്തിന്നു വിരോധാണ് ഞങ്ങ പെണ്ണുങ്ങൾ പൊറത്തിറങ്ങണതു്. അതു നീയ്യ് അറിയ്യെ. നിന്നെ പോലെ പഠിപ്പും മററും എനിക്കില്ല. പിന്നെ എങ്ങിനെയാണ് മാലൂ.

മാലു : ബീയ്യാത്തു, നീ ഒന്നോർക്കണം. എന്നെ പോലെ പഠിപ്പില്ലെന്നു നീ പറയരുതെ—ഞാൻ ഒരു പത്താം ക്ലാസിൽ പഠിച്ചവളാണെങ്കിലും ബീയ്യാത്തു ഇന്നു ഒരു എട്ടാം തരക്കാരിയാണ്. പിന്നെ നിങ്ങളുടെ സ്ത്രീകൾ പുറത്തിറങ്ങി നടക്കുന്നതു മതവിരോധമാണെന്നു പറഞ്ഞു. അതു ശരിതന്നെ. നിങ്ങൾ അങ്ങിനെ പുറത്തിറങ്ങി നടക്കരുതെന്നു എന്തു ഗ്രന്ഥത്തിലാണ് പ്രതിപാദിച്ചിട്ടുള്ളതു്. പട്ടിണിയെക്കാൾ : വലുതാണൊ ഈ തത്വം—നീയ്യൊന്നൊർക്കു. നാമിന്നു പുറത്തിറങ്ങുന്നതു മററൊരു തരത്തിലല്ല. രാജ്യത്തു സമാധാനവും നീതിബോധവുമുണ്ടായി തീരുവാനായി പരിശ്രമിക്കുവാനാണ്. കരിഞ്ചന്തക്കാർ, കൊള്ളക്കാർ, അമിതാദായക്കാർ, വഞ്ചകന്മാർ, ശത്രു ചാരന്മാർ, ഇവരെ തേടി പിടിച്ചു ന്യായമായ വഴിക്കു ജയിൽ ശിക്ഷ അനുഭവിപ്പിക്കുവാൻവേണ്ടിയാണ് നാം പുറത്തിറങ്ങുന്നതു്.

പാറു : ങ്ങള് കൊസറാക്കൊള്ളി ണ്ടാക്കണ്ട. കുട്ട്യോളെ.

ബീയ്യാത്തു : ന്താ, മാലു പറേണ പോലെ ഞങ്ങ നാളെ ബരാം. ഞാൻ പോണു. കാക്കാ ബരാനായി.

മാലു : ന്നാൽ ഞാനും പോണു. നമുക്കു പിന്നെ കാണാം. നമുക്കും ഒന്നു പുറത്തിറങ്ങി നോക്കുക. (പോകുന്നു.)

(ശുഭം)

# വിശ്വവിശ്രുതമായ ബ്രിട്ടീഷ് നാവികസേന

ബ്രിട്ടീഷ് നാവികസേനയുടെ വീരപരാക്രമങ്ങൾ പരക്കെ അറിവുള്ളതാണ്. എന്നാൽ ഈ യുദ്ധത്തെപ്പോലെ അവയെ മറെറാരു ദശയും ദർശിച്ചിട്ടില്ല. ആ ചരിത്രം ഇനിയും എഴുതപ്പെട്ടുകഴിഞ്ഞിട്ടില്ല. നിരാശതയും ഉൽക്കണ്ഠയും കലന്ന കാലഘട്ടങ്ങളിൽക്കൂടി ബ്രി. നാവികസേന കാണിച്ച സഹിരോത്സാഹവും, ഉന്മേഷവും പ്രസ്താവയോഗ്യമാണ്.

ബ്രിട്ടന്റെ നാവികസേന പരാജിതമായിരുന്നെങ്കിൽ ഹിററ്ലക്കു ഇന്നത്തെ വിധി വരുമായിരുന്നുവോ?

ഫ്രാൻസിന്റെ വീഴ്ചക്കുശേഷം, ഇററലി മദ്ധ്യധരണ്യാഴിയിലെ യജമാനനായിത്തീർന്നതിന്നുശേഷം, ബ്രിട്ടനെ ആക്രമിക്കാൻ ജർമ്മൻകാർക്കു ധൈര്യം വന്നില്ല. അതിന്നു കാരണം ബ്രിട്ടീഷ് സേനയെപ്പററിയുള്ള അവരുടെ ഭയമാണ്. അതു ഈയിടെ ഒരു ജർമ്മൻ വക്താവ് പറയുകയുണ്ടായി.

ഹിററ്ലർ ബ്രിട്ടനെ ആക്രമിച്ചു പിടിച്ചിരുന്നുവെങ്കിൽ ഇന്നു യുദ്ധഗതി തികച്ചും മാറിയിരുന്നേനേ! യൂറോപ്പിനെ ആക്രമിക്കുന്നതിന്നുള്ള ഒരു താവളം ഇല്ലാതെ പോയിരുന്നു.

ഫ്രാൻസ് യുദ്ധത്തിൽനിന്നു ഒഴിയുകയും, ഇററലി ചേരുകയും ചെയ്തപ്പോൾ മദ്ധ്യധരണിക്കടലിൽനിന്നു ബ്രിട്ടീഷ് നാവിയെ പുറത്താക്കാമെന്നു ജർമ്മനി വിചാരിച്ചു. അതേ അവസരത്തിൽ യൂബോട്ടുകൾകൊണ്ടു ജർമ്മനിക്കു അവയെ ഉപദ്രവിക്കാനും സാധിക്കും. മാത്രമല്ല ബ്രി. തുറമുഖങ്ങളൊക്കെ ബോംബിട്ടു തകർക്കുകയെന്നതും ജർമ്മനി നിർദ്ദേശിച്ചുറച്ച ഒരു പ്ലാനായിരുന്നു.

വെറും ധീരതയും, ദൃഢനിശ്ചയവും, ശാസ്ത്രീയമനോഭാവവുമാണ് ബ്രി. നാവികസേനയെ ശത്രുവിനെ എതിരിടുന്നതിന്നും അവന്റെ കുതന്ത്രങ്ങളെ പരാജയപ്പെടുത്തുന്നതിന്നും പ്രാപ്തമാക്കിയതു്. യൂബോട്ടുകളെ അവർ കുന്നിയും കൂസിയില്ല. ജർമ്മൻ യുദ്ധക്കപ്പലുകളെ ബ്രി. യുദ്ധക്കപ്പലുകൾ അഭിമുഖീകരിച്ചു. പൈശാചികമായ മൈൻ പ്രയോഗത്തെ തോല്പിക്കുന്നതിന്നുള്ള ശ്രമത്തിൽ പല ബ്രി. ശാസ്ത്രകാരന്മാരും ജീവത്യാഗം ചെയ്തു.

ജർമ്മൻകാർക്കു അവരുടെ 'ഗ്രാഫ്സ്പീ' എന്ന യുദ്ധക്കപ്പൽ നഷ്ടപ്പെട്ടു. നോർത്ത് അത്ലാന്തിക്കിൽവെച്ചു് 'ബിസ്മാർക്ക്' അവർക്കു നഷ്ടമായി. ഇതു് ഉണ്ടാവില്ലെന്നായിരുന്നു ഹിററ്ലർ ഉദ്ദേശിച്ചിരുന്നതു്. ജർമ്മൻ വിമാനങ്ങൾ ബ്രി. തുറമുഖങ്ങളിലും, കപ്പലുകളിലും ഭീഷണിപ്പെടുത്തുന്ന ലഘുലേഖകൾ വിതരണം ചെയ്തു. പക്ഷെ അവയെല്ലാം ധീരന്മാരായ നാവികന്മാർ പുച്ഛത്തോടെ പരിത്യജിച്ചു.

ബ്രിട്ടൻ തനിച്ചു മാത്രമായിരുന്ന അക്കാലത്തെ ഈ ധീരതയാണ് ഐക്യരാഷ്ട്രങ്ങളുടെ ഇന്നത്തെ വിജയത്തിന്നു അടിസ്ഥാനമിട്ടതു്.

യു.എസ്സ്.എ.യുടെ വമ്പിച്ച വിഭവസമൃദ്ധികളും സാമഗ്രികളും എങ്ങിനെയാണ് യുദ്ധഗതിയെ മാററിയതെന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തും. എന്നാൽ അതേമാതിരിത്തന്നെ, ബ്രി. കപ്പലുകൾ, ശത്രുവെ ഭയന്നു കടലിൽ പ്രവേശിക്കാതിരുന്നപക്ഷം, അമേരിക്കൻ സാമാനങ്ങൾ അവിടെത്തന്നെയിരിക്കുകയേയുള്ളുവെന്ന വാസ്തവവും ചരിത്രകാരൻ രേഖപ്പെടുത്തും. പക്ഷെ ഇതിന്നുചെയ്ത ത്യാഗങ്ങളും ചില്ലറയല്ല. ബ്രിട്ടന്നു 600 യുദ്ധക്കപ്പലുകൾ നഷ്ടമായി. ഇതുകൂടാതെ ആയിരമായിരം ധീരാഗ്രഗണ്യരായ നാവികഭടന്മാരും. പക്ഷെ ഇന്നു നേടിയ നേട്ടങ്ങളെ നോക്കുമ്പോൾ ആ ത്യാഗങ്ങൾ എത്രമേൽ വമ്പിച്ചതായാലും സാരമില്ല.

# ചെകുത്താൻ

(എം. ജി. ഹാരീസ്)

ആയാൾ ഒരു ലോകസാമ്രാജ്യം സൃഷ്ടിക്കാൻ ശ്രമിച്ചു. അഥവാ ആയാളുടെ സ്വന്തഭാഷയിൽപ്പറഞ്ഞാൽ ജർമ്മൻകാർക്കു ജീവിക്കാൻ സ്ഥലമന്വേഷിച്ചു നടന്നു. ആയാൾ ലോകത്തെങ്ങും ഭ്രാന്തിന്റെ വിത്തുകൾ വിതച്ചു; അടിമത്തത്തിന്റെ കാഹളമൂതി; ക്രൂരത, വഞ്ചന, ദ്രോഹം ഇവയുടെ മൂർത്തീകരണമായിരുന്നു ആ മനുഷ്യൻ.

ആയാൾ കാററു വിതച്ചു; പക്ഷെ അതു ചുഴലിക്കാററായി. ആ ചുഴലിക്കാററിൽ—ജനകീയസമരത്തിന്റെ പ്രചണ്ഡമാരുതനിൽ—ഒരു കരിയില പോലെ നോർഡിക് ആര്യൻ പറന്നുപോയി!

ചരിത്രത്തിലെങ്ങു തപ്പിയാലും ആയാൾക്കു ഒരുപമ കിട്ടുകയില്ല. ചെങ്കിസ്ഖാൻ, താമർലേൻ, കൈസർ ഇവരെല്ലാംതന്നെ ഹിററ്ലരുടെ മുമ്പിൽ വെറും പിഗ്മികളാണ്.

നാസിസത്തെപ്പോലെ അത്ര നരകം പിടിച്ച നശീകരണപരമായ ഒരു വ്യവസ്ഥയും തത്വശാസ്ത്രവും ലോകത്തിൽ ഇതിന്നു മുമ്പുണ്ടായിട്ടില്ല. മദ്ധ്യകാലത്തെ ആ ഇരുണ്ട ദശകൾ നാസിവാഴ്ചയുടെ മുമ്പിൽ തുച്ഛവും ഉജ്ജ്വലവുമാണ്.

ഹിററ്ലർ! ആ പേരു കേൾക്കുമ്പോൾ അവജ്ഞയും അവനിന്ദയും തോന്നുന്നു. എന്തോന്നില്ലാത്ത ഒരു വെറുപ്പ്, കടുത്ത വിദ്വേഷം, മനം പുരട്ടിക്കുന്ന ഒരു മനോഭാവം!

നാസിസം, ആ പേർ നമ്മുടെ നെററി ചുളിപ്പിക്കുന്നു. ലക്ഷലക്ഷക്കണക്കിലുള്ള അശരണരും അശക്തരുമായ ജനതകളുടെ തേങ്ങലുകൾ നാം കേൾക്കുന്നു. ഇതെല്ലാം കണ്ടു പൊട്ടിച്ചിരിക്കുന്ന യമകിങ്കരന്മാരെപ്പോലെ നിൽക്കുന്ന ഗസ്റ്റപ്പോ ഭടന്മാരെ കൺമുന്നിൽക്കാണുന്നു. ശവങ്ങൾ, അസ്ഥിക്കൂടങ്ങൾ, രക്തക്കളങ്ങൾ, അടിമത്തം, അജ്ഞത, അന്ധവിശ്വാസം, ദ്രോഹം ഇവയിന്മേൽ പടുത്തുറപ്പിച്ച ഒരു നിഷ്ഠുരരീതിയാണു നാസിസം. അതിന്റെ ഉൽഘാടകനാണു ഹിററ്ലർ.

സഖ്യശക്തികളുടെ സൈനികബലത്തിന്നു നന്ദിപറയുക, ആ ദുഷിച്ചു നാറിയ നാസിസം അതാ നശിക്കുന്നു. മേലിൽ അതിന്റെ ചീഞ്ഞളിഞ്ഞ ദുർഗ്ഗന്ധം മനുഷ്യജനതയെ ശ്വാസം മുട്ടിക്കുകയില്ല.

ഹിററ്ലർ യുഗം, അതവസാനിച്ചു; ഇങ്ങിനി വരാതവണ്ണം പോയ് മറഞ്ഞു.

അതിലെല്ലാംവെച്ചു പ്രധാനകരമായ സംഗതി തന്റെ അധഃപതനം കാണുന്നവരെയും ആയാൾ ജീവിച്ചു.

ഹിററ്ലർ മരിച്ചുവോ? ജർമ്മൻ റേഡിയോ അങ്ങിനെ പറഞ്ഞു. അഡ്മിറൽ ഡോനററ്സ് പറഞ്ഞു. ആയാൾ ചത്താലും ഇല്ലെങ്കിലും ശരി, ആയാളുടെ കാട്ടാളസമ്പ്രദായം തകർന്നുകഴിഞ്ഞു.

* * *

1889 ഏപ്രിൽ 20-ാംനു ആസ്ത്രിയയിലെ ബ്രൊനൊ എന്ന നഗരത്തിലാണ് ഹിററ്ലർ പിറന്നതു്. ആയാളുടെ മാതാപിതാക്കന്മാർ ദരിദ്രരായിരുന്നു. ചെറുപ്പത്തിൽത്തന്നെ ഒരു താന്തോന്നിയായിരുന്നതിനാൽ പിതൃവിദ്വേഷം ആയാൾ സമ്പാദിച്ചു. അച്ഛൻ മരിച്ചപ്പോൾ ഹിററ്ലർ വിയന്നയിലേക്കു പോയി. അവിടെ ആയാൾ ഒരു ചായംതേപ്പുകാരനായും, യാചകനായും മററും കഴിഞ്ഞുകൂടി. 1914 ൽ ബവേറിയൻ സേനയിൽ ആയാൾ ചേർന്നു. രക്തച്ചൊരിച്ചലിനെ ആയാൾ പാടിപ്പുകഴ്ത്തിയതായി ഹിററ്ലരുടെ മേലുദ്യോഗസ്ഥന്മാർ പറഞ്ഞിട്ടുണ്ടു്. പക്ഷെ 'മാനസികമായ ദൃഢത' യില്ലാത്തതിനാൽ ആയാൾക്കു സൈനികജോലിയിൽ കയററം കിട്ടിയില്ല.

യുദ്ധത്തിന്നുശേഷം ആയാൾ തന്റെ ദേശീയാഭിപ്രായങ്ങളെ പരത്താൻ ശ്രമിച്ചു. നാസികക്ഷി രൂപീകരിച്ചു. 1923 മുതൽ നാസികക്ഷി ശക്തിപ്പെടാൻ തുടങ്ങി. ഭരണക്കൂടം ഇടിയാൻ തുടങ്ങിയപ്പോഴേക്കും അതു ഒരു വലിയ കക്ഷിയായി. പണക്കാർ നാസി കക്ഷിയെ സഹായിച്ചു. 1932 ൽ നാസി കക്ഷിക്കു ജർമ്മൻ പാർലിമെണ്ടിൽ 107 സ്ഥാനങ്ങൾ കിട്ടി.

ഫീൽഡ് മാർഷൽ ഹിണ്ടൻബർഗ്ഗിന്നെതിരായി പ്രസിഡെണ്ടു സ്ഥാനത്തേക്കു നിൽക്കണമെന്ന ഉദ്ദേശത്തോടെ ഹിററ്ലർ ഒരു ജർമ്മൻ പൌരനായി. ആയാൾക്കു 110 ലക്ഷം വോട്ടു കിട്ടി—ആകെയുള്ളതിന്റെ 40 ശതമാനം. കുതന്ത്രങ്ങൾകൊണ്ടും അക്രമങ്ങൾകൊണ്ടും ആയാൾ ഹിണ്ടൻബർഗ്ഗിന്റെ മന്ത്രിസഭയിൽ കടന്നുകൂടി 1933 ൽ ജർമ്മനിയിലെ ചാൻസലറായി.

അതോടുകൂടി, ജർമ്മനിയുടേയും, ലോകത്തിന്റെയും, ദുർദ്ദശയും വന്നുകൂടി. യുദ്ധമായിരുന്നു ഹിററ്ലരുടെ മുദ്രാവാക്യം. ആയാൾ എല്ലാം യുദ്ധത്തിന്നു വേണ്ടി ഉപയോഗിച്ചു. അതിന്നുശേഷം തന്റെ പട്ടാളത്തെ അന്യനാടുകളെ ആക്രമിക്കുന്നതിന്നയച്ചു. ജർമ്മനിയോളംതന്നെ യുദ്ധസന്നദ്ധമല്ലാത്ത രാജ്യങ്ങൾ ഹിററ്ലരുടെ മർദ്ദനനയത്തിന്നു കീഴടങ്ങേണ്ടിവന്നു. ആസ്ത്രിയ, ചെക്കോസ്ലൊവാക്യ, പോളണ്ട്, ഡൻമാർക്ക്, നോർവ്വേ, ബൽജിയം, ഹോളണ്ട്, ഫ്രാൻസ്, റുമേനിയ, യൂഗോസ്ലാവ്യ, ഗ്രീസ്, ബൾഗേറിയ, ഹങ്കറി—എന്തിനധികം? ഹിററ്ലർ യൂറോപ്പിന്റെ യജമാനനായി. തന്റെ യൂറോപ്യൻ കോട്ട അഭേദ്യമാണെന്നു ആയാൾ വൊങ്ങച്ചം പറയാൻ തുടങ്ങി. തന്റെ ലോകാധിപത്യശ്രമം ഒട്ടുമുക്കാലും വിജയിക്കുന്നതായി ഹിററ്ലർ കണ്ടു. എന്നാൽ സോവിയററു റഷ്യയെ ആക്രമിച്ചപ്പോൾ ഹിററ്ലർക്കും അല്പമൊരു ചഞ്ചലിപ്പുണ്ടായി. സ്റ്റാലിൻഗ്രാഡിലെ പരാജയം നാസികളെ ഇരുത്തി ചിന്തിപ്പിച്ചു. ഹിററ്ലർ കൊട്ടിഘോഷിച്ചു: "ഞങ്ങൾ ഒരിക്കലും കീഴടങ്ങുകയില്ല." പക്ഷെ അതിന്നുശേഷം നാസിസേനകൾ കീഴടങ്ങാൻ തന്നെ തുടങ്ങി. വടക്കെ ആഫ്രിക്കയിലും, സോവിയററു യൂനിയനിലും ജർമ്മൻ സേനകൾ തോററു തുലഞ്ഞു.

ജനങ്ങളെ ഹിററ്ലർക്കെപ്പോഴും ഭയമായിരുന്നു. അതിനാൽ തന്റെ പാർപ്പിടം എപ്പോഴും കാവൽക്കാരരെ നിർത്തി ആയാൾ രക്ഷിച്ചിരുന്നു. മാത്രമല്ല ജർമ്മനിയിലെങ്ങും ഹിററ്ലരുടെ നേതൃത്വത്തിൽ ഗസ്റ്റാപ്പോ എന്ന ഒരു കിങ്കരവർഗ്ഗത്തെ രൂപീകരിച്ചു. പക്ഷെ എന്നിട്ടും യുദ്ധം തുടങ്ങിയതിന്നുശേഷം രണ്ടു പ്രാവശ്യം ഹിററ്ലരെ വധിക്കുന്നതിന്നുള്ള ശ്രമങ്ങൾ ഉണ്ടായി.

1944 ജൂൺ 6-ാംനു സഖ്യസേനകൾ പടിഞ്ഞാറുനിന്നു ആക്രമിച്ചു. നാസികളുടെ പിടിയിൽനിന്നു നാടുകളോരോന്നും സ്വതന്ത്രമായി. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും കുതിച്ചടുക്കുന്ന സേനകളോടെതിരിടാൻ കഴിയാതെ ജർമ്മൻകാർ കീടങ്ങി.

ഹിററ്ലരെവിടെ? മരിച്ചുവോ? ആളുകൾ ഇന്നും വ്യക്തമായൊന്നും പറയുന്നില്ല.

"ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്നതാണ് മൂപ്പരുടെ നില.

"ചത്താലും ചാവില്ല തിരുവാഴിത്താൻ" എന്നൊരു പഴഞ്ചൊല്ലുണ്ടു്. അഡോൾഫ് ഹിററ്ലരുടെ മരണത്തിന്നുശേഷവും ഈ മാതിരി ഒരു പുതിയ പഴഞ്ചൊല്ലുണ്ടാകാൻ സമ്മതിക്കരുതു്. ഹിററ്ലർ മരിച്ചിട്ടും, ഹിററ്ലറിസം ജീവിച്ചുകൂടാ.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.